# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

2022 ജൂലൈ 21 | ദീപം 55 | നാളം 20 | Published from : PALA | പേജ് 16 | വില 6 രൂപ | www.deepanalam.org


# ചരിത്രമെഴുതിയ ചാവറയച്ചൻ ചരിത്രത്തിലില്ലെന്നോ?

■ പ്രഫ. റോണി കെ. ബേബി



ഏഴാം ക്ലാസിലെ കേരളപാഠാവലി നവോത്ഥാന ചരിത്രത്തിൽനിന്ന് കേരളത്തിന്റെ നവോത്ഥാനരാജശില്പിയായ വിശുദ്ധ ചാവറ കുര്യാക്കോസ് ഏലിയാസച്ചനെ ബോധപൂർവം ഒഴിവാക്കിയ കേരള വിദ്യാഭ്യാസവകുപ്പിന്റെ കീഴിലുള്ള സ്റ്റേറ്റ് എജ്യുക്കേഷണൽ റിസർച്ച് ആൻഡ് ട്രെയിനിങ് (എസ്സിഇആർടി) വിദഗ്ധസമിതിയുടെ നടപടി അത്യന്തം പ്രതിഷേധാർഹമാണ്. കേരളത്തിൽ സമീപകാലത്തായി ക്രൈസ്തവവിഭാഗത്തോടു പുലർത്തുന്ന അവഗണനയുടെ ബോധപൂർവമായ തുടർച്ചയായി മാത്രമേ ഈ നടപടിയെ കാണാൻ സാധിക്കൂ.

കേരളത്തിലെ നവോത്ഥാന പ്രക്രിയയ്ക്കു നേതൃത്വം നൽകിയ പ്രമുഖരിലൊരാളാണ് വിശുദ്ധ ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ. ജാതീയവ്യവസ്ഥയിൽ നട്ടംതിരിഞ്ഞ കേരളസമൂഹത്തിൽ ഓരോ വ്യക്തിയെയും മനുഷ്യനായിക്കണ്ട് എല്ലാവർക്കും വിദ്യാഭ്യാസം ഉറപ്പുവരുത്തുന്നതിന് പള്ളിയോടൊപ്പം പള്ളിക്കൂടം എന്ന ആഹ്വാനത്തിലൂടെ നാട്ടിലെ വിദ്യാഭ്യാസചരിത്രത്തിനു പുതിയ മാനം നൽകി അദ്ദേഹം. ജാതീയമായ അസ്പൃശ്യതകളും അനാചാരങ്ങളും കേരളത്തെ ഭ്രാന്താലയമാക്കിയിരുന്ന 1805 കാലഘട്ടത്തിൽ ജനിച്ച ചാവറയച്ചൻ വിദ്യാഭ്യാസമുന്നേറ്റത്തിലൂടെ ആധുനികനവോത്ഥാനത്തിന് തിരുവിതാംകൂറിൽ തുടക്കമിട്ടു. ചാവറയച്ചൻ വെട്ടിത്തുറന്ന പാതയിലൂടെയാണ് നവോത്ഥാനനായകരായ ശ്രീനാരായണഗുരു, ചട്ടമ്പിസ്വാമികൾ, വൈകുണ്ഠസ്വാമികൾ, പൊയ്കയിൽ ശ്രീ കുമാരഗുരുദേവൻ, അയ്യൻകാളി, പണ്ഡിറ്റ് കെ.പി. കറുപ്പൻ, വക്കം അബ്ദുൾഖാദർ മൗലവി, വാഗ്ഭടാനന്ദൻ, വി. ടി. ഭട്ടതിരിപ്പാട്, മന്നത്ത് പദ്മനാഭൻ തുടങ്ങിയ ചരിത്രപുരുഷന്മാർ നവോത്ഥാനകേരളത്തെ കെട്ടിപ്പടുത്തത്.

പുരോഹിതവൃത്തിയോടൊപ്പം സാമൂഹിക പ്രവർത്തനങ്ങളും കൈകാര്യം ചെയ്ത ചാവറയച്ചൻ അറിയപ്പെടുന്ന ഒരു വിദ്യാഭ്യാസപ്രവർത്തകൻകൂടിയായിരുന്നു. ജാതിമതചിന്തകൾക്കെതിരേ പ്രവർത്തിക്കുകയും പാവപ്പെട്ട ദളിത്‌വിദ്യാർത്ഥികൾക്കു സൗജന്യഭക്ഷണം നൽകുകയും ചെയ്തുകൊണ്ട് ഒരു നിശ്ശബ്ദവിപ്ലവംതന്നെ അദ്ദേഹം തിരുവിതാംകൂറിൽ അഴിച്ചുവിട്ടു. ജാതിയുടെയും മതത്തിന്റെയും പേരിൽ അസമത്വം നിലനിന്നിരുന്ന അക്കാലത്ത് പുരോഹിതന്മാരുടെ ഭാഗത്തുനിന്ന് ഇത്തരം സേവനപ്രവർത്തനങ്ങൾ അപൂർവമായിരുന്നു. 1846 ൽ മാന്നാനത്ത് സംസ്കൃതവിദ്യാലയവും തുരുത്തിമാലിയിലും ആർപ്പൂക്കരയിലും കീഴാളവിഭാഗത്തിലെ കുട്ടികൾക്കായി പ്രൈമറിവിദ്യാലയവും ആരംഭിച്ച ചാവറയച്ചൻ ഈ വിദ്യാലയങ്ങളിൽ ജാതിഭേദമില്ലാതെ വിദ്യാർത്ഥികൾക്കു പ്രവേശനം ഉറപ്പുവരുത്തി. നിർധനവിദ്യാർത്ഥികൾക്കായി ഉച്ചഭക്ഷണം ഉൾപ്പെടെ നൽകിക്കൊണ്ടാണ് ചാവറയച്ചൻ വളരെയേറെ ബുദ്ധിമുട്ടുകൾ സഹിച്ച് ഈ വിദ്യാലങ്ങൾ മുമ്പോട്ടു കൊണ്ടുപോയത്.

1864 ൽ കേരളകത്തോലിക്കാസഭയുടെ വികാരി ജനറാളായിരിക്കെയാണ് പള്ളിയോടു ചേർന്ന് നിർബന്ധമായും പള്ളിക്കൂടം സ്ഥാപിക്കണമെന്ന ആഹ്വാനവുമായി ചാവറയച്ചൻ രംഗത്തുവരുന്നത്. കേരളനവോത്ഥാനചരിത്രത്തിലെ 'മാഗ്നാ കാർട്ട' എന്നാണ് ഈ ആഹ്വാനത്തെ വിശേഷിപ്പിക്കുന്നത്. ഇതു പിന്നീട് പള്ളിക്കൂടം എന്ന വാക്കിന്റെ ഉദ്ഭവത്തിനു കാരണമായി. എല്ലാ ഇടവകകളിലും വിദ്യാഭ്യാസസ്ഥാപനങ്ങൾ തുറക്കുന്നതിനും ജാതിമതഭേദമെന്യേ എല്ലാവർക്കും വിദ്യാഭ്യാസം ലഭ്യമാക്കുന്നതിനും അദ്ദേഹം അക്ഷീണം പരിശ്രമിച്ചു. പുതിയ പള്ളികൾ നിർമിക്കുമ്പോൾ ഒപ്പം എല്ലാത്തരം ജനങ്ങൾക്കും പ്രവേശനമുള്ള സ്കൂളുകൾ വേണമെന്നും അല്ലാത്തപക്ഷം പള്ളികൾക്ക് അനുവാദം നൽകില്ലെന്നും അദ്ദേഹം ശഠിച്ചു. 'കണ്ണില്ലാത്തവർ കുരുടന്മാരായിരിക്കുന്നതുപോലെ പഠിത്തമില്ലാത്തവർ ജ്ഞാനക്കുരുടന്മാരാകുന്നു' എന്ന് അദ്ദേഹം ഇടവകവൈദികർക്കു കത്തെഴുതി. പാവപ്പെട്ട വിദ്യാർത്ഥികൾക്കു സ്കൂളുകളിൽ ഉച്ചക്കഞ്ഞി നൽകാൻ അദ്ദേഹം കണ്ടെത്തിയ മാർഗമായിരുന്നു പിടിയരിസമ്പ്രദായം. ഓരോ നേരവും ഭക്ഷണത്തിനുള്ള അരി അളന്നു പാത്രത്തിലിടുമ്പോൾ ഒരു പിടി മറ്റൊരു പാത്രത്തിലിട്ടു സൂക്ഷിച്ചുവയ്ക്കാൻ ചാവറയച്ചൻ ജനങ്ങളെ ആഹ്വാനം ചെയ്തു. ആഴ്ചയുടെ അവസാനം ഈ അരി ആശ്രമത്തിൽ എത്തിച്ച് പാവപ്പെട്ട വിദ്യാർത്ഥികൾക്കു നൽകി.

1868 ൽ അദ്ദേഹത്തിന്റെ നേതൃത്വത്തിൽ സ്ഥാപിച്ച തൊഴിൽപഠനകേന്ദ്രം ആദ്യത്തെ പെൺപള്ളിക്കൂടമായി മാറി. കേരളത്തിൽ സ്ത്രീകളുടെ സാർവത്രിക വിദ്യാഭ്യാസം തുടങ്ങുന്നത് അവിടെയാണ്. 1846 ൽ മാന്നാനത്ത് സ്വകാര്യ ഉടമസ്ഥതയിൽ കേരളത്തിലാദ്യമായി അച്ചടിശാലയും പ്രസിദ്ധീകരണകേന്ദ്രവും സ്ഥാപിച്ചത് ചാവറയച്ചനാണ്. ഈ അച്ചടിശാലയിൽനിന്നു മാസികയായി 'നസ്രാണിദീപിക'യും പിൽക്കാലത്ത് വാരികയായി 'ദീപികയും' അതിനുശേഷം അതേ പേരിൽ ദിനപത്രവും ആരംഭിച്ചു. വായനശാലയും തുടങ്ങി. കേരളനവോത്ഥാനത്തിൽ ഇംഗ്ലീഷ് വിദ്യാഭ്യാസം, അച്ചടി, പത്രമാധ്യമങ്ങൾ തുടങ്ങിയവ നിർണായകപങ്കുവഹിക്കാൻകാരണം ചാവറയച്ചന്റെ ഇടപെടലുകളാണ്. 'നിരവധി സമുദായപരിഷ്കരണപരിപാടികൾ ആദ്യമായി ആവിഷ്കരിച്ചു വിജയത്തിലെത്തിച്ച മധ്യതിരുവിതാംകൂറിലെ സന്ന്യാസിശ്രേഷ്ഠനായിരുന്നു ചാവറയച്ചൻ എന്ന പാതിരി' എന്ന് പ്രഫ. എം.കെ. സാനു 'ജീവിതംതന്നെ സന്ദേശം' എന്ന ചാവറയച്ചനെക്കുറിച്ചുള്ള ജീവചരിത്രഗ്രന്ഥത്തിൽ അനുസ്മരിച്ചിട്ടുള്ളതു ശ്രദ്ധേയമാണ്. ചാവറയച്ചൻ സ്ഥാപിച്ച അഗതിമന്ദിരങ്ങളിൽനിന്നാണ് മദർ തെരേസായ്ക്ക് ആശയം കിട്ടിയത് എന്ന് പ്രൊഫ എം.കെ. സാനു പുസ്തകത്തിൽ അനുസ്മരിക്കുന്നുണ്ട്.

പള്ളിക്കൂടം, ആശ്രമം, അച്ചടിശാല, തൊഴിൽപരിശീലനകേന്ദ്രം, സഹകരണസംഘം, സ്ത്രീവിദ്യാഭ്യാസം, ദളിതർക്ക് സ്കൂൾ, ബോർഡിങ്, അഗതിമന്ദിരം എന്നിങ്ങനെ എത്രയോ കാര്യങ്ങൾ ചാവറയച്ചന്റെ നിരന്തരമായ ഇടപെടലുകൾവഴി ഉണ്ടായി എന്ന് എടുത്തുപറയേണ്ടിയിരിക്കുന്നു. മലയാളിയെക്കുറിച്ചു മലയാളി എഴുതിയ ആദ്യജീവചരിത്രം (പാലയ്ക്കൽ തോമാക്കത്തനാരുടെ ജീവചരിത്രം), മലയാളത്തിലെ ആദ്യഖണ്ഡകാവ്യം (അനസ്താസ്യയുടെ രക്തസാക്ഷ്യം), ഇന്ത്യയിലെതന്നെ ആദ്യനാടകശ്രമങ്ങളായി വിലയിരുത്തപ്പെടുന്ന ഇടയനാടകങ്ങൾ എന്നിവയടക്കം നിരവധി കൃതികൾ അദ്ദേഹം രചിച്ചു. സാഹിത്യത്തിലും പ്രാർത്ഥനകളിലും അദ്ദേഹം നടത്തിയ ആദ്യകാലശ്രമങ്ങൾ ശ്രദ്ധേയമാണ്.

ചാവറയച്ചനുമുമ്പ് കേരളത്തിൽ നവോത്ഥാന ചരിത്രം ഇല്ലെന്നുതന്നെ പറയേണ്ടിയിരിക്കുന്നു. ആധുനികകേരളനവോത്ഥാനത്തിന്റെ പിതാവ് ആരാണ് എന്ന ചോദ്യത്തിന് ഒരേയൊരു ഉത്തരമേയുള്ളൂ. അത് വിശുദ്ധ ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ തന്നെയാണ്. ദളിതർ, ദരിദ്രർ, സ്ത്രീകൾ എന്നിവരെ പ്രത്യേകമായ കരുതലോടെ സമൂഹത്തിന്റെ മുൻനിരയിലേക്കു കൊണ്ടുവന്നയാളാണ് ചാവറയച്ചനെന്നു ചരിത്രം ഉറപ്പിക്കുന്നു. അടിമസമ്പ്രദായവും അയിത്തവും അന്ധവിശ്വാസവും കൊടികുത്തിവാണിരുന്ന കേരളമണ്ണിൽ വിദ്യാഭ്യാസവിപ്ലവത്തിലൂടെ മാറ്റത്തിന്റെ ശംഖൊലി മുഴക്കിയ ചാവറയച്ചനെ നവോത്ഥാനനായകരുടെ പട്ടികയിൽനിന്ന് ഒഴിവാക്കിയ കേരള സ്റ്റേറ്റ് എജ്യുക്കേഷണൽ റിസർച്ച് ആൻഡ് ട്രെയിനിങ് വിദഗ്ധസമിതിയുടെ തീരുമാനം പ്രതിഷേധാർഹമാണ്. ■

# വല്യപ്പനെയും വല്യമ്മയെയും ആവശ്യമുണ്ട്!




■ വീയെൻ

പ്രണയിച്ചു വിവാഹം കഴിച്ചതിന്റെപേരിൽ വീടുവിടേണ്ടിവന്ന അമ്മയുടെ വീട്ടിലേക്ക് ഒരു പ്രത്യേക സാഹചര്യത്തിൽ ഗേളി എന്ന പെൺകുട്ടി ബോംബെയിൽനിന്നെത്തുന്നു. വീട്ടിൽ കുഞ്ഞന്നാമ്മ എന്ന തന്റെ വല്യമ്മച്ചി മാത്രമേയുള്ളൂവെന്നു മനസ്സിലാക്കിക്കൊണ്ടു തന്നെയാണ് അവളുടെ വരവ്. തന്റെ അമ്മമൂലം അറ്റുപോയ രക്തബന്ധങ്ങളെ കൂട്ടിയോജിപ്പിക്കുക എന്നതാണ് അവളുടെ ലക്ഷ്യം. മകൾ പോയതോടെ പരിത്യക്താവസ്ഥയിലേക്കും തികഞ്ഞ ഒറ്റപ്പെടലിലേക്കും ജീവിതം വഴിപിരിഞ്ഞ, പുറമേക്കു കാർക്കശ്യക്കാരിയും സ്നേഹമില്ലാത്തവളുമായി തോന്നുന്ന കുഞ്ഞന്നാമ്മയുടെ ആത്മാവിന്റെ സ്നിഗ്ധതലങ്ങളെ ഗേളി തൊട്ടുണർത്തുകയും വല്യമ്മ – കൊച്ചുമകൾ എന്ന തീവ്രമായ ബന്ധത്തിലേക്ക് അവരുടെ ജീവിതം രൂപാന്തരപ്പെടുകയും ചെയ്യുന്നു.

ഇന്നും മലയാളിപ്രേക്ഷകരുടെ മനസ്സിൽനിന്നു മാഞ്ഞുപോയിട്ടില്ലാത്ത, ഇപ്പോൾ കണ്ടാലും ഉള്ളിലെവിടെയോ നീറ്റലുണ്ടാക്കുന്ന 'നോക്കെത്താദൂരത്ത് കണ്ണുംനട്ട്' എന്ന ഫാസിൽ ചിത്രത്തിന്റെ കഥയാണ് ചുരുക്കിപ്പറഞ്ഞത്. 1984 ലാണ് ഈ ചിത്രം പുറത്തിറങ്ങിയത്.

ഈ ചിത്രത്തിന് ഏഴു വർഷങ്ങൾക്കുശേഷം വന്ന സിബി മലയിൽ ചിത്രമായ 'സാന്ത്വനം' എന്ന ചിത്രവും സമാനമായ രീതിയിലുള്ള കഥയാണു പറഞ്ഞത്. സ്നേഹിച്ചവളുടെ കൈപിടിക്കാൻ മാതാപിതാക്കളുടെ കൺവെട്ടത്തുനിന്നു പടിയിറങ്ങിപ്പോയതാണ് മകൻ രാജകുമാരൻ തമ്പി. വർഷങ്ങൾക്കുശേഷം മുത്തശ്ശിയുടെയും മുത്തച്ഛന്റെയും അടുക്കലേക്കു വരുകയാണ് തമ്പിയുടെ മകളായ രാജലക്ഷ്മി. തന്റെ മാതാപിതാക്കൾ മരിച്ചുപോയി എന്ന് അറിയിക്കാതെയാണ് രാജലക്ഷ്മിയുടെ വരവ്. മകൻ പോയെങ്കിലും കൊച്ചുമകളെ തിരിച്ചുകിട്ടിയതിൽ സന്തോഷിക്കുകയാണ് രാജശേഖരൻതമ്പിയും സുഭദ്രയും. ഇവിടെയും മുത്തശ്ശീമുത്തച്ഛന്മാരുടെ സ്നേഹത്തിൽ ആശ്രയവും ആശ്വാസവും കണ്ടെത്തുന്ന, അത്തരത്തിലുള്ള രക്തബന്ധങ്ങൾക്കു തീവ്രത കല്പിക്കുന്ന ട്രീറ്റ്മെന്റാണ് സിനിമ കാഴ്ചവയ്ക്കുന്നത്.

മുത്തച്ഛനൊപ്പം അവധിക്കാലം ചെലവഴിക്കാൻ കൂട്ടുകാരുമൊത്ത് ഓടിവരുന്ന പാച്ചുവിനെയും മുത്തച്ഛനും പാച്ചുവും തമ്മിലുള്ള ഹൃദയൈക്യത്തെയും അടയാളപ്പെടുത്തിയ ഒരു സിനിമയായിരുന്നു പത്മരാജന്റെ മൂന്നാം പക്കം.

ഇതിൽനിന്നെല്ലാം അമ്പേ വ്യത്യസ്തമാണെങ്കിലും ഒരു മുത്തച്ഛനെ പ്രതിഷ്ഠിച്ചുകൊണ്ട് തങ്ങൾ നേരിടുന്ന പ്രശ്നങ്ങൾക്കു പരിഹാരം കണ്ടെത്താൻ ശ്രമിക്കുന്ന ചില കൊച്ചുമക്കളെ സത്യൻ അന്തിക്കാടിന്റെ 'മൈ ഡിയർ മുത്തച്ഛൻ' എന്ന സിനിമയിലും കാണാൻ കഴിയും. അനാഥരായ ആ മക്കൾക്ക് മുത്തച്ഛൻ സാന്ത്വനമായിമാറുന്നു.

ഫാസിലിന്റെതന്നെ 'എന്നെന്നും കണ്ണേട്ടന്റെ' എന്ന സിനിമയിലും കൊച്ചുമക്കളുടെ വരവു പ്രതീക്ഷിച്ചിരിക്കുന്ന മുത്തച്ഛനും മുത്തച്ഛനെ കാണാൻ കൊതിച്ചോടിവരുന്ന കൊച്ചുമക്കളുമുണ്ട്. സമാനമായ കഥാപാത്രങ്ങളെ എൺപതുകളിലും തൊണ്ണൂറുകളിലുമുള്ള ഒട്ടുമിക്ക സിനിമകളിലും കാണാൻ കഴിയുമായിരുന്നു. കാരണവന്മാർ, മാതാപിതാക്കൾ, മക്കൾ, മരുമക്കൾ, കൊച്ചുമക്കൾ എന്നിങ്ങനെയുള്ള കൂട്ടായ്മകൾ സജീവമായി നിലനിന്നിരുന്ന കാലത്തിന്റെ തുടിപ്പുകൾ അന്നത്തെ മലയാളസിനിമകൾ ഒപ്പിയെടുത്തിരുന്നു. സമൂഹത്തിന്റെ പരിച്ഛേദമെന്ന നിലയിലുള്ള കുടുംബചിത്രീകരണങ്ങളായിരുന്നു അവയെല്ലാം.

പറഞ്ഞുവരുന്നത് ഇന്നിറങ്ങുന്ന ഭൂരിപക്ഷം സിനിമകളിലും മുത്തച്ഛന്മാരോ മുത്തശ്ശിമാരോ ഇല്ല എന്നതാണ്. കണ്ടം ചെയ്യപ്പെട്ട ജീവിതങ്ങളായി അവർ മാറിയിരിക്കുന്നു. അമ്മയായും അമ്മൂമ്മയായും അച്ഛനായും വല്യപ്പച്ചനായും വേഷം കെട്ടി ജീവിച്ചിരുന്ന പല നടീനടന്മാരും ഇന്ന് അവസരമില്ലാതെ കഴിയുകയാണ്. കാരണം, പുതിയ സിനിമകളിൽ കുടുംബമില്ല. വല്യപ്പച്ചന്മാരോ വല്യമ്മച്ചിമാരോ ഇല്ല. എന്തിന്, മാതാപിതാക്കൾപോലും കുറവ്. നായകനും കൂട്ടുകാരും പ്രണയിക്കാൻ ഒരു പെണ്ണും എന്ന മട്ടിൽ എത്രയോ സിനിമകളാണ് കഴിഞ്ഞ കുറെ വർഷങ്ങളായി പുറത്തിറങ്ങിയത്. കുടുംബബന്ധങ്ങളെ നിഷ്കാസനം ചെയ്തുകൊണ്ടുള്ളതായിരുന്നു അത്തരം സിനിമകൾ.

അല്ലെങ്കിൽ പറയൂ, നമ്മുടെതന്നെ എത്ര കുടുംബങ്ങളിലുണ്ട് വല്യപ്പച്ചന്മാരും വല്യമ്മച്ചിമാരും? ഒട്ടുമിക്ക കുടുംബങ്ങളും ഇന്ന് ഭാര്യ – ഭർത്താവ് – മക്കൾ എന്ന ത്രിമൂർത്തിതലത്തിലാണ് മുന്നോട്ടുപോകുന്നത്. പ്രായമായവരെ വീടുകളിൽ കാണാനില്ലാതായിരിക്കുന്നു. ഇനി പ്രായമായവരുണ്ടെങ്കിൽത്തന്നെ അവർ അനാഥാലയങ്ങളിലോ മക്കളുടെ സാമ്പത്തികസ്ഥിതിയനുസരിച്ചുള്ള ഓൾഡ് ഏജ് ഹോമുകളിലോ ആയിരിക്കുന്നു. – അതുമല്ല, മാതാപിതാക്കളുണ്ടെങ്കിൽ അവർ ഒറ്റയ്ക്കു ജീവിക്കുന്ന സാഹചര്യമാണ് പരക്കെ കണ്ടുവരുന്നത്. മക്കൾ



ജോലിയുമായി ബന്ധപ്പെട്ട് വീടിനു വെളിയിലോ വിദേശത്തോ ആയിരിക്കും. വല്ലപ്പോഴുമെത്തുന്ന ഫോൺ കോളിൽ – ഇപ്പോൾ വാട്സാപ് – ആ രക്തബന്ധങ്ങൾ പരിമിതപ്പെട്ടുപോകുന്നു. പുതിയ കാലത്തിന്റെ മനോഭാവത്തിൽ വന്നിരിക്കുന്ന പ്രകടമായ മാറ്റമാണിത്. ഇതു നമ്മെ ഭയപ്പെടുത്തുകയും അസ്വസ്ഥരാക്കുകയും ചെയ്യുന്നുണ്ട്.

പ്രായമായവരെ ശല്യമായും ഭാരമായും കാണുകയും അവരെ പടിയിറക്കിവിടുകയും ചെയ്യുന്ന വർത്തമാനകാലത്തിന്റെ മുഖങ്ങൾക്കു മലയാളസിനിമയിൽ തുടക്കം കുറിച്ചത് പത്മരാജന്റെ 'തിങ്കളാഴ്ച നല്ല ദിവസം' എന്ന സിനിമമുതല്ക്കാണ്. ക്രാന്തദർശിയായ പത്മരാജൻ വരാനിരിക്കുന്ന ലോകത്തിന്റെ മാറ്റങ്ങളെ മുൻകൂട്ടിക്കണ്ടു രചിച്ച സിനിമയാണ് അതെന്നു പിന്തിരിഞ്ഞുനോക്കുമ്പോൾ മനസ്സിലാവുന്നു.

നാട്ടിൻപുറത്തിന്റെ എല്ലാ വിശുദ്ധിയോടും നൈർമ്മല്യത്തോടുംകൂടി ജീവിക്കുന്ന ഒരമ്മ. മരങ്ങളും കിളികളും അമ്മയുടെ കൂട്ടുകാരാണ്. മരങ്ങൾക്കെല്ലാം അമ്മ പേരിടുന്നുമുണ്ട്. മക്കളും കൊച്ചുമക്കളും അവധിക്കു വരുന്ന വിശേഷാൽദിവസങ്ങളാണ് അമ്മയുടെ ഉത്സവദിനങ്ങൾ. അത്തരമൊരു ഉത്സവദിനത്തിലാണ് അമ്മയെ ശരണാലയത്തിൽ ആക്കാമെന്നുള്ള മക്കളുടെ തീരുമാനമെടുക്കൽ. ശാകുന്തളത്തിലെ നാലാമങ്കത്തെ ഓർമിപ്പിക്കുന്ന വിധത്തിൽ മരങ്ങളോടും കിളികളോടും യാത്രപറഞ്ഞ് അമ്മ ശരണാലയത്തിലേക്കു യാത്രതിരിക്കുന്നു. ഒരു ദിവസംപോലും അവിടെ അന്തിയുറങ്ങുന്നതിനുമുമ്പ് അമ്മ അവിടെ മരിച്ചുവീഴുന്നു.

അമ്മയുടെ മരണം ഒഴികെയുള്ള സമാനമായ സംഭവങ്ങൾ കമലിന്റെ 'രാപ്പകൽ' എന്ന സിനിമയിലും ആവർത്തിക്കുന്നുണ്ട്. അനാഥാലയത്തിലേക്കല്ല മകന്റെ വീട്ടിലേക്കാണ് അവിടെ അമ്മയെ കൊണ്ടുപോകുന്നതെന്നു മാത്രം. പക്ഷേ, ഒരുനാൾ അമ്മ അവിടെനിന്ന് അപ്രത്യക്ഷയാകുന്നു. രക്തബന്ധമില്ലാത്ത കൃഷ്ണന്റെ സംരക്ഷണത്തിൽ അമ്മ പുതിയ ജീവിതം ആരംഭിക്കുന്നിടത്താണ് ചിത്രം അവസാനിക്കുന്നത്.

സത്യൻ അന്തിക്കാടിന്റെ 'മനസ്സിനക്കരെ'യും ഇതേ വിഷയം മറ്റൊരുരീതിയിൽ ചർച്ച ചെയ്യുന്നുണ്ട്. മേൽപ്പറഞ്ഞ രണ്ടു സിനിമകളിലെയും അമ്മമാരിൽനിന്നു വ്യത്യസ്തയാണ് മനസ്സിനക്കരെയിലെ ത്രേസ്യാക്കൊച്ച് എന്ന അമ്മ. സിനിമയ്ക്കു പോകാനും കള്ളടിക്കാനും ഒക്കെ ആഗ്രഹിക്കുന്ന വിധത്തിലുള്ള ഒരു അമ്മ. അവരൊരിക്കലും വീട്ടിൽ സ്വീകാര്യയുമല്ല. അമ്മയുടെ ചെയ്തികളോടു മക്കൾക്കോ മരുമക്കൾക്കോ യോജിക്കാനും കഴിയുന്നില്ല. രാപ്പകലിലെ അമ്മ കൃഷ്ണന്റെ തണലിൽ അഭയം കണ്ടെത്തുന്നതുപോലെ മനസ്സിനക്കരെയിലെ അമ്മ റോയി എന്ന അന്യന്റെ തണലിൽ തന്റെ വാർദ്ധക്യം സന്തോഷകരമാക്കാൻ തീരുമാനിക്കുന്നതോടെ ചിത്രം അവസാനിക്കുന്നു.

കുടിയൊഴിപ്പിക്കപ്പെടുന്ന വാർദ്ധക്യങ്ങളുടെ, അവഗണിക്കപ്പെടുന്ന, മക്കളാൽ വേണ്ടാതാകുന്ന അച്ഛനമ്മമാരുടെ കഥതന്നെയാണ് ഭരതന്റെ ഒരു സായാഹ്നത്തിന്റെ സ്വപ്നവും എം. പത്മകുമാറിന്റെ അമ്മക്കിളിക്കൂടും പറഞ്ഞത്. എന്നാൽ, ഇതിൽനിന്നെല്ലാം ഭീതിദമായി തോന്നിയത് കേരളകഫേ എന്ന ഹ്രസ്വസിനിമകളുടെ സമാഹാരത്തിലെ ബ്രിഡ്ജ് എന്ന സിനിമയാണ്.

വൃദ്ധയും മറവിരോഗിയുമായ അമ്മയെ തെരുവിലേക്കിറക്കിവിടുന്ന മകന്റെ കഥയാണ് അതു പറയുന്നത്. ഭാര്യയുടെ നിർബന്ധവും ശല്യവും സഹിക്കാനാവാതെയാണ് ഗതികേടുകൊണ്ട് മകൻ ആ കടുംകൈ ചെയ്യുന്നത്. കോഴിക്കോട് ശാന്താദേവിയായിരുന്നു ചിത്രത്തിലെ അമ്മ. മകൻ സലിംകുമാറും. ഭാര്യ കല്പനയും. അമ്മ ഒരു പൂച്ചക്കുട്ടിയുമായി റോഡരികിൽ നില്ക്കുന്ന ചിത്രം എത്രയോ കാലമാണു മനസ്സിനെ വേദനിപ്പിച്ചത്.

സമാനമായ സംഭവങ്ങൾ ഒറ്റപ്പെട്ടതല്ല എന്ന് ഇന്നും പല വാർത്തകൾ നമ്മോടു പറയുന്നുണ്ട്. പലയിടത്തും മരുമകൾ/ മകൾതന്നെയാണ് വില്ലത്തിയായി കടന്നുവരുന്നത് എന്നതും ഞെട്ടിക്കുന്നതാണ്. നാളെ തങ്ങൾക്ക് ഇങ്ങനെയൊരു അവസ്ഥയുണ്ടാവില്ലെന്ന് എന്തോ വെളിപാടു കിട്ടിയതുപോലെയാണ് ഈ സ്ത്രീകൾ വൃദ്ധരായവരോടു പെരുമാറിക്കൊണ്ടിരിക്കുന്നത്.

സമൂഹം വാർദ്ധക്യത്തോടു കാണിക്കുന്ന അകൽച്ചയും വെറുപ്പുംതന്നെയാണ് സിനിമകളിലും പ്രതിഫലിക്കുന്നത്. പണ്ടൊരു കാലത്ത് നമ്മുടെ കുടുംബബന്ധങ്ങൾ കുറെക്കൂടി ദൃഢമായിരുന്നു; സ്നേഹത്തിൽ അധിഷ്ഠിതമായിരുന്നു. വഴക്കുകളും വിയോജിപ്പുകളും ഉണ്ടായിരുന്നുവെങ്കിലും ബന്ധങ്ങൾക്ക് കൂട്ടിച്ചേർക്കാൻ കഴിയാത്തവിധത്തിലുള്ള ഇഴയകലം സംഭവിച്ചിട്ടുണ്ടായിരുന്നില്ല. പക്ഷേ, ഇന്ന് ബന്ധങ്ങൾ യാന്ത്രികമായി മാറി. സ്വാർത്ഥത നിറയപ്പെട്ടവയായി.

ഈശോയുടെ ഗ്രാന്റ് പേരന്റ്സായ വിശുദ്ധ യോവാക്കിമിന്റെയും അന്നയുടെയും തിരുനാളിനോടനുബന്ധിച്ചുള്ള ഞായറാഴ്ച – ഈ വർഷം ജൂലൈ 24– ആഗോളസഭ ഗ്രാന്റ് പേരന്റ്സ് ഡേയായി ആഘോഷിക്കുകയാണല്ലോ. പ്രായമായവരെ ആദരിക്കാനും അവരുടെ സംഭാവനകളെ നന്ദിയോടെ അനുസ്മരിക്കാനും കൂടിയുള്ള അവസരമാണിത്. അന്നേദിവസം വല്യപ്പന്മാരെയും വല്യമ്മച്ചിമാരെയും സന്ദർശിക്കുകയും ഫോൺ വിളിച്ചു സംസാരിക്കുകയും ചെയ്യുന്നവർക്ക് ഉപാധികളോടെ ദണ്ഡവിമോചനംപോലും സഭ പ്രഖ്യാപിച്ചിട്ടുണ്ട്.

ഒരു തീർത്ഥയാത്രപോലെ വൃദ്ധരിലേക്കു മടങ്ങേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചാണ് ഇതെല്ലാം ഓർമിപ്പിക്കുന്നത്. വൃദ്ധരെ കുടുംബത്തിന്റെ ഭാഗമായി കാണേണ്ട സംസ്കാരമാണ് അതു നമ്മെ പഠിപ്പിക്കുന്നത്.

പ്രായം ചെന്ന ഒരു അപ്പനെയും അമ്മയെയും അവർക്ക് ഡസൺകണക്കിനു മക്കളുണ്ടെങ്കിൽത്തന്നെ ഒരു മകനോ മകൾക്കോ മാത്രമേ സംരക്ഷിക്കാനും ശുശ്രൂഷിക്കാനും കഴിയൂ. പക്ഷേ, വൃദ്ധരായ മാതാപിതാക്കളുടെ സംരക്ഷണം ആ ഒരാളിൽ മാത്രമാണെന്നു വിധിയെഴുതി മറ്റു മക്കൾ കൈകഴുകി മാറിനില്ക്കാതിരിക്കുക. സാധിക്കുന്ന അവസരങ്ങളിലെല്ലാം മാതാപിതാക്കളെ സന്ദർശിക്കുക. ആ യാത്രകളിൽ തങ്ങളുടെ മക്കളെയും കൂടെ കൂട്ടുക. അതുവഴി സ്വന്തം മക്കൾക്കു മുമ്പിലും മാതൃകയായിത്തീരുക.

അടൂരിന്റെ കഥാപുരുഷൻ സിനിമയിൽ നായകൻ തന്റെ ചെറുപ്പത്തിൽ അച്ഛനോടു പറയുന്ന ഡയലോഗും ഓർത്തിരിക്കുന്നതു നല്ലതാണ്. അച്ഛനും വയസ്സാകും...

അതേ, വീഴാൻ തുടങ്ങുന്ന പഴുത്തിലകളെനോക്കി പുച്ഛിക്കുകയോ പരിഹസിക്കുകയോ അവഗണിക്കുകയോ ചെയ്യുന്നവരെല്ലാം ഈ സത്യം മനസ്സിലാക്കണം. എനിക്കും വയസ്സാകും. ഞാനും നാളെ വൃദ്ധനാകും വൃദ്ധയാകും.

നമ്മുടെ വീടുകളിലെ പ്രായം ചെന്നവരോട് കുറെക്കൂടിയെങ്കിലും സ്നേഹത്തിലും പരിഗണനയിലും സമീപിക്കും എന്ന തീരുമാനം നമുക്കു കൈക്കൊള്ളാം. അപ്പോൾ അതു സിനിമയിലും പ്രതിഫലിക്കാതിരിക്കുകയില്ല. അങ്ങനെ വല്യപ്പച്ചന്മാരുടെയും അമ്മച്ചിമാരുടെയും സ്നേഹമുദ്രകൾ പേറുന്ന നല്ല സിനിമകൾ ഇനിയും മലയാളത്തിൽ പിറവിയെടുക്കുമെന്ന് നമുക്കു പ്രതീക്ഷിക്കുകയും ചെയ്യാം. ■

# ഇനി എങ്ങോട്ട്?

# ദിശയറിയാതെ ശ്രീലങ്കൻജനത



**തോമസ് കുഴിഞ്ഞാലിൽ**

"ഇത്രയും വലിയൊരു ആഡംബരവസതി എന്റെ ജീവിതത്തിൽ ആദ്യമായി കാണുകയാണ്. പട്ടിണിയും പരിവട്ടവുമായി ഞങ്ങൾ ജീവിതം തള്ളിനീക്കുമ്പോൾ, ഇത്രയും ആർഭാടമായി ജീവിക്കാൻ നേതാക്കൾക്കെങ്ങനെ കഴിയുന്നു?"

ആയിരക്കണക്കായ പ്രക്ഷോഭകർ ഈ മാസം ഒമ്പതാം തീയതി കൈയേറിയ ശ്രീലങ്കൻ പ്രസിഡന്റിന്റെ കൊട്ടാരസദൃശമായ ഔദ്യോഗികവസതി അമ്മയോടൊപ്പം സന്ദർശിക്കാനെത്തിയ മാഷാ മുനവീരയെന്ന ബാങ്കുദ്യോഗസ്ഥ മാധ്യമപ്രവർത്തകരോടു സംസാരിക്കുകയായിരുന്നു. ഗോട്ടബയ രാജപക്സെ അടുത്ത ദിവസംതന്നെ പ്രസിഡന്റുസ്ഥാനം രാജിവയ്ക്കുമെന്ന വാക്കു പാലിക്കുമെന്നു പ്രത്യാശിക്കുമ്പോഴും വീണ്ടും അധികാരത്തിൽ കടിച്ചുതൂങ്ങുമോയെന്ന ആശങ്കയും അവർ മാധ്യമങ്ങളുമായി പങ്കുവച്ചു.

രണ്ടേകാൽകോടിയോളം ജനസംഖ്യയുള്ള ശ്രീലങ്കയെന്ന കൊച്ചുദ്വീപുരാഷ്ട്രം ഏഴു പതിറ്റാണ്ടിനിടയിലെ ഏറ്റവും രൂക്ഷമായ സാമ്പത്തികപ്രതിസന്ധിയിലാണ്. 1948 ൽ നേടിയ സ്വാതന്ത്ര്യത്തിനു ശേഷം രാജ്യം കണ്ടിട്ടില്ലാത്തത്ര വലിയ പ്രക്ഷോഭത്തിനും തലസ്ഥാനമായ കൊളംബോയിലെ തെരുവുകൾ സാക്ഷ്യംവഹിച്ചു. ശ്രീലങ്കയുടെ വിവിധ ഭാഗങ്ങളിൽനിന്നു ട്രക്കുകളിലും ബസുകളിലും തീവണ്ടികളിലുമായി നഗരത്തിലെത്തിയ പതിനായിരങ്ങൾ 'ഗോ ഹോം ഗോട്ട' എന്ന പ്ലക്കാർഡുകളും ഏന്തിയാണ് പ്രസിഡന്റിന്റെ ഔദ്യോഗികവസതിയിലേക്കു പ്രകടനമായെത്തിയത്. കൊട്ടാരത്തിനുള്ളിലേക്കു മുദ്രാവാക്യങ്ങൾ മുഴക്കി ഇരച്ചുകയറിയ ആയിരക്കണക്കായ പ്രക്ഷോഭകർ നീന്തൽക്കുളത്തിൽ മുങ്ങിക്കുളിച്ചും വിശാലമായ അടുക്കളയിൽ ഭക്ഷണം പാകം ചെയ്തും, പുൽത്തകിടികളിൽ ഉല്ലസിച്ചും കഴിയുകയാണ്. പ്രതിപക്ഷപാർട്ടികളും വിവിധ സന്നദ്ധസംഘടനകളും സംയുക്തമായി സംഘടിപ്പിച്ച ബഹുജനറാലി നിയന്ത്രണാതീതമായേക്കുമെന്ന രഹസ്യാന്വേഷണറിപ്പോർട്ടുകളെത്തുടർന്ന് പ്രസിഡന്റ് ഗോട്ടബയ രാജപക്സെ വെള്ളിയാഴ്ച രാത്രിതന്നെ സൈനികാസ്ഥാനത്തേക്കു മാറിയിരുന്നതായാണ് റിപ്പോർട്ട്. കൂറ്റൻ സ്യൂട്ട്കേസുകളുമായി നീങ്ങുന്ന ഏതാനും പേർ 'എസ് എൻ എൻ എസ് ഗജബാഹു' എന്ന നാവികസേനാകപ്പലിലേക്കു കയറുന്ന വീഡിയോദൃശ്യങ്ങൾ പ്രചരിച്ചതോടെ രാജപക്സെ രാജ്യം വിട്ടതായും സംശയിക്കുന്നുണ്ട്.

ഈ വർഷം ഏപ്രിൽ 9-ാം തീയതി തുടങ്ങിയ കലാപകലുഷിതമായ അന്തരീക്ഷമാണ് മൂന്നു മാസം പൂർത്തിയായ ദിവസംതന്നെ മൂർദ്ധന്യത്തിലെത്തിയത്. പ്രസിഡന്റിന്റെ ഔദ്യോഗികവസതിക്കു പുറത്തു സംഘടിച്ച പതിനായിരങ്ങൾ ബാരിക്കേഡുകൾ തകർത്ത് ഉള്ളിലേക്ക് ഇരച്ചുകയറുകയാണുണ്ടായത്. സമീപത്തുള്ള ധനമന്ത്രാലയവും ജനങ്ങൾ കീഴടക്കി. കണ്ണീർവാതകവും ജലപീരങ്കിയും പ്രയോഗിക്കുകയും ആകാശത്തേക്കു വെടിയുതിർക്കുകയും ചെയ്തിട്ടും ജനക്കൂട്ടത്തെ നിയന്ത്രിക്കാൻ പോലീസിനായില്ല. രാജപക്സെ തലേന്നുതന്നെ രക്ഷപ്പെട്ടതിനാൽ കടുത്ത നടപടികളിലേക്കു കടക്കാതെ സൈന്യം മാറിനിന്നു. സൈനികരിൽത്തന്നെ നിരവധിപ്പേർ പ്രക്ഷോഭകരോടൊപ്പം ചേർന്നതായും വാർത്തകളുണ്ട്.

പ്രസിഡന്റിന്റെ കൊട്ടാരത്തിൽനിന്ന് ഏതാനും മീറ്ററുകൾമാത്രം അകലെയുള്ള സെക്രട്ടേറിയറ്റുമന്ദിരത്തിലേക്കും ആൾക്കൂട്ടം കയറി. മന്ദിരത്തിന്റെ ഇരുമ്പുഗേറ്റുകൾ തകർത്താണ് പ്രക്ഷോഭകർ ഉള്ളിലെത്തിയത്. യാതൊരു നിയന്ത്രണവുമില്ലാതെ തുറന്നുകിടക്കുന്ന സെക്രട്ടേറിയറ്റിനും പരിസരത്തിനും ഒരു പാർക്കിന്റെയോ മ്യൂസിയത്തിന്റെയോ പകിട്ടേ ഇപ്പോഴുള്ളൂ. പ്രധാനമന്ത്രി റനിൽ വിക്രമസിംഗെയുടെ സ്വകാര്യവസതി ആക്രമിച്ച ജനക്കൂട്ടം വാഹനങ്ങൾ തകർക്കുകയും വീടിനു തീവയ്ക്കുകയും ചെയ്തു. സെക്രട്ടേറിയറ്റിൽനിന്നു നാലു കിലോമീറ്ററോളം അകലെയുള്ള പ്രധാനമന്ത്രിയുടെ ഔദ്യോഗികവസതിയും ജനക്കൂട്ടം കൈയടക്കി. മാസങ്ങളായുള്ള ജനകീയപ്രക്ഷോഭം അവഗണിച്ച് അധികാരത്തിൽ തുടരുന്ന പ്രസിഡന്റ് രാജിവയ്ക്കാതെ തിരികെപ്പോകില്ലെന്നാണു ജനക്കൂട്ടത്തിന്റെ നിലപാട്.

മൂന്നു പതിറ്റാണ്ടു നീണ്ടുനിന്ന ആഭ്യന്തരയുദ്ധത്തിനും മറ്റനേകം വെല്ലുവിളികൾക്കും ശേഷം ശ്രീലങ്ക നേരിടുന്ന ഏറ്റവും കഠിനവും സങ്കീർണവുമായ പ്രശ്നങ്ങളാണ് ജനങ്ങളെ ദുരിതത്തിലാക്കിയത്. വിദേശനാണ്യശേഖരത്തിലെ വൻഇടിവാണ് സാമ്പത്തികപ്രതിസന്ധിയിലേക്കു രാജ്യത്തെ തള്ളിവിട്ടതെന്നു പറയപ്പെടുന്നു. ഭക്ഷണവും ഇന്ധനവും മരുന്നുകളും ഇറക്കുമതി ചെയ്യാൻ സർക്കാരിനു പണമില്ലാത്ത സ്ഥിതിയാണ്. ഭക്ഷണം ലഭിക്കണമെങ്കിലും പാചകവാതകം കിട്ടണമെങ്കിലും മണിക്കൂറുകൾ ക്യൂവിൽ കാത്തുനില്ക്കണം. പെട്രോൾ തീർന്നു, ഡീസൽ ലഭിക്കണമെങ്കിൽ കിലോമീറ്ററുകൾ നീണ്ട ക്യൂവിൽ കിടക്കണം. എല്ലാ നിത്യോപയോഗസാധനങ്ങൾക്കും തീപിടിച്ച വിലയാണ്. അടുക്കളയിൽ തീ പുകഞ്ഞിട്ട് മാസങ്ങളായെന്നു വിലപിക്കുന്ന പട്ടിണിപ്പാവങ്ങളുണ്ട്. വഴിവക്കുകളിൽ തീകൂട്ടി, കിട്ടുന്ന സാധനങ്ങൾകൊണ്ട് എന്തെങ്കിലും ഉണ്ടാക്കിത്തിന്ന് ജീവിതം തള്ളിനീക്കുന്നു. ജൂൺമാസത്തിൽ 55 ശതമാനമായിരുന്ന പണപ്പെരുപ്പം വരുംമാസങ്ങളിൽ 70 ശതമാനം ആയേക്കുമെന്ന മുന്നറിയിപ്പു കൂടി വന്നതോടെ ജനങ്ങൾ കൂടുതൽ ദുരിതത്തിലാകുമെന്നു തീർച്ചയാണ്.



**പുതിയ സർക്കാർ രൂപീകരിച്ചശേഷം രാജി**

പ്രസിഡന്റ് ഗോട്ടബയ രാജപക്സെയും പ്രധാനമന്ത്രി റനിൽ വിക്രമസിംഗെയും ഈ മാസം 13 ന് രാജി സമർപ്പിക്കുമെന്ന് പാർലമെന്റു സ്പീക്കറായ മഹിന്ദ അബെയ് വർധന പറയുന്നു. എന്നാൽ, ഒരു സർവകക്ഷി സർക്കാർ രൂപീകരിക്കുംവരെ തങ്ങൾ തുടരുമെന്ന് ഇരുവരും വെളിപ്പെടുത്തുന്നു. രാജ്യം നേരിടുന്ന രൂക്ഷമായ പ്രതിസന്ധി തരണം ചെയ്യാൻ എല്ലാ കക്ഷികളും ചേർന്നു രൂപംകൊടുക്കുന്ന ഒരു ഗവൺമെന്റിനേ കഴിയൂ എന്നാണ് അവരുടെ വാദം. ഗോട്ടബയയുടെ ഇളയസഹോദരൻ മുൻ പ്രധാനമന്ത്രി മഹിന്ദ രാജപക്സെയുടെ പകരക്കാരനായെത്തിയ റനിൽ വിക്രമസിംഗെ അധികാരത്തിലെത്തിയിട്ട് ഒന്നരമാസമേ ആകുന്നുള്ളുവെങ്കിലും ആറാഴ്ചകൾ ഭരണം കൈയാളിയിട്ടും ഭരണത്തിൽ പരാജയപ്പെട്ടുവെന്നാണ് ജനം വിധിയെഴുതിയത്. പുതിയ സർക്കാർ അധികാരത്തിൽ വരുന്നതുവരെ പാർലമെന്റു സ്പീക്കറായ മഹിന്ദ അബെയ് വർധന താത്കാലികപ്രസിഡന്റിന്റെ ചുമതലയേല്ക്കുമെന്നും കരുതപ്പെടുന്നു. വിവിധ രാഷ്ട്രീയനേതാക്കളുമായി നടത്തുന്ന തിരക്കിട്ട ചർച്ചകൾക്കു നേതൃത്വം നല്കുന്നതും സ്പീക്കറാണ്. മൂന്നുവർഷം രാജ്യം ഭരിച്ച സർക്കാർ ഭരണപരാജയത്തിന്റെ ഉത്തരവാദിത്വം ഏറ്റെടുത്തു രാജിവയ്ക്കുകയും പുതിയ തിരഞ്ഞെടുപ്പിനു വഴിയൊരുക്കുകയും ചെയ്യണമെന്നും പ്രക്ഷോഭകർ ആവശ്യപ്പെടുന്നുണ്ട്. ആകെയുള്ള 225 പാർലമെന്റംഗങ്ങളും രാജിവച്ച് തിരഞ്ഞെടുപ്പിനെ നേരിടണമെന്ന് അഭിപ്രായപ്പെടുന്നവരുമുണ്ട്. 54 സീറ്റുകളുള്ള പ്രധാന പ്രതിപക്ഷകക്ഷിയായ സമാഗി ജന ബലവേഗയ (എസ് ജെ ബി.) മറ്റു പ്രതിപക്ഷപാർട്ടികളെ ചേർത്ത് അധികാരമേറ്റെടുക്കാൻ സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ട്. മുൻപ്രസിഡന്റ് ആർ. പ്രേമദാസയുടെ പുത്രനും എസ് ജെ ബി യുടെ ചെയർമാനും പ്രതിപക്ഷനേതാവുമായ സജിത് പ്രേമദാസ പ്രസിഡന്റു സ്ഥാനത്തേക്കു മത്സരിക്കുമെന്നും അറിയിച്ചുകഴിഞ്ഞു. രാജ്യാന്തരനാണ്യനിധി(IMF)യുമായി ചർച്ചകൾ നടത്താൻ പുതിയ സർക്കാർ രൂപീകരിക്കേണ്ടതും അത്യാവശ്യമായിരിക്കുന്നു.

ശ്രീലങ്കയിലെ കലുഷിതമായ സ്ഥിതിഗതികൾ ലോകസമാധാനത്തിനു ഭീഷണിയല്ലെങ്കിലും അയൽരാജ്യമായ ഇന്ത്യ കരുതലോടെയാണു നീങ്ങുന്നത്. ഇവിടേക്കെത്തിപ്പെടാൻ സാധ്യതയുള്ള അഭയാർത്ഥികളെ എങ്ങനെ കൈകാര്യം ചെയ്യുമെന്ന ചിന്ത വിദേശകാര്യവകുപ്പിനെ വലയ്ക്കുന്നുണ്ട്. അവരുടെ പ്രശ്നങ്ങൾ അവർതന്നെ പരിഹരിക്കട്ടെയെന്ന നിലപാടാണ് ഇന്ത്യ സ്വീകരിച്ചിരിക്കുന്നത്. ഐ എം എഫിൽ നിന്ന് സാമ്പത്തികസഹായം ലഭ്യമാക്കിയാലും സുസ്ഥിരത കൈവരിക്കണമെങ്കിൽ കുറഞ്ഞത് മൂന്നു വർഷമെങ്കിലും വേണ്ടിവരുമെന്നാണ് പ്രധാനമന്ത്രിസ്ഥാനം രാജിവയ്ക്കുന്നതിനു മുന്നോടിയായി പ്രധാനമന്ത്രി റനിൽ വിക്രമസിംഗെ പറയുന്നത്. ■

**ശ്രീലങ്കയിലെ കലുഷിതമായ സ്ഥിതിഗതികൾ ലോകസമാധാനത്തിനു ഭീഷണിയല്ലെങ്കിലും അയൽരാജ്യമായ ഇന്ത്യ കരുതലോടെയാണു നീങ്ങുന്നത്. ഇവിടേക്കെത്തിപ്പെടാൻ സാധ്യതയുള്ള അഭയാർത്ഥികളെ എങ്ങനെ കൈകാര്യം ചെയ്യുമെന്ന ചിന്ത വിദേശകാര്യവകുപ്പിനെ വലയ്ക്കുന്നുണ്ട്.**

# വഴക്കടിക്കും 'വാടാ പോടാ' മിഥുനങ്ങൾ



സിസ്റ്റർ ഡോ. നിക്കോൾ
എസ്.വി.എം.

അലീനയുടെയും തോമസിന്റെയും വിവാഹം കഴിഞ്ഞിട്ട് പത്തുവർഷമായി. അവർക്ക് അഞ്ചാംക്ലാസിൽ പഠിക്കുന്ന ഒരു കുട്ടിയുണ്ട്. വിവാഹം കഴിഞ്ഞ ആദ്യനാളുകളിൽ പരസ്പരം അംഗീകരിച്ചിരുന്നു, സ്നേഹിച്ചിരുന്നു. ഇന്നു രണ്ടുപേരും പരസ്പരം വഴക്കടിക്കുന്നു. അലീന പറഞ്ഞത്, എന്നു വഴക്കുണ്ടായാലും കുറച്ചുനാൾ മുമ്പുവരെ താൻപോയി കാലുപിടിച്ച് ക്ഷമ പറഞ്ഞു വീണ്ടും ഒന്നിക്കുമായിരുന്നു, എന്നാണ്. ഇപ്പോൾ അവൾ മടുത്തു. അവളും തന്റെ ഇഷ്ടക്കേടുകൾ കാണിച്ചുതുടങ്ങി. എതിർത്തു സംസാരിച്ചുതുടങ്ങിയപ്പോൾ വഴക്കായി, അടിയായി. ആകെ സമാധാനമില്ലാത്ത അന്തരീക്ഷമാണ് കുടുംബത്തിൽ.

മൂന്നുവർഷമായി അലീന ഒരു കടയിൽ ജോലിക്കു പോകുന്നുണ്ട്. കടയിലുള്ള ഒരു പയ്യനുമായി ചെറിയ അടുപ്പമുണ്ട്. അവനോടു കുടുംബപ്രശ്നങ്ങൾ പങ്കുവയ്ക്കാൻ തുടങ്ങി. അവൻ എല്ലാം കേൾക്കും, ആശ്വസിപ്പിക്കും. ഇത് ആരോ തോമസിനോടു പറഞ്ഞു. ഇപ്പോൾ ഈ പേരിലാണ് മിക്കവാറും വഴക്ക്. അലീന വീട്ടിൽ വന്നുകഴിഞ്ഞ് ഫോൺ എടുത്താൽ, മെസേജ് അയച്ചാൽ, തോമസ് അലീനയോടു വഴക്കിടും. ഇപ്പോൾ തോമസിന്റെ ഡിമാന്റ്, അലീന ആ പയ്യനോടു സംസാരിക്കാൻ പാടില്ല. എന്നാൽ, അലീനയുടെ തീരുമാനം തന്റെ വിഷമഘട്ടങ്ങളിൽ സഹായിച്ച, ആശ്വസിപ്പിച്ച അവനോടുള്ള സൗഹൃദം തുടരണമെന്നാണ്. അലീന കൂട്ടിച്ചേർത്തു: "എന്റെ ജന്മദിനമോ, ഞങ്ങളുടെ വിവാഹവാർഷികമോ തോമസ് ഓർക്കാറില്ല. ഒരു സമ്മാനം നല്കിയിട്ടില്ല. ഇന്ന് തോമസ് ഇട്ടിരിക്കുന്ന ഷർട്ട് എന്റെ സമ്മാനമാണ്. വിവാഹം കഴിഞ്ഞ് പത്തുവർഷമായി എന്നെക്കുറിച്ചു തോമസ് പറഞ്ഞിരിക്കുന്ന ഒരേയൊരു നല്ല കാര്യം, ഞാൻ വയ്ക്കുന്ന കടലക്കറി നല്ലതാണെന്നു മാത്രമാണ്. എനിക്ക് ആ ഒരു നന്മ മാത്രേ ഉള്ളോ? ഈ ജീവിതം ഞാനും മടുത്തു." തോമസിന്റെ വാശി ഇതാണ്: "എന്റെ അഡ്രസിൽ ആ പയ്യനോടുള്ള സൗഹൃദം തുടരാൻ സമ്മതിക്കില്ല; വേണമെങ്കിൽ പിരിയാം."


ഇവിടെ തോമസിന്റെയും അലീനയുടെയും വാശിയും പരസ്പരമുള്ള കരുതൽകുറവും, തെറ്റുധാരണയുംമൂലം ജീവിതം ഒരുമിച്ചുപോകുന്നില്ല. വിവാഹത്തിന്റെ ആദ്യനാളുകളിലെ പൊരുത്തക്കേടുകളെ അംഗീകരിക്കാതെ അഡ്ജസ്റ്റ് ചെയ്തുപോകുന്നതാണ് പിന്നീടുള്ള പൊരുത്തക്കേടുകൾക്കു കാരണമാകുന്നത്. അഡ്ജസ്റ്റുമെന്റ് കുറച്ചു കാലത്തേക്കു മാത്രമേ തുടരുകയുള്ളൂ. എന്നാൽ, അംഗീകാരങ്ങൾ നീണ്ടുനിൽക്കും. ഇവിടെ പറഞ്ഞ ദമ്പതികൾ തങ്ങളുടെ വിവാഹജീവിതം അവസാനിപ്പിക്കാമെന്ന തീരുമാനത്തിൽ എത്തിനിൽക്കാൻ കാരണവും ഈ അഡ്ജസ്റ്റ്മെന്റാണ്. ജീവിതപങ്കാളികൾ തുടക്കത്തിൽത്തന്നെ പരസ്പരമുള്ള സ്വഭാവപ്രത്യേകതകൾ പഠിച്ച് അതിനെ അംഗീകരിച്ചു പോകാനാണു ശ്രമിക്കേണ്ടത്. എന്നെപ്പോലെ ജീവിതപങ്കാളി ആകണം, അല്ലെങ്കിൽ ഞാൻ ചിന്തിക്കുന്നതുപോലെ മറ്റുള്ളവരും ചിന്തിക്കണമെന്നു വാശിപിടിക്കാതെ, എന്താണോ തനിക്കു താത്പര്യമില്ലാത്തത്, അതു തുറന്നുപറയാനും, പറഞ്ഞിട്ട് പ്രത്യേക മാറ്റമൊന്നും ഇല്ലെങ്കിൽ അത് അംഗീകരിക്കാനുമാണ്, വിവാഹജീവിതം നയിക്കുന്നവർ പരസ്പരം ശ്രദ്ധിക്കേണ്ടത്. ഇന്നത്തെ യുവമാതാപിതാക്കൾ തങ്ങളെക്കുറിച്ചു മാത്രം ചിന്തിക്കുകയും പ്രവർത്തിക്കുകയും അവരവരുടെ ആവശ്യങ്ങൾക്കായി വാദിക്കുകയും, വഴക്കടിക്കുകയും ചെയ്യുമ്പോൾ അതിനിടയിൽ വിങ്ങിപ്പൊട്ടുന്ന ഒരു കൂട്ടരെ നിങ്ങൾ പാടേ മറക്കുന്നു. അവരാണ് നിങ്ങളുടെ നിഷ്കളങ്കരായ കുഞ്ഞുങ്ങൾ. കുഞ്ഞുമനസ്സുകളിൽ ഇന്ന് ഭീതി നിറയുന്നതിനുള്ള പ്രധാനകാരണം, മാതാപിതാക്കൾ തമ്മിലുള്ള പൊരുത്തമില്ലായ്മയാണ്.

അധികം അറിവും വിദ്യാഭ്യാസവും ജോലിയുമൊന്നും ഇല്ലായിരുന്നുവെങ്കിലും, പണ്ടത്തെ മാതാപിതാക്കൾ മക്കളെ മറന്ന് ഒന്നിനും പോകില്ലായിരുന്നു. മക്കളെക്കുറിച്ചുള്ള ശുഭപ്രതീക്ഷകളും, അവരോടുള്ള സ്നേഹവും പരസ്പരം ക്ഷമിക്കാനും ഒന്നിച്ചു ജീവിക്കാനും പണ്ടത്തെ മാതാപിതാക്കളെ പ്രേരിപ്പിച്ചിരുന്നു. ഇന്നത്തെ മാതാപിതാക്കളോടു സംസാരിക്കുമ്പോൾ മനസ്സിലാക്കുക, അവർ ഒരുപാട് സ്വാർത്ഥരാണ് എന്നതാണ്. ഈ ദിവസങ്ങളിൽ ഒരമ്മ തന്റെ മോളെ നോക്കി പറയുന്നതു കേട്ടു: "അത് അയാളുടെ മോളല്ലേ, അയാളെടുത്തോട്ടെ, എനിക്കു വേണ്ട." അമ്മയുടെ അധരത്തിൽ നിന്നു കേട്ട ഈ വാക്കുകൾ ഒരു പതിമ്മൂന്നു വയസ്സുകാരിക്കു മറക്കാൻ കഴിയുമോ ജീവിതകാലത്ത്? ഈ കുഞ്ഞു വളർന്നുവരുമ്പോൾ അവൾ എങ്ങനെ മറ്റുള്ളവരെ ശരിയായി വിശ്വസിക്കും, സ്നേഹിക്കും? അല്ലെങ്കിൽ ചിലപ്പോൾ ചിരിച്ചുകാണിക്കുന്നവരെല്ലാം, തന്നെ യഥാർത്ഥത്തിൽ സ്നേഹിക്കുന്നു എന്നു തെറ്റിദ്ധരിക്കാനും അവരുടെ ഇഷ്ടമനുസരിച്ചു ജീവിക്കാനും മുതിർന്നെന്നും വരാം. ഇന്നത്തെ ചെറുപ്പക്കാരായ മാതാപിതാക്കൾ ഒന്നിരുന്നു ചിന്തിക്കുന്നതു നന്നായിരിക്കും.

ഇന്ന് ദമ്പതികൾ ഒരുപോലെ ശമ്പളക്കാരായതുകൊണ്ടാണോ എന്നറിയില്ല, തോൽക്കാൻ, തന്റെ കുടുംബത്തിന്റെ കെട്ടുറപ്പിനു വേണ്ടി ഒന്നു ചെറുതാകാൻ, ആരും തയ്യാറല്ല. 'വാടാ പോടാ' ശൈലി ആയതിനാൽ പരസ്പരമുള്ള ബഹുമാനവും കൈമോശം വന്നുകൊണ്ടിരുന്നു. പരസ്പരം ജയിക്കാൻ ഞാൻ എന്ന ഭാവം അധികമാകുമ്പോൾ അസ്വസ്ഥതകൾ ജന്മമെടുത്തു തുടങ്ങും. ഇതു മനസ്സിലാക്കി തുടക്കത്തിലേ തിരുത്താൻ ശ്രമിക്കുകയാണു പ്രധാനം. ജീവിതപങ്കാളിയും മക്കളും തങ്ങളെക്കുറിച്ചു പറയുന്ന കമന്റുകൾ കേട്ട് അവരോടു ദേഷ്യപ്പെടുന്നതിനു പകരം സ്വയം തിരുത്താൻ ശ്രമിക്കണം. ഉദാ. 'ഈ പപ്പാ എപ്പോഴും നുണയേ പറയൂ' എന്ന് മോൻ പറയുന്നുണ്ടെങ്കിൽ, അവിടെ താൻ സത്യമാണു പറഞ്ഞതെന്നു തെളിയിച്ചുകൊടുക്കാനുള്ള കടമ പപ്പയ്ക്കുണ്ട്. അല്ലാതെ ദേഷ്യപ്പെട്ട് സ്വയം ജയിക്കാൻ ശ്രമിക്കുമ്പോൾ ഓർക്കണം, മോനു തന്നിലുള്ള വിശ്വാസം ക്ഷയിക്കുകയാണെന്ന്. എന്തെങ്കിലും ആഘോഷങ്ങൾക്കു പോകുമ്പോൾ 'മമ്മി എന്തിനാ ഇത്രയും ഒരുങ്ങുന്നത്' എന്നു മോൾ ചോദിച്ചാൽ അമ്മമാർ വിവേകപൂർവം ചിന്തിക്കണം, തനിക്കു മോളെക്കാൾ സൗന്ദര്യമുണ്ടെന്ന് ആരെങ്കിലും പറഞ്ഞിരിക്കുമോ, അല്ലെങ്കിൽ പ്രായത്തിൽ കവിഞ്ഞ മേക്കപ്പ് താൻ ഇട്ടിട്ടുണ്ടോ?

ഇവിടെ തോമസിനോടും അലീനയോടും ഒരുപാടു പ്രാവശ്യം സംസാരിച്ചെങ്കിലും അലീന കടയിലെ പയ്യനുമായുള്ള സൗഹൃദം അവസാനിപ്പിക്കാൻ തയ്യാറല്ലാത്തതിനാൽ, വിവാഹമോചനമെന്ന തീരുമാനത്തിലായി തോമസ്. എന്നാൽ, മോൾക്കുവേണ്ടി രണ്ടുപേരും ഒരു മാസത്തേക്കു സന്തോഷമായി ജീവിച്ചു തിരിച്ചുവരാൻ പറഞ്ഞു. ഒരു കാര്യം കൂടി അവരെ ഓർമിപ്പിച്ചു: "പിരിഞ്ഞുകഴിഞ്ഞ് കുട്ടി നിങ്ങളെക്കുറിച്ചോർക്കുമ്പോൾ 'എന്റെ അമ്മ നല്ലതായിരുന്നു' 'അപ്പൻ നല്ല മനുഷ്യനായിരുന്നു' എന്നൊരു അഭിപ്രായം നേടിയെടുക്കാൻ ശ്രമിക്കണം. ദേഷ്യം വരുമ്പോൾ പരസ്പരം നിയന്ത്രിക്കണം." ഒരു മാസം കഴിഞ്ഞ് അവർ സന്തോഷത്തോടെ തിരിച്ചെത്തി. അവർ പറഞ്ഞു: ഈ മാസത്തിലെ എല്ലാ ഞായറാഴ്ചയും പുറത്ത് എവിടെയെങ്കിലുമൊക്കെ പോയി. ഇതിനിടയിലായിരുന്നു അലീനയുടെ ജന്മദിനം. അതിന് അപ്പനും മോളും കൂടി അമ്മയ്ക്കു സമ്മാനങ്ങൾ വാങ്ങിക്കൊടുത്തു. തോമസ് അലീനയെക്കുറിച്ചു നന്മകൾ മാത്രം പറഞ്ഞു. അവളുണ്ടാക്കിയ എല്ലാ ഭക്ഷണവും ഇഷ്ടത്തോടെ കഴിച്ചു. അലീനയും മോളോട് പപ്പയുടെ നന്മകൾ മാത്രം സംസാരിച്ചു. കുറ്റപ്പെടുത്തലുകൾ ഒഴിവാക്കി. കടയിലെ പയ്യനെ വേറെ ഒരു ജില്ലയിലേക്കു സ്ഥലം മാറ്റി. ഇപ്പോൾ അവർ സന്തോഷത്തോടെ ഒരുമിച്ചു ജീവിക്കുന്നു. ഒരു കാര്യം കൂടി അവർ ശ്രദ്ധിച്ചു. രാത്രി 9.30 നു ശേഷം മൊബൈൽ നെറ്റ് ഓഫാക്കി പരസ്പരം സംസാരിച്ചും മോളുടെ കാര്യങ്ങൾ ശ്രദ്ധിച്ചുമായിരുന്നു ഈ ഒരു മാസം. ഇന്നത്തെ യുവദമ്പതിമാരും തങ്ങളുടെ ജീവിതം ചിട്ടയായും ക്രമമായും കൊണ്ടുപോകുവാനും പരസ്പരം നന്മകൾ കാണാനും പറയാനും, പ്രാപ്തരാകട്ടേയെന്നാശിക്കുന്നു.

■



---

കവിത

ജോസ് പോളയ്ക്കൻ

## കാലപ്രവാഹം

തടയാനാരുള്ളൂ ഭൂവിൽ പിടിനൽകാതെങ്ങോ പായും
തടിനിയാം കാലം തീർക്കും വൻപ്രവാഹത്തെ

അടിയൊഴുക്കൊളിഞ്ഞിടും കാലഗമനത്തെച്ചൂഴും
ചുഴികളും കയങ്ങളുമസംഖ്യമത്രേ.

ത്വരയാണാമുഖത്തെങ്ങും മിഴിയിലശാന്തിപൂരം
വിരളമായ് വായ്ക്കും ചുണ്ടിൽ മന്ദഹാസവും

ആന്തീടും സംസാരസംഗരത്തിൻ താപമൂർച്ചയാറ്റാൻ
ശാന്തിമന്ത്രതീർത്ഥവുമായെത്തും ചിലപ്പോൾ

മുറിവുണങ്ങാത്ത കണ്ണീരോർമകളിൽ പൂശിടാനായ്
മറവിയാം തൈലം പകർന്നേകും ചിലപ്പോൾ

ഹരിതാഭ ചോർന്നിടാതെ സംസ്കൃതിയെ പ്രതീക്ഷതൻ
പുതുനാമ്പു ചൂടിക്കാനും കൂടും ചിലപ്പോൾ

ഭാവംമാറും നിമിഷത്തിൽ, രൂപം രുദ്രമാകും പിന്നെ
കൂലംകുത്തിപ്പായും നാശം വാരിവിതയ്ക്കും

കലികൊണ്ടാൽ, വഴിവിട്ടു കരകവിഞ്ഞേതുപാടു-
മലിവില്ലാതാർത്തലച്ചു കടന്നുകേറും

മദകരികണക്കെന്തും കോരി ദൂരേക്കെറിഞ്ഞീടും
കടപുഴക്കീടും കൂറ്റൻ വിടപിയെയും

കണ്ടുംകൊണ്ടും കൊതിതീരാ ഭാഗധേയമടിപറ്റെ-
ക്കൊണ്ടുപോകും നിർദ്ദയമീ കാലകിങ്കരൻ.

നിയതിയെപ്പല്ലിളിച്ചു കാട്ടിടും കോമരങ്ങളെ
നിജമായും ചുഴികളിൽ കുഴച്ചുകൂട്ടും

പ്രകൃതിതൻ ചുടുചോര മോന്തീടും കാപാലികരെ-
ക്കരകാണാക്കയങ്ങളിൽ കുഴിച്ചുമൂടും.

കൊടികുത്തി വാഴുമധികാരഗർവിൻ നിലയങ്ങൾ,
മടിശ്ശീല പൂഴ്ത്തും കള്ളനിലവറകൾ,

ഞൊടിയിടകൊണ്ടതെല്ലാമടയാളം ശേഷിയാതെ-
യടിച്ചുടച്ചാഴിചേർത്തു കലിപ്പുതീർക്കും

ഉലകിനെ ദിനംദിനം വരുതിയിൽ നടത്തീടു-
മുടയോന്റെ കാവൽദൂതനല്ലയോ കാലം!

ആവതില്ലിതാർക്കും ഗൂഢതന്ത്രമോരോന്നിറക്കുമീ-
ക്കാവലാളിൻ നീതിശാസ്ത്രം വായിച്ചെടുക്കാൻ.

മല്ലരിലൊന്നാമനാമീ വല്ലഭനു കീഴടങ്ങു-
കല്ലാതൊരു മറുവഴിയില്ല ഗണിച്ചാൽ!

ദീപനാളം
കലാ സാംസ്കാരിക ദേശീയ വാരിക

ചീഫ് എഡിറ്റർ & മാനേജിങ് ഡയറക്ടർ : ഫാ. കുര്യൻ തടത്തിൽ

അസോസിയേറ്റ് എഡിറ്റർ : ഫാ. കുര്യാക്കോസ് പാത്തിക്കൽപുത്തൻപുരയിൽ

ജ്ഞാനം നേടിയവൻ എത്ര ശ്രേഷ്ഠൻ! ദൈവഭക്തനെക്കാൾ ഉത്കൃഷ്ടനായി ആരുമില്ല.

പ്രഭാഷകൻ 25:10

**എഡിറ്റോറിയൽ**

# അഗതിമന്ദിരങ്ങളിൽ അന്നം മുടങ്ങുമ്പോൾ

വയോജനസദനങ്ങളടക്കമുള്ള അഗതിമന്ദിരങ്ങളിലേക്ക് സൗജന്യനിരക്കിൽ വർഷങ്ങളായി നല്കിവന്നിരുന്ന ഭക്ഷ്യധാന്യങ്ങളുടെ വിതരണം കേന്ദ്രസർക്കാർ നിർത്തലാക്കിയത് വലിയ പ്രതിഷേധത്തിനു കാരണമായിരിക്കുന്നു. അത്തരം മന്ദിരങ്ങളിൽ കഴിയുന്നവർക്ക് സാമൂഹികസുരക്ഷാപെൻഷൻ കഴിഞ്ഞ വർഷം നിർത്തലാക്കിയതിനുപുറമേയാണ് ഇപ്പോൾ നിരാലംബരുടെ വയറ്റത്തടിക്കുന്ന നിഷ്ഠുരമായ പ്രവൃത്തി സർക്കാർ നടപ്പാക്കുന്നത്. ഇതു ജനവിരുദ്ധവും മനുഷ്യാവകാശലംഘനവുമാണെന്നു നാടു ഭരിക്കുന്നവർ തിരിച്ചറിയാതെ പോകുന്നതാണ് ഏറെ ശോചനീയം.

കരുണയുടെ കൈത്താങ്ങിനായി കേഴുന്നവരെ കരുതുന്നതോളം വലിയ കടംവീട്ടലില്ല. പൗരന്മാരുടെ സുരക്ഷിതത്വം ഉറപ്പുവരുത്തേണ്ടത് സർക്കാരിന്റെ പ്രഥമ പരിഗണനയാണെന്നിരിക്കേ, അതും സമൂഹത്തിലെ ദുർബലരും പാർശ്വവത്കരിക്കപ്പെട്ടവരും വിവിധ വെല്ലുവിളികൾ നേരിടുന്നവരും അനാഥരുമായവരെ ചേർത്തുപിടിക്കേണ്ടത് സർക്കാരിന്റെ മുഖ്യദൗത്യമാണെന്നിരിക്കേ, മുടന്തൻന്യായീകരണങ്ങളും അപക്വമായ തീരുമാനങ്ങളും നിരത്തി പാവപ്പെട്ടവനെ കൊള്ളയടിക്കുന്ന പതിവുരീതികൾ നിർത്തലാക്കാനുള്ള നിശ്ചയദാർഢ്യമാണ് കേന്ദ്ര-സംസ്ഥാനസർക്കാരുകൾക്കുണ്ടാവേണ്ടത്.

ഓർഫനേജ് കൺട്രോൾ ബോർഡിനു കീഴിൽ രജിസ്റ്റർ ചെയ്തിരിക്കുന്ന 1800ൽപ്പരം സ്ഥാപനങ്ങളാണ് ഇന്നു കേരളത്തിലുള്ളത്. ഒരു ലക്ഷത്തിലേറെപ്പേർ അത്തരം സ്ഥാപനങ്ങളിൽ കഴിയുന്നുണ്ടെന്നാണ് കണക്കുകൾ. അതിൽ എൺപതു ശതമാനത്തോളം സ്ഥാപനങ്ങളും ഏറ്റെടുത്തുനടത്തുന്നത് ക്രൈസ്തവസമുദായമാണ്. സേവനതത്പരരും ത്യാഗസന്നദ്ധരുമായ സന്ന്യസ്തരാണ് നിരാലംബരും നിസ്സഹായരുമായ 'ദൈവത്തിനു വേണ്ടപ്പെട്ടവരെ' കണ്ണിലെണ്ണയൊഴിച്ചു കാത്തുപരിപാലിക്കുന്നതും അവർക്കു താങ്ങും തണലുമാകുന്നതും. വിരലിലെണ്ണാവുന്ന സ്ഥാപനങ്ങൾ മാത്രമാണ് ഇത്തരത്തിൽ സർക്കാരിനുള്ളത്. അതിൽ പലതും താത്കാലിക ഷെൽട്ടർഹോമുകളുമാണ്.

ഒരു അന്തേവാസിക്ക് പ്രതിമാസം 10.5 കിലോ അരിയും 4.5 കിലോ ഗോതമ്പുമാണ് റേഷൻപെർമിറ്റുപ്രകാരം ലഭിച്ചിരുന്നത്. അരിക്ക് കിലോയ്ക്ക് 5.65 രൂപയും ഗോതമ്പിന് 4.15 രൂപയുമാണ് ഈടാക്കിയിരുന്നത്. പൊതുവിതരണവകുപ്പ് അഭയഭവനുകളിലേക്കു സൗജന്യനിരക്കിൽ നല്കിയിരുന്ന അരിയുടെയും ഗോതമ്പിന്റെയും വിതരണം ഭക്ഷ്യസാമഗ്രികളുടെ സ്റ്റോക്കില്ലെന്ന കാരണത്താലാണു നിർത്തലാക്കിയത്. ഭക്ഷ്യവസ്തുക്കൾ സ്റ്റോക്കില്ലെന്നുകാട്ടി പൊതുവിതരണ ഉപഭോക്തൃകാര്യാലയത്തിൽനിന്നു ജില്ലാ സപ്ലൈ ഓഫീസർമാർക്ക് അറിയിപ്പു ലഭിച്ചതിനെത്തുടർന്ന്, റേഷൻകടക്കാർ ഓർഫനേജ് കൺട്രോൾ ബോർഡിനെ ഇക്കാര്യം അറിയിക്കുകയായിരുന്നു. നാലു വർഷം മുമ്പ് ആരംഭിച്ച ഭക്ഷ്യവിതരണപദ്ധതി വിചിത്രമായ ന്യായവാദങ്ങൾ നിരത്തി കേന്ദ്രം പൊടുന്നനേ അവസാനിപ്പിക്കുമ്പോൾ, വിശന്നുപൊരിയുന്ന വയറുകളെ ശമിപ്പിക്കാൻ സംസ്ഥാനസർക്കാർ മുൻകൈ എടുക്കാത്തത് മനുഷ്യത്വരഹിതവും ക്രൂരവുമാണ്. ഭക്ഷണവും പാർപ്പിടവും പൗരന്മാരുടെ അടിസ്ഥാനാവകാശങ്ങളായിരിക്കേ, ദുർബലവിഭാഗങ്ങളോടുള്ള കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ നീതിനിഷേധവും അവകാശധ്വംസനങ്ങളും അങ്ങേയറ്റം പ്രതിഷേധാർഹമാണ്. ഇവിടുത്തെ സാംസ്കാരികനായകരും ബുദ്ധിജീവികളും ഇതൊക്കെ കണ്ടില്ലെന്നു നടിക്കുന്നതും ഇതിനെതിരേ ശബ്ദമുയർത്താതിരിക്കുന്നതും പൊതുസമൂഹത്തിനു മുമ്പിൽ ചോദ്യചിഹ്നമാവുകയാണ്.

ക്രൈസ്തവസന്ന്യസ്തരും കത്തോലിക്കാസഭയും നൂറ്റാണ്ടുകളായി നടത്തിവരുന്ന അഗതികളുടെ പരിചരണം ലോകമെമ്പാടും അംഗീകരിക്കപ്പെട്ടിട്ടുള്ളതാണ്. ഇന്ത്യയിൽത്തന്നെ പ്രവർത്തിക്കുന്ന ആയിരക്കണക്കിന് അഗതിമന്ദിരങ്ങളിലും അനാഥാലയങ്ങളിലും അഭയം ലഭിച്ചിരിക്കുന്നവർക്ക് മനസ്സമാധാനത്തോടെ ജീവിക്കാനും നന്മയിലേക്കു കടന്നുവരാനും സൗഖ്യം പ്രാപിക്കാനും നല്ല മരണം ലഭിക്കാനുമൊക്കെയുള്ള മനുഷ്യത്വപരമായ ശുശ്രൂഷകളാണ് കത്തോലിക്കാസഭ ചെയ്തുവരുന്നത്. പൗരസമൂഹത്തോടുള്ള അടിസ്ഥാന ഉത്തരവാദിത്വങ്ങളിൽ സർക്കാരുകളെ ഇത്രമാത്രം പിന്തുണയ്ക്കുന്ന മറ്റൊരു സമൂഹമോ സമുദായമോ ഇന്ത്യയിലെന്നല്ല, ലോകത്തൊരിടത്തുമുണ്ടാവില്ല.

അഗതികൾക്ക് അഭയമരുളുന്ന സന്ന്യസ്തർക്കുള്ള റേഷൻവിഹിതവും സർക്കാർ വെട്ടിക്കുറച്ചെന്ന പുതിയ വാർത്തയും നീതിനിഷേധത്തിന്റെ തുടർക്കഥയായി മാത്രമേ കാണാനാവൂ. ക്ഷേമപെൻഷൻ ഉൾപ്പെടെയുള്ള സർക്കാർ ആനുകൂല്യങ്ങളിൽനിന്നെല്ലാം സന്ന്യസ്തരെ നേരത്തേതന്നെ മാറ്റിനിറുത്തിയിരിക്കുന്നതിനു പുറമേയാണിത്. 2021 മാർച്ചിൽ നോൺ പ്രയോരിറ്റി ഇൻസ്റ്റിറ്റ്യൂഷൻ വിഭാഗത്തിൽ ഉൾപ്പെടുത്തി അനുവദിച്ച റേഷൻവിഹിതമാണ് ഇപ്പോൾ വെട്ടിക്കുറച്ചിരിക്കുന്നത്. അഗതിമന്ദിരങ്ങളെയും ബാലഭവനങ്ങളെയും കൂടുതൽ അരക്ഷിതാവസ്ഥയിലേക്കു തള്ളിവിടുന്നതിന്റെ ഭാഗമായുള്ള ഇത്തരം ജനദ്രോഹനയങ്ങളിൽനിന്ന് സർക്കാരുകൾ അടിയന്തരമായി പിന്മാറുകതന്നെ ചെയ്യണം.

# സാഹിത്യലോകം യുവപ്രതിഭകൾക്ക് അവസരമൊരുക്കണം

## മാർ ജേക്കബ് മുരിക്കൻ




*ദീപനാളത്തിന്റെ ആഭിമുഖ്യത്തിൽ സ്കൂൾ - കോളജ് വിദ്യാർത്ഥികൾക്കായി സംഘടിപ്പിച്ച ഏകദിന സാഹിത്യശില്പശാല പാലാ രൂപത സഹായമെത്രാൻ മാർ ജേക്കബ് മുരിക്കൻ ഉദ്ഘാടനം ചെയ്യുന്നു. ഡാലിയ വിജയകുമാർ, ഫാ. കുര്യൻ തടത്തിൽ, ഡോ. ഡേവിസ് സേവ്യർ, ഡോ. കുര്യാസ് കുമ്പളക്കുഴി, ഫാ. ഡോ. തോമസ് മൂലയിൽ, മോബിൻ മോഹൻ, ജോയി മുത്തോലി എന്നിവർ സമീപം.*

പാലാ: സാഹിത്യലോകം യുവപ്രതിഭകൾക്കു മതിയായ അവസരം പ്രദാനം ചെയ്യണമെന്നും അത്തരം സംരംഭങ്ങൾക്ക് ദീപനാളം വേദിയാകുന്നത് ശ്ലാഘനീയമാണെന്നും പാലാ രൂപത സഹായമെത്രാൻ മാർ ജേക്കബ് മുരിക്കൻ. ദീപനാളം ഓഡിറ്റോറിയത്തിൽ സ്കൂൾ - കോളജ് വിദ്യാർത്ഥികൾക്കായി സംഘടിപ്പിച്ച ഏകദിന സാഹിത്യശില്പശാല ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

ദീപനാളം ചീഫ് എഡിറ്റർ ഫാ. കുര്യൻ തടത്തിൽ ആമുഖപ്രഭാഷണം നടത്തി. എഴുത്തുകാരനും നിരൂപകനുമായ ഡോ. കുര്യാസ് കുമ്പളക്കുഴി മുഖ്യപ്രഭാഷണം ചെയ്തു. അക്ഷരസമരത്തിന്റെ അമരക്കാരൻ ഫാ. ഡോ. തോമസ് മൂലയിൽ, കേന്ദ്രസാഹിത്യ അക്കാദമി യുവപുരസ്കാരജേതാവ് മോബിൻ മോഹൻ എന്നിവരെ ചടങ്ങിൽ ആദരിച്ചു. സി. ഡോ. തെരേസ് ആലഞ്ചേരിയുടെ 'നിലാവിന്റെ നിറം' എന്ന പുസ്തകം ചടങ്ങിൽ പ്രകാശനം ചെയ്തു. പാലാ സെന്റ് തോമസ് കോളജ് വൈസ് പ്രിൻസിപ്പലും മലയാളവിഭാഗം മേധാവിയുമായ ഡോ. ഡേവിസ് സേവ്യർ ആശംസയർപ്പിച്ചു. തിരക്കഥാകൃത്ത് ബിപിൻ ചന്ദ്രൻ, എഴുത്തുകാരായ മോബിൻ മോഹൻ, ഡോ. സി. തെരേസ് ആലഞ്ചേരി എന്നിവർ വിവിധ വിഷയങ്ങളിൽ ക്ലാസുകൾ നയിച്ചു.

പ്രഫ. സിജു ജോസഫ്, ഡോ. അലക്സ് ജോർജ്, ജോയി മുത്തോലി, ജോർജ് കെ.എം., ഡാലിയ വിജയകുമാർ, ബിനു സുതൻ, ലിജി ജോർജ് എന്നിവർ പരിപാടികൾക്കു നേതൃത്വം നല്കി.

# പ്രായം ചെന്നവർക്കു പലതും പറയാനുണ്ട്



മേരി സെബാസ്റ്റ്യൻ

പരിശുദ്ധ കന്യാമറിയത്തിന്റെ മാതാപിതാക്കളായ വി. ജോവാക്കിം - അന്ന ദമ്പതികളുടെ തിരുനാൾദിനമായ ജൂലായ് 26, മുത്തശ്ശീമുത്തശ്ശന്മാരുടെ ദിനമായി ആചരിക്കണമെന്നുള്ള ഫ്രാൻസീസ് പാപ്പായുടെ ഔദ്യോഗികപ്രഖ്യാപനം കഴിഞ്ഞ വർഷം മുതൽ പ്രാബല്യത്തിൽ വന്നിരിക്കുകയാണല്ലോ. അദ്ദേഹം പറയുന്നു: "വൃദ്ധമാതാപിതാക്കൾ അമൂല്യനിധിയാണ്. അവരെ അവഗണിക്കുന്നതും നിന്ദിക്കുന്നതും തള്ളിക്കളയുന്നതും മാരകപാപമാണ്."

വി. ഗ്രന്ഥത്തിന്റെ വെളിച്ചത്തിൽ വയോധികരെ നോക്കിക്കാണുമ്പോളാണ് അവരുടെ മഹത്ത്വവും ദൗത്യവും വിലയും നിലയും തിരിച്ചറിയാൻ സാധിക്കുന്നത്. "വൃദ്ധരിലാണു വിജ്ഞാനം. വയോധികരിലാണു വിവേകം" (ജോബ് 12:12). ജീവിതാനുഭവങ്ങളുടെ കലവറയാണ് വാർദ്ധക്യം. അതുകൊണ്ടുതന്നെ ചരിത്രസംഭവങ്ങളുടെയും പൈതൃകപാരമ്പര്യങ്ങളുടെയും മാനുഷികമൂല്യങ്ങളുടെയുമൊക്കെ മൂകളിൽനിന്നു ചിന്തിക്കുന്നവരാണു വയോധികർ. പ്രശ്നസങ്കീർണമായ ലോകത്തെ താങ്ങിനിറുത്തുന്ന നെടുംതൂണുകളാണ് വയോജനങ്ങൾ. കുടുംബങ്ങളിൽ മാത്രമല്ല, സാമൂഹിക സാംസ്കാരിക രാഷ്ട്രീയമതരംഗങ്ങളിലെല്ലാം വൃദ്ധരുടെ സാമിപ്യവും സാന്നിധ്യവും ഒരു തിരുത്തൽശക്തിയായി, മാർഗദർശനമായി, നിലകൊള്ളുന്നു. നിയമാവർത്തനം 32:7 ൽ ഇപ്രകാരം ആലേഖനം ചെയ്തിരിക്കുന്നു: "കഴിഞ്ഞുപോയ കാലങ്ങൾ ഓർക്കുവിൻ. തലമുറകളിലൂടെ കഴിഞ്ഞുപോയ വർഷങ്ങൾ അനുസ്മരിക്കുവിൻ. പിതാക്കന്മാരോടു ചോദിക്കുവിൻ; അവർ നിങ്ങൾക്കു പറഞ്ഞുതരും. പ്രായം ചെന്നവരോടു ചോദിക്കുവിൻ; അവർ നിങ്ങൾക്കു വിവരിച്ചുതരും."

മാനവസംസ്കാരത്തിന്റെ അടിവേരുകളായ അറിവും നെറിവും സത്യവും നീതിയും നന്മയുമെല്ലാം നമ്മുടെ പൂർവികരിൽനിന്നു തലമുറ തലമുറകളായി നമുക്കു പകർന്നുകിട്ടിയതാണ്. അവരുടെ കണ്ണീരിന്റെ നനവിലും വിയർപ്പിന്റെ ഉപ്പിലും അനുഭവത്തിന്റെ ഉലയിലുമിട്ടു ചുട്ടെടുത്ത പാഥേയം നാം ഏറ്റുവാങ്ങുകയും ഒപ്പം കൈമോശം വരാതെ ഇളംതലമുറയ്ക്കു പകർന്നുനൽകുകയും വേണം. വിശുദ്ധഗ്രന്ഥത്തിൽ തിളക്കമാർന്ന വ്യക്തിത്വത്തിന്റെ ഉടമകളായ നിരവധി വന്ദ്യവയോധികരെ നമുക്കു കണ്ടുമുട്ടാനാകും. അവരുടെ പ്രബോധനങ്ങളും തെറ്റുതിരുത്തലുകളും ഉപദേശങ്ങളും ശാസനകളും അതിലുപരി ഹൃദയം നിറഞ്ഞുള്ള അനുഗ്രഹങ്ങളുമാണ് എക്കാലത്തെയും ഇളംതലമുറയ്ക്കുള്ള സൗഭാഗ്യവും മൂലധനവും! ഇവയെല്ലാം പ്രാപിക്കാൻ ദൈവം നല്കിയിരിക്കുന്ന വാഗ്ദാനത്തോടുകൂടിയ ആദ്യത്തെ കല്പന പാലിച്ചേ തീരൂ. അതിപ്രകാരമാണ്: "നിങ്ങൾക്കു നന്മ കൈവരുന്നതിനും ഭൂമിയിൽ ദീർഘകാലം ജീവിക്കുന്നതിനുംവേണ്ടി മാതാവിനെയും പിതാവിനെയും ബഹുമാനിക്കുക."

ഇളംതലമുറയുടെ സൈ്വരജീവിതത്തിനു മുത്തശ്ശീമുത്തശ്ശന്മാർ വിലങ്ങുതടിയാണെന്നുള്ള ചിന്താഗതി ഇന്നിന്റെ മുഖമുദ്രയായി മാറിക്കൊണ്ടിരിക്കുന്നു. അച്ഛൻ, അമ്മ, ഒന്നല്ലെങ്കിൽ രണ്ടു കുട്ടികൾ. ഇതാണ് ഇന്നത്തെ കുടുംബസങ്കല്പം. വാർദ്ധക്യം ജീവിതത്തിന്റെ അവസാനഘട്ടമായതിനാൽ വൃദ്ധമാതാപിതാക്കൾ ലൗകികസുഖങ്ങളെക്കാൾ അധികമായി ആത്മീയോന്നമനത്തിന് ഊന്നൽകൊടുത്തുകൊണ്ട് മരണാനന്തരജീവിതത്തെക്കുറിച്ചുള്ള ചിന്തകൾ ഹൃദയത്തിൽ സൂക്ഷിക്കട്ടെ. അതിലൂടെ പല പ്രശ്നങ്ങൾക്കുമുള്ള പരിഹാരവും പല മുറിവുകൾക്കുമുള്ള ഔഷധവും ലഭിക്കുകതന്നെ ചെയ്യും. അതാണ് അഭികാമ്യവും അഭിലഷണീയവും.



വാർദ്ധക്യം സദാസമയവും ദൈവത്തോടൊപ്പം ആയിരിക്കേണ്ട കാലയളവാണ്. വൃദ്ധരും ഭക്തരുമായ ശിമയോനും അന്നയും ദൈവാലയത്തിൽത്തന്നെ പ്രാർത്ഥനയും ഉപവാസവും തപശ്ചര്യകളുംവഴി ദൈവത്തെ പ്രസാദിപ്പിച്ചു ജീവിച്ചുപോന്നുവെന്ന് ലൂക്കാസുവിശേഷകൻ രേഖപ്പെടുത്തിയിരിക്കുന്നു. ഉന്നതത്തിൽനിന്നുള്ള പല വെളിപ്പെടുത്തലുകളും ദൈവാലയത്തിൽവച്ചാണ് ലഭ്യമാകുന്നതെന്ന ഓർമപ്പെടുത്തലാണ് ദിവ്യഉണ്ണിയെ തിരിച്ചറിഞ്ഞതും കരങ്ങളിലെടുത്ത് ശിമയോൻ പ്രവചിച്ചതുമായ സംഭവം. 84 വയസ്സുള്ള വൃദ്ധയും വിധവയുമായ അന്ന എന്ന ഭക്തസ്ത്രീയ്ക്കാണ് രക്ഷകനെ ലോകത്തിന്റെ മുമ്പിൽ ആദ്യമായി പ്രഘോഷിക്കാനുള്ള ഭാഗ്യം ലഭിച്ചത്! അനുഗൃഹീതമായ വാർദ്ധക്യത്തെക്കുറിച്ചു സങ്കീർത്തകൻ പറയുന്നു: "അവരെ കർത്താവിന്റെ ഭവനത്തിൽ നട്ടിരിക്കുന്നു. അവർ ദൈവത്തിന്റെ അങ്കണത്തിൽ തഴച്ചുവളരുന്നു. വാർദ്ധക്യത്തിലും അവർ ഫലം പുറപ്പെടുവിക്കുന്നു. അവർ എന്നും ഇലചൂടി പുഷ്ടിയോടെ നിൽക്കും" (സങ്കീ. 92:13:14).

പരിശുദ്ധ മറിയത്തിന്റെ മാതാപിതാക്കളും ഈശോയുടെ മുത്തശ്ശിയും മുത്തശ്ശനുമായ അന്ന-ജോവാക്കിം ദമ്പതികളുടെ ജീവിതത്തിലേക്കുകൂടിയുള്ള ഒരെത്തിനോട്ടം ഇവിടെ ഏറെ അവസരോചിതംതന്നെ. ഇവരെക്കുറിച്ചുള്ള വിവരണങ്ങൾ വിശുദ്ധഗ്രന്ഥത്തിൽ അധികമില്ല. എന്നാൽ, സഭയുടെ വിശുദ്ധപാരമ്പര്യങ്ങളടങ്ങുന്ന അപ്പോക്രിഫ എന്ന സുവിശേഷങ്ങളിൽനിന്നും മരിയവാൾത്തോർത്ത തുടങ്ങി ചില വിശുദ്ധാത്മാക്കൾക്കു ലഭിച്ച സ്വർഗ്ഗീയവെളിപ്പെടുത്തലുകളിൽനിന്നുമാണ് വിശുദ്ധ ജോവാക്കിം-അന്നയെക്കുറിച്ചുള്ള അറിവുകൾ ലഭ്യമാകുന്നത്. വി. ഖുറാനിലും ചില വിവരങ്ങൾ ലഭ്യമാണ്.

ഇസ്രായേൽജനം പ്രതീക്ഷയോടെ കാത്തിരിക്കുന്ന രക്ഷകനു പിറക്കാൻ തങ്ങളുടെ തലമുറയിൽ ആരുമില്ലാതെ വംശം അറ്റുപോകുമല്ലോ എന്ന മനോവിഷമമായിരുന്നു അവരെ വരിഞ്ഞുമുറുക്കിയിരുന്നത്. ഒരുനാൾ നേർച്ചകാഴ്ചകളുമായി ദൈവാലയത്തിലെത്തിയ ജോവാക്കിമിനെ പുരോഹിതൻ പരിഹസിക്കുകയും കുറ്റപ്പെടുത്തുകയുമുണ്ടായി. മനോവിഷമത്തിന്റെ ആധിക്യത്താൽ ദൈവാലയത്തിൽനിന്നു ഭവനത്തിലേക്കു മടങ്ങാതെ ഹെർമോൺ മലയിലേക്കു പുറപ്പെട്ടു. അന്നയെ വിവരമറിയിക്കാൻ പരിചയക്കാരെ ചുമതലപ്പെടുത്തി. നാല്പതു രാവും നാല്പതു പകലും ജോവാക്കിം ഹെർമോൺ മലയിലും അന്ന സ്വന്തം ഭവനത്തിലുമായി ഏകമനസ്സോടെ ഉപവാസവും പ്രാർത്ഥനയുമായി കഴിച്ചുകൂട്ടി. അവരുടെ കണ്ണീരും വിലാപവും സ്വർഗകവാടം തുറക്കാൻ പര്യാപ്തമായിരുന്നു. അവരിൽ സംപ്രീതനായ ദൈവം തന്റെ ദൂതനെ ഭൂമിയിലേക്കയച്ചു. ആദ്യം ജോവാക്കിമിനെ സന്ദർശിച്ചുകൊണ്ടു പറഞ്ഞു: "നീ സമാധാനത്തോടെ സ്വന്തം ഭവനത്തിലേക്കു മടങ്ങിപ്പോകുക. ദൈവം നിന്നിൽ പ്രസാദിച്ചിരിക്കുന്നു. നിന്റെ ഭാര്യ ഗർഭം ധരിച്ച് ഒരു കുഞ്ഞിനെ പ്രസവിക്കും." തൽക്ഷണം ദൂതൻ മറഞ്ഞു.

ദൂതൻ അന്നയെ സന്ദർശിച്ച് ഇപ്രകാരമറിയിച്ചു: "നിങ്ങളുടെ പ്രാർത്ഥനയിൽ ദൈവം കരുണ ചൊരിഞ്ഞിരിക്കുന്നു. നിന്റെ ഭർത്താവ് ഉടൻതന്നെ മടങ്ങിവരികയും നീ ഗർഭം ധരിച്ച് ഒരു കുഞ്ഞിനെ പ്രസവിക്കുകയും ചെയ്യും." അന്ന സന്തോഷാധിക്യത്താൽ സാഷ്ടാംഗപ്രണാമം ചെയ്ത് ദൈവത്തെ സ്തുതിച്ചുകൊണ്ട് ദൈവവുമായൊരു ഉടമ്പടി ചെയ്തു: "ദൈവമേ, നീ കനിഞ്ഞുനല്കുന്ന കുഞ്ഞ് ആണായാലും പെണ്ണായാലും ആജീവനാന്തം നിനക്കു ശുശ്രൂഷ ചെയ്യാൻ ഞാൻ ദൈവാലയത്തിൽ കാഴ്ചവയ്ക്കും. ആ കുഞ്ഞ് നിന്റേതു മാത്രമായിരിക്കട്ടെ!!" അന്ന കണ്ണീർ തുടച്ച് ദിനചര്യകളിൽ വ്യാപൃതയാകാൻ തുടങ്ങി.

ജോവാക്കിം സ്വഭവനത്തിലെത്തി ഭാര്യയോടൊപ്പം പൂർവാധികം ഭക്തിയോടും വിശുദ്ധിയോടുംകൂടി ദൈവത്തെ സ്തുതിച്ചും മഹത്ത്വപ്പെടുത്തിയും ആരാധിച്ചും ജീവിച്ചുപോന്നു. അന്ന ഗർഭം ധരിച്ചു. സമയത്തിന്റെ പൂർത്തിയിൽ ഒരു പെൺകുഞ്ഞിനെ പ്രസവിക്കുകയും ചെയ്തു. കുഞ്ഞിനെ കരങ്ങളിലെടുത്ത് അവർ ദൈവത്തിനു നന്ദിയും സ്തുതിയും ആരാധനയും അർപ്പിച്ചു. ഈ ഭൂമി മുഴുവൻ സുഗന്ധം പരത്തിക്കൊണ്ട് കുഞ്ഞു വളരുകയാണ്. അവർ കുഞ്ഞിനു മറിയം എന്നു പേരിട്ടു. കുഞ്ഞിന് മൂന്നു വയസ്സായപ്പോൾ തങ്ങളുടെ നേർച്ച നിറവേറ്റുന്നതിനായി ദൈവാലയത്തിലേക്കു പുറപ്പെട്ടു. ദൈവാലയത്തിലെത്തിയ കുഞ്ഞുമറിയം ഒരു മാടപ്രാവിനെപ്പോലെ ദൈവാലയത്തിന്റെ പടികൾ കടന്ന് പിന്നോട്ടു നോക്കാതെ പോവുന്ന കാഴ്ച വൃദ്ധമാതാപിതാക്കൾ നിർവൃതിയോടെ നോക്കിനിന്ന് ദൈവത്തിനു കീർത്തനമാലപിച്ചു!!

ദൈവവേലയ്ക്കായി കുഞ്ഞുങ്ങളെ നല്കാൻ മടിക്കുന്ന മാതാപിതാക്കൾക്ക് ഈ വിശുദ്ധാത്മാക്കൾ മാതൃകയായിരിക്കട്ടെ. മക്കളുടെ സാമീപ്യവും സാന്നിധ്യവും ലഭിക്കാത്ത മാതാപിതാക്കൾക്ക് ഈ വിശുദ്ധർ മദ്ധ്യസ്ഥരായിരിക്കട്ടെ. അനപത്യദുഃഖം അനുഭവിക്കുന്ന അനേകം ദമ്പതികൾക്ക് ഈ വിശുദ്ധ ദമ്പതികൾ സമാധാനവും സമാശ്വാസവും പകരട്ടെ. വൃദ്ധമാതാപിതാക്കൾക്ക് അഭയവും ആശ്രയവുമായിരിക്കട്ടെ. ■

---

നുറുങ്ങുകഥ | ഉണ്ണി വാരിയത്ത്

## മത്സരം



"ഒരു മത്സരത്തിലും നിങ്ങൾ ഇതേവരെ പങ്കെടുക്കുന്നതു കണ്ടിട്ടില്ലല്ലോ. തോൽക്കും എന്നു വിചാരിച്ചിട്ടാണോ?" അവർ കളിയാക്കി.

അയാൾ ഒരു ചെറുചിരിയോടെ പറഞ്ഞു:

"അല്ല. ജയിക്കും എന്ന് ഉറപ്പുള്ളതു കൊണ്ടാണ്. മറ്റുള്ളവർക്കു ജയിക്കാൻ അവസരം കൊടുക്കലാണത്. ഇനിയെങ്ങാനും മത്സരത്തിൽ ചേർന്നാലും ഞാൻ തോറ്റുകൊടുക്കുകയേ ഉള്ളൂ. ഞാൻ മത്സരിക്കേണ്ടത് എന്നോടു മാത്രമാണ്, എന്റെ കഴിവുകൾ കൂടുതൽ നന്നാക്കാൻ"




ജൂലൈ 24
കൈത്താക്കാലം
ഒന്നാം ഞായർ

ഉത്പ 35 : 23 – 29
ജോഷ്വാ 4 : 1–9
വെളി 21 : 9 – 21
മത്താ 10 : 1 – 15

# പന്ത്രണ്ടു കവാടങ്ങളും അടിസ്ഥാനങ്ങളും



ഡോ. ജോസഫ് കരികുളം

ശ്ലീഹാക്കാലത്തിൽനിന്നു കൈത്താക്കാലത്തിലേക്ക്... വചനമാകുന്ന വിത്തു വിതയ്ക്കപ്പെട്ടുതുടങ്ങിയിരിക്കുന്നു. കൈത്താക്കാലം സഭയുടെ വളർച്ചയുടെയും വിളവെടുപ്പിന്റെയും കാലമാണ്. 'കൈത്താ' എന്ന സുറിയാനിവാക്കിന്റെ അർത്ഥം 'വേനൽ' എന്നാണ്. വിളവെടുപ്പു നടക്കുന്നത് വേനൽക്കാലത്താണല്ലോ. വചനവിത്തിന്റെ വളർച്ചയിൽ വചനംതന്നെയായ ഈശോമിശിഹായാണ് കേന്ദ്രബിന്ദു. എന്നാൽ, ഈ വചനത്തെ ലോകമെങ്ങും എത്തിക്കുന്നത് അവിടത്തെ പന്ത്രണ്ട് അപ്പസ്തോലന്മാരാണ്. തങ്ങൾ സ്വീകരിച്ച വചനത്തെ പൂർണമായി ഉൾക്കൊണ്ട ശിഷ്യന്മാർ (മത്താ. 26:26) തങ്ങളെത്തന്നെ വചനം വിതയ്ക്കുന്നവരാക്കി. പലമടങ്ങു ഫലം നല്കാനായി അഴിഞ്ഞുതീരുന്ന ഗോതമ്പുമണികളെപ്പോലെ അവർ തങ്ങളെത്തന്നെ സുവിശേഷപ്രഘോഷണത്തിനായി വിട്ടുനല്കി. അതുകൊണ്ട്, കൈത്താക്കാലം ശ്ലീഹന്മാരുടെ വിശുദ്ധിയുടെയും രക്തസാക്ഷിത്വത്തിന്റെയും ഓർമദിവസങ്ങൾകൂടിയാണ്. വളരെ പ്രത്യേകമായി, കൈത്താക്കാലത്തിന്റെ ആദ്യ ഞായറാഴ്ച പന്ത്രണ്ടു ശ്ലീഹന്മാരുടെ തിരുനാൾദിനമാണ്.

ഇന്നത്തെ വായനകളെല്ലാം പന്ത്രണ്ടുമായി ബന്ധപ്പെട്ടതാണ്. വി. ഗ്രന്ഥത്തിന്റെ തുടക്കം മുതൽ അവസാനംവരെ പന്ത്രണ്ട് എന്ന സംഖ്യയുമായി ബന്ധപ്പെട്ടിരിക്കുന്ന വായനഭാഗങ്ങളുടെയെല്ലാം ആകെത്തുകയാണ് സഭയിൽ ഇന്നു പ്രഘോഷിക്കപ്പെടുന്നത്. അതു പന്ത്രണ്ട് എന്ന സംഖ്യയ്ക്ക് എന്തെങ്കിലും മാന്ത്രികതയോ പ്രത്യേകതയോ ഉള്ളതുകൊണ്ടല്ല; മറിച്ച്, ദൈവത്തിന്റെ വെളിപാട് മനുഷ്യരിൽ പൂർണമാകുന്ന ക്രമാനുഗതമായ വളർച്ചയിൽ (Progressive Revelation) പന്ത്രണ്ടിനു പ്രത്യേകമായ സ്ഥാനം ലഭിച്ചതുകൊണ്ടാണ്. പൂർവപിതാവായ യാക്കോബിന് പന്ത്രണ്ടു പുത്രന്മാരാണ് ഉണ്ടായിരുന്നതെന്നതാണ് വി. ഗ്രന്ഥത്തിലുടനീളം പന്ത്രണ്ടിനു പ്രാധാന്യം ലഭിക്കാൻ കാരണം.

മനുഷ്യന്റെ രക്ഷയ്ക്കുവേണ്ടി ദൈവം ഒരുക്കുന്ന പദ്ധതിയുടെ കേന്ദ്രബിന്ദു, വാഗ്ദാനം ചെയ്യപ്പെട്ട രക്ഷകനെ സ്വീകരിക്കാൻ ഒരു ജനത ഒരുക്കപ്പെടുന്നു എന്നതാണ്. അബ്രാഹമാണ് ആ ജനതയുടെ പിതാവെങ്കിലും അവർ അറിയപ്പെട്ടത് യാക്കോബിന്റെ പേരിലായിരുന്നു; ഇസ്രായേൽ. ഇസ്രായേൽ രാജ്യത്തിന്റെ ഉള്ളടക്കം യാക്കോബും അവന്റെ പന്ത്രണ്ടു പുത്രന്മാരുമായിരുന്നു (ഒന്നാം വായന- ഉത്പ. 35:23-29). അവരിൽനിന്നുണ്ടായ ജനത രക്ഷാകരപദ്ധതിയുടെ സംവാഹകരാകുന്നു.

ഇസ്രായേലിന്റെ പന്ത്രണ്ടു ഗോത്രങ്ങളും അഥവാ യാക്കോബിന്റെ പന്ത്രണ്ടു മക്കളും അവരുടെ പിൻമുറക്കാരും ഈജിപ്തിൽ അടിമകളായി പോകേണ്ടിവരുന്നു. മക്കളുടെ സ്വഭാവം അവന്റേതുതന്നെ... ദൈവത്തോടു മല്ലുപിടിക്കുക! ഈജിപ്തിലെ അടിമത്തത്തിൽനിന്നു ദൈവം രക്ഷിക്കുന്ന ഇസ്രായേൽജനം കാനാൻദേശത്തേക്കുള്ള യാത്രയിൽ തങ്ങൾ സഞ്ചരിക്കുന്ന വഴികളിൽ ബലിയർപ്പിക്കുമ്പോഴും സഞ്ചാരപാതയിൽ സ്മാരകശിലകൾ സ്ഥാപിക്കുമ്പോഴും, കുടുംബബന്ധത്തിന്റെയും സാഹോദര്യത്തിന്റെയുമായ യാക്കോബിന്റെ പന്ത്രണ്ടു മക്കൾ എന്ന യാഥാർത്ഥ്യത്തെ പന്ത്രണ്ടു കല്ലുകൾ എന്ന പ്രതീകമാക്കി. (രണ്ടാം വായന - ജോഷ്വാ 4:1-9).

ഇപ്രകാരം സ്ഥാപിക്കപ്പെടുന്ന കല്ലുകളുടെ ഉദ്ദേശ്യം ദൈവം തന്റെ ജനത്തിനു നല്കുന്ന വാഗ്ദാനങ്ങളുടെ ഒരു പ്രത്യേകസ്ഥലത്തു നടക്കുന്ന ഭാഗികമായ പൂർത്തീകരണത്തിന്റെ ഓർമയാണ്. "കർത്താവിന്റെ വാഗ്ദാനപേടകം നദി കടന്നപ്പോൾ ജോർദാനിലെ ജലം വിഭജിക്കപ്പെട്ടു" (4:7b). "ഇത് എന്തു സൂചിപ്പിക്കുന്നുവെന്ന് ഭാവിയിൽ നിങ്ങളുടെ മക്കൾ ചോദിക്കുമ്പോൾ അവരോടു പറയണം" (ജോഷ്വ 4:7a). പന്ത്രണ്ടു കല്ലുകൾ വെറും ഓർമയല്ല; ദൈവം തന്റെ ജനത്തെ മറന്നിട്ടില്ല എന്നതിന്റെ അതിശക്തമായ ഓർമപ്പെടുത്തലാണ്. യാക്കോബിന്റെ പന്ത്രണ്ടു മക്കൾ, സന്തതികൾ ഉണ്ടാവില്ല എന്നു കരുതപ്പെട്ടിരുന്ന അബ്രാഹത്തിന് ദൈവം നല്കിയ ഫലസമൃദ്ധിയുടെ അടയാളങ്ങളാണ്. കൈത്ത ആദ്യഞായറിലെ ഒന്നാം വായനയിൽനിന്നു രണ്ടാം വായനയിലേക്കെത്തുമ്പോൾ യാക്കോബിന്റെ പന്ത്രണ്ടു മക്കൾ ഇസ്രായേലിന്റെ പന്ത്രണ്ടു ഗോത്രങ്ങളായി വികസിക്കുന്നതു നാം കാണുന്നു.

ഈശോയുടെ കാലത്തു ജീവിച്ചിരുന്ന ഇസ്രായേൽജനം വിവിധ ഗോത്രങ്ങളിൽപ്പെട്ടവരായിരുന്നു. അവരിൽനിന്ന് ഈശോ പന്ത്രണ്ടു പേരെ വിളിക്കുന്നു (മത്താ. 10:1-15). യാക്കോബിന്റെ പന്ത്രണ്ടു മക്കൾ ഇസ്രായേൽജനമായി മാറിയെങ്കിൽ, ഈശോയുടെ പന്ത്രണ്ടു ശിഷ്യന്മാർ പുതിയ ഇസ്രായേലായ ദൈവജനത്തിന് അടിസ്ഥാനമായി മാറുന്നു. യാക്കോബിന്റെ മക്കൾ രക്ഷകനെ സ്വീകരിക്കാനുള്ള ജനത്തെ രൂപപ്പെടുത്തിയെങ്കിൽ ആ മിശിഹായുടെ വരവിന്റെ ഫലങ്ങൾ ലോകമെങ്ങുമെത്തിക്കുന്ന ദൗത്യം ശിഷ്യന്മാർക്കാണ്. അവരിൽനിന്നു സഭാകൂട്ടായ്മ രൂപപ്പെടുന്നു. പഴയ ഉടമ്പടിചരിത്രത്തിലെ രാഷ്ട്രതന്ത്രജ്ഞതയല്ല ദൈവരാജ്യപ്രഘോഷണത്തിനുള്ള നവീന മാർഗം. യുദ്ധവും അടവുതന്ത്രങ്ങളും ഇവിടെ അന്യം. മറിച്ച്, ദൈവാത്മാവിൽ ആയിരിക്കുന്ന സന്തോഷത്തിന്റെയും സമാധാനത്തിന്റെയും നവ്യാനുഭൂതിയാണത്.



**പഴയ ഉടമ്പടിചരിത്രത്തിലെ രാഷ്ട്രതന്ത്രജ്ഞതയല്ല ദൈവരാജ്യപ്രഘോഷണത്തിനുള്ള നവീന മാർഗം. യുദ്ധവും അടവുതന്ത്രങ്ങളും ഇവിടെ അന്യം. മറിച്ച്, ദൈവാത്മാവിൽ ആയിരിക്കുന്ന സന്തോഷത്തിന്റെയും സമാധാനത്തിന്റെയും നവ്യാനുഭൂതിയാണത്.**

ശിഷ്യന്മാരിലൂടെ ലോകത്തിന്റെ പല ഭാഗങ്ങളിൽ സ്ഥാപിതമായ സഭകൾ, ദൈവരാജ്യത്തിന്റെ ഭാഗമായിത്തീരുന്നതെങ്ങനെയെന്ന ചോദ്യത്തിന് നമുക്കിപ്പോൾ ഉത്തരമുണ്ട്. യാക്കോബിന്റെ പന്ത്രണ്ടു മക്കളിൽനിന്നുരൂവായ ജനം ഇസ്രായേൽരാജ്യമായതുപോലെ, ശിഷ്യന്മാരിൽനിന്നുണ്ടായ സഭ, ദൈവരാജ്യം പുതിയ ഇസ്രായേലായി മാറുന്നു.

സ്വർഗീയജറുസലെമിനെക്കുറിച്ചു വെളിപാടുപുസ്തകം പരാമർശിക്കുമ്പോൾ, അതിലെ പന്ത്രണ്ടു കവാടങ്ങളെ എടുത്തുകാണിക്കുന്നു. (ലേഖനം വെളിപാട് 21:9–21). 'ഈ പന്ത്രണ്ടു കവാടങ്ങളിൽ ഇസ്രായേലിന്റെ പന്ത്രണ്ടു മക്കളുടെ പേരുകൾ എഴുതിയിരിക്കുന്നു' (21:12). ഇസ്രായേലിന്റെ പന്ത്രണ്ടു മക്കളിലൂടെയാണ് രക്ഷയിലേക്കു ജനം എത്തുന്നത് എന്നു വിവക്ഷ. വീണ്ടും സ്വർഗീയജറുസലേം നഗരത്തിന് പന്ത്രണ്ട് അടിസ്ഥാനങ്ങൾ ഉള്ളതായി പറയുന്നു (21,14). പക്ഷേ, അവയിൽ എഴുതപ്പെട്ടിരിക്കുന്നതായിരിക്കട്ടെ 'കുഞ്ഞാടിന്റെ പന്ത്രണ്ട് അപ്പസ്തോലന്മാരുടെ' പേരുകളും!

സ്വർഗീയജറുസലേം, ദൈവരാജ്യം, നിത്യജീവൻ, നിത്യരക്ഷ തുടങ്ങിയ ആശയങ്ങളെല്ലാം സൂചിപ്പിക്കുന്ന സ്വർഗരാജ്യത്തിലെ ജീവിതം എന്ന യാഥാർത്ഥ്യത്തിലേക്കു പഴയ ഉടമ്പടിയുടെയും പുതിയ ഉടമ്പടിയുടെയും ഉപഭോക്താക്കളെ ഒരുമിച്ചുചേർക്കുന്നതായി നാമിവിടെ കാണുന്നു. പഴയ ഉടമ്പടിയുടെ പന്ത്രണ്ടു നേതാക്കന്മാർ നിത്യരക്ഷയുടെ കവാടങ്ങളും പുതിയ ഉടമ്പടിയുടെ പന്ത്രണ്ടു ശുശ്രൂഷകർ നിത്യരക്ഷയുടെ അടിസ്ഥാനങ്ങളുമാണ്. ദൈവത്തിന്റെ ആത്മാവിനാൽ നയിക്കപ്പെടുന്ന ദൈവമക്കളുടെ ജീവിതത്തിന്റെ ലക്ഷ്യബോധമാണ് ഇവിടെ സൂചിപ്പിക്കപ്പെടുന്നത്. നേതാക്കന്മാരുടെയും ശുശ്രൂഷകരുടെയും പരസ്പരപൂരകങ്ങളായ പ്രവർത്തനമാണ് സഭയിലാണു രക്ഷ എന്നതിന്റെ ഉറപ്പ്. അടിസ്ഥാനമില്ലെങ്കിൽ കവാടങ്ങൾക്കുറപ്പുണ്ടാകില്ല; കവാടമില്ലെങ്കിൽ അടിസ്ഥാനത്തിന്റെ ആവശ്യവുമില്ല.

ദൈവികവെളിപാടിന്റെ ക്രമാനുഗതമായ വളർച്ചയിൽ പഴയ ഉടമ്പടിയിലെ പന്ത്രണ്ടു പേരും പുതിയ ഉടമ്പടിയിലെ പന്ത്രണ്ടു പേരും, രക്ഷയുടെ മഹാസുദിനത്തിൽ, നമ്മുടെ കവാടങ്ങളും അടിസ്ഥാനവുമാകുന്നു. രക്ഷയുടെ മാർഗത്തെ ലോകത്തിനു പകർന്നുനല്കിയ പന്ത്രണ്ട് അപ്പസ്തോലന്മാരെ നന്ദിയോടെ ഓർക്കാം. ■

# ദൈവത്തിനു പ്രതിഷ്ഠിക്കപ്പെട്ടവർ



ഫാ. കുര്യാക്കോസ് നരിതൂക്കിൽ

*കർദിനാൾ റോബർട്ട് സറായുടെ 'എന്നന്നേക്കും' (For the Eternity) എന്ന ഗ്രന്ഥം പങ്കുവയ്ക്കുന്ന പൗരോഹിത്യചിന്തകളുടെ അവലോകനം*

XII



പരിശുദ്ധ ബനഡിക്ട് പതിനാറാമൻ പാപ്പാ

"പിതാവേ, നിന്റെ വചനം സത്യമായതിനാൽ, ആ സത്യത്താൽ അവരെ പവിത്രീകരിക്കണമേ! നീ എന്നെ ലോകത്തിലേക്ക് അയച്ചതുപോലെ ഞാനും അവരെ ലോകത്തിലേക്ക് അയയ്ക്കുന്നു. അവരും സത്യത്താൽ വിശുദ്ധീകൃതരാകേണ്ടതിന് അവർക്കുവേണ്ടി എന്നെത്തന്നെ വിശുദ്ധീകരിക്കുന്നു" (യോഹ. 17: 17–19). 2009 ലെ പെസഹാവ്യാഴാഴ്ച മൂറോൻ വെഞ്ചരിപ്പിന്റെ കുർബാനമധ്യേ പരിശുദ്ധ ബനഡിക്ട് പതിനാറാമൻ പാപ്പായുടെ പ്രസംഗത്തിനാധാരം ഈ തിരുവചനഭാഗമായിരുന്നു.

**ബലിദാനം**

ഇതിൽ 19-ാം വാക്യം നമ്മുടെ മനസ്സിൽ ഉദിപ്പിച്ചേക്കാവുന്ന സംശയത്തിന് ബൈബിൾപണ്ഡിതനായ ബനഡിക്ട് പതിനാറാമൻ നിവാരണം വരുത്തുന്നുണ്ട്. 'ദൈവത്തിന്റെ പരിശുദ്ധൻ' എന്ന് ഒരു നിർണായകസന്ദർഭത്തിൽ വിശുദ്ധ പത്രോസ് പ്രഖ്യാപിക്കുന്ന (യോഹ: 6,69) ഈശോ എങ്ങനെ തന്നെത്തന്നെ വിശുദ്ധീകരിക്കും അല്ലെങ്കിൽ പവിത്രീകരിക്കും? പരിശുദ്ധൻ എന്ന വിശേഷണം ദൈവത്തിനുമാത്രമേ ചേരുകയുള്ളൂ. അവിടുന്ന് പരമപരിശുദ്ധനും പരമമായ സത്യവും സൗന്ദര്യവുമാണ്. അതുകൊണ്ട് ഈശോ തന്നെത്തന്നെ വിശുദ്ധീകരിക്കുന്നു എന്നു പറയുമ്പോൾ തന്നെത്തന്നെ ദൈവപിതാവിന് ഉഴിഞ്ഞുവയ്ക്കുന്നു എന്നാണ് അർത്ഥമാക്കേണ്ടതെന്ന് ബനഡിക്ട് പിതാവ് പ്രസ്താവിക്കുന്നു. വിശുദ്ധീകരണം എന്നതുകൊണ്ട് കുരിശിലെ അവിടുത്തെ ബലിദാനമാണ് ഈശോ വിവക്ഷിക്കുന്നത്. നമ്മുടെ കർത്താവീശോ മിശിഹാ ഒരേസമയം ബലിയർപ്പകനും ബലിവസ്തുവുമാണെന്ന് ഈ വാക്യം നമ്മെ പഠിപ്പിക്കുന്നു.

**തിരുപ്പട്ടദാനശുശ്രൂഷ**

'സത്യത്താൽ അവരെ വിശുദ്ധീകരിക്കണമേ' എന്ന പ്രാർത്ഥനയിലൂടെ ശ്ലീഹന്മാരുടെ തിരുപ്പട്ടദാന(ordination)മാണു നടന്നതെന്ന് ബനഡിക്ട് പാപ്പാ തുടർന്നു പറഞ്ഞു. അങ്ങനെ അവർ ദൈവത്തിനു പ്രതിഷ്ഠിക്കപ്പെട്ടവരായിത്തീരുന്നു. ഉടമസ്ഥതാകൈമാറ്റമാണ് അവിടെ സംഭവിക്കുന്നത്. ദൈവമാണ് പൗരോഹിത്യതിരുപ്പട്ടം സ്വീകരിച്ചവന്റെ ഉടമസ്ഥൻ. ദൈവത്തിനായി നീക്കിവയ്ക്കപ്പെട്ടവനാണെങ്കിലും അവൻ ദൈവജനത്തിന്റെ പ്രതിനിധിയും അവരെല്ലാവർക്കും സംലഭ്യനുമാകണം.

**ദൈവവചനം**

'സത്യത്താൽ അവരെ വിശുദ്ധീകരിക്കണമേ' എന്ന പ്രാർത്ഥനയോടൊപ്പം 'നിന്റെ വചനമാണു സത്യം' എന്ന് ഈശോനാഥൻ അരുൾ ചെയ്യുന്നുണ്ട്. അതിനു വിശദീകരണമായി ബനഡിക്ട് മാർപാപ്പാ പറയുന്നത്, ദൈവവചനത്തിൽ, അതായത്, 'ഞാനാകുന്നു സത്യം' എന്നു പ്രഘോഷിച്ച ഈശോയിൽ നിമജ്ജനം ചെയ്ത് പവിത്രീകൃതനാകുന്നവനാണ് പുരോഹിതൻ എന്നാണ്.



കർദിനാൾ റോബർട്ട് സറാ

ഈശോമിശിഹായാണ് നിത്യപുരോഹിതൻ; ആ പൗരോഹിത്യത്തിൽ ഭാഗഭാക്കാവുകയാണ് ഓരോ പുരോഹിതനും. തന്നെത്തന്നെ പരിത്യജിച്ച് മിശിഹായോടു ചേർന്നുനിൽക്കാതെ, താൻ സ്വീകരിച്ച പൗരോഹിത്യമുദ്ര മറന്ന് സ്വാർത്ഥനേട്ടങ്ങൾക്കായി ജീവിച്ചാൽ അതു ശിക്ഷാവിധിക്കു കാരണമാകുമെന്നും ബനഡിക്ട് പിതാവ് പ്രസ്താവിക്കുന്നുണ്ട്. പുരോഹിതൻ അനുദിനം മിശിഹായുമായി സത്യത്തിലും സ്നേഹത്തിലും താദാത്മ്യം പ്രാപിക്കുന്നവനായിരിക്കണം. ആഴമായ പ്രാർത്ഥനാനുഭവം ഉള്ളവനായിരിക്കണം മിശിഹായുടെ പുരോഹിതൻ.

തന്റെ തിരുപ്പട്ടസ്വീകരണത്തിന്റെ തലേന്നാൾ ഈ വചനഭാഗങ്ങൾ വായിച്ചു ധ്യാനിച്ചതിന്റെ സ്മരണ പങ്കുവച്ചുകൊണ്ടാണ് പെസഹാത്തിരുനാളിലെ ഈ തിരുവചനപ്രഘോഷണം ബനഡിക്ട് പിതാവ് ഉപസംഹരിച്ചത്.

പരിശുദ്ധ പിതാവിന്റെ ആഴമേറിയ ഈ വിചിന്തനങ്ങളെ അധികരിച്ച് കർദിനാൾ റോബർട്ട് സറാ നല്കുന്ന ധ്യാനചിന്തകളുടെ രത്നച്ചുരുക്കം ചുവടെ ചേർക്കുന്നു:

കർദിനാൾ സറാ കുർബാനയിൽ സഹകാർമികനായിരുന്നു. എല്ലാ പ്രായത്തിലും പെട്ട അനേകം വൈദികരും ആ പെസഹാവ്യാഴാഴ്ചത്തെ വിശുദ്ധകുർബാനയിൽ പങ്കെടുത്തിരുന്നു. അവരുടെ മുമ്പിൽ തന്റെ ഹൃദയം തുറന്നുവയ്ക്കുകയായിരുന്നു ബനഡിക്ട് പിതാവ് എന്നാണ് കർദിനാൾ ആദ്യമേ നിരീക്ഷിക്കുന്നത്.

മാർപാപ്പാ വിശദമാക്കിയതുപോലെ നമ്മൾ പൂർണമായും ദൈവത്തിനു സമർപ്പിക്കപ്പെട്ടവരാണോ? ലോകം ഉപേക്ഷിക്കാനുള്ള ദൈവികസ്വരം ശ്രവിച്ചവനാണു വൈദികൻ. ഈശോ ബലിയായതുപോലെ ബലിയാകാൻ സമ്മതിച്ചവനാണു വൈദികൻ. അനുദിനം മിശിഹാ അവനിൽ വളർന്നുവരണം. വൈദികനിൽ മിശിഹായെ ദർശിക്കാനും ശ്രവിക്കാനും ജനത്തിനു സാധിക്കണം. വൈദികന്റെ പവിത്രത അവൻ പരികർമം ചെയ്യുന്ന കൂദാശകളിലാണ് അടങ്ങിയിരിക്കുന്നത്. ദൈവികതയ്ക്ക് (sacred) ഭ്രഷ്ടു കല്പിക്കാനുള്ള ആധുനികപ്രവണതയെ കർദിനാൾ സറാ ശക്തമായി അപലപിക്കുന്നുണ്ട്.

സുറിയാനിപാരമ്പര്യത്തിൽ ഉപയോഗിക്കുന്ന 'റാസ', 'കൂദാശ' എന്നീ പദങ്ങൾ ദിവ്യരഹസ്യങ്ങളെയും വിശുദ്ധകർമങ്ങളെയും സൂചിപ്പിക്കുന്നുവെന്ന് കർദിനാൾ എടുത്തുപറയുന്നുണ്ട്.


ദൈവത്തിനു പ്രതിഷ്ഠിക്കപ്പെട്ടവനും പവിത്രീകൃതനുമായ പുരോഹിതൻ പാപം ചെയ്യുമ്പോൾ അത് ഗൗരവമായ ദൈവനിന്ദയും ഇടർച്ചയുമാണെന്ന് കർദിനാൾ നിരീക്ഷിക്കുന്നു. വിശുദ്ധനല്ലാത്ത വൈദികൻ ഒരു വിരോധാഭാസമാണ്. വിശുദ്ധികൂടാതെ എങ്ങനെ പവിത്രീകൃതനാകും; എങ്ങനെ പരിപാവനമായവ പരികർമം ചെയ്യും എന്നും അദ്ദേഹം പ്രസ്താവിക്കുന്നുണ്ട്.

'തിരുപ്പട്ടവൈദികൻ തന്റെ സ്വരവും കരങ്ങളും അസ്തിത്വം മുഴുവനും മിശിഹായ്ക്കു വിട്ടുകൊടുക്കുന്നു' എന്ന് വിശുദ്ധ ഹോസെമരിയ എസ്ക്രിവ പറഞ്ഞിട്ടുള്ള കാര്യം പ്രസക്തമാണെന്ന് കർദിനാൾ ഓർമിപ്പിക്കുന്നു. പുരോഹിതൻ തനിക്കുവേണ്ടിയല്ല ജീവിക്കേണ്ടത്; മുഴുവനായും ദൈവത്തിനുവേണ്ടിയും ദൈവജനത്തിനുവേണ്ടിയുമാണെന്ന് ബനഡിക്ട് പാപ്പാ പറഞ്ഞത് കർദിനാൾ എടുത്തു പറയുന്നുണ്ട്.

വൈദികരിലൂടെയാണ് ഈശോമിശിഹായുടെ രക്ഷാകരപ്രവർത്തനങ്ങൾ തുടരുന്നതെന്നും പൗരോഹിത്യം ഈശോയുടെ ഹൃദയത്തിലെ സ്നേഹംതന്നെയാണെന്നുമുള്ള വിശുദ്ധ ജോൺ വിയാനിയുടെ വാക്കുകളും കർദിനാൾ സറാ ഓർമിപ്പിക്കുന്നുണ്ട്. നിത്യരക്ഷ പരിശുദ്ധത്രിത്വത്തിന്റെ പ്രവൃത്തിയാണ്.

ലോകത്തിന്റെ ആശകളും നിരാശകളുമെല്ലാം വൈദികന് അന്യമല്ലെങ്കിലും അവൻ ലോകത്തിൽനിന്നു ഭിന്നമായി ചിന്തിക്കുകയും ദൈവത്തിന് അടയാളമായി വർത്തിക്കുകയും വേണം. വസ്ത്രധാരണത്തിൽ താൻ ദൈവികനാണെന്നു വ്യക്തമാക്കാനുള്ള ധൈര്യം ഉള്ളവരായിരിക്കണം വൈദികൻ എന്നും കർദിനാൾ സറാ നിരീക്ഷിക്കുന്നുണ്ട്. അദ്ദേഹം എഴുതുന്നതുപോലെ, പിതാവായ ദൈവത്തെ കണ്ടെത്താനും എല്ലാറ്റിലും ഉപരിയായി അവിടുത്തെ സ്നേഹിക്കാനും ആത്മാക്കളെ സഹായിക്കുക എന്നതാണ് പുരോഹിതന്റെ പ്രധാന കടമ എന്നു തിരിച്ചറിയാം. ■

# ടാക്സിഡ്രൈവർ



സി.എൽ. ജോസ്

അമേരിക്കയിലെ ഫ്ളോറിഡ നഗരത്തിൽ താമസിക്കുന്ന ഒരു വെള്ളക്കാരി. അവരുടെ കൊച്ചുമോനുമുണ്ടു കൂടെ. അവനു കഷ്ടിച്ച് അഞ്ചുവയസ്സു കാണും. രണ്ടു പേരും പൂനിലാവിന്റെ നിറമുള്ളവർ.

അവർക്ക് എങ്ങോട്ടോ പോകാൻ ഒരു ടാക്സി വേണം. അതിനു ഫുട്പാത്തിൽ കാത്തുനിൽക്കുകയാണ്. അല്പം കഴിഞ്ഞപ്പോൾ കാലിയായ ടാക്സി പോകുന്നതുകണ്ട് അവർ കൈകൊട്ടി വിളിച്ചു.

ടാക്സി ഫുട്പാത്തിനോടു ചേർത്തു നിർത്തിയപ്പോൾ ഡോർ തുറന്നു യുവതി ആദ്യം കയറി. പിന്നെ മകനെ പിടിച്ചു കയറ്റി. യാത്ര പോകേണ്ട സ്ഥലം പറഞ്ഞു കൊടുത്തു. സീറ്റിൽ കയറിയിരുന്നപ്പോൾ കൊച്ചുമോൻ സ്വാഭാവികമായും ഡ്രൈവറെ നോക്കി. കരിംകറുപ്പനായ ഒരു നീഗ്രോ ഡ്രൈവർ.

ഡ്രൈവറെ കണ്ടപ്പോൾ കൊച്ചുമോന് വല്ലാത്ത വെറുപ്പുതോന്നി. "മമ്മി! എന്തു നിറമാ ഇത്. എനിക്കു പേടിയാകുന്നു. എനിക്ക് അറപ്പു തോന്നുന്നു. കാറു നിറുത്താൻ പറ മമ്മി."

"എന്തിനാ?"

"നമുക്കു വേറേ കാറു വിളിക്കാം ഇയാളു വേണ്ട."

മോന്റെ പറച്ചിൽ ഡ്രൈവർ കേൾക്കുന്നതിൽ മാനസികമായി വിഷമിക്കുന്ന അമ്മ.

"സാരമില്ല. നമ്മൾ കുറേനേരം കാത്തുനിന്നിട്ടല്ലേ ടാക്സി കിട്ടിയത്. വേഗം എത്തും."

എല്ലാം കേൾക്കുന്നുണ്ടെങ്കിലും ഡ്രൈവർ ഒന്നും മിണ്ടുന്നില്ല. അയാളുടെ മുഖം മ്ലാനമാണ്.

ഈയവസരത്തിൽ മമ്മി മോന്റെ ശ്രദ്ധ മറ്റൊന്നിലേക്കു തിരിച്ചു.

"മോനേ, കഴിഞ്ഞയാഴ്ച നമ്മൾ ചിൽഡ്രൻസ് പാർക്ക് കാണാൻ പോയപ്പോൾ അവിടത്തെ വലിയ പൂന്തോട്ടം കണ്ടില്ലേ? പല തരത്തിലുള്ള, പല നിറത്തിലുള്ള ഒരുപാട് പൂക്കൾ. അതു കണ്ടില്ലേ?"

"കണ്ടു."

"എന്തെല്ലാം നിറങ്ങളാണ് പൂക്കൾക്ക്. വെള്ള, ചുവപ്പ്, നീല, മഞ്ഞ, റോസ്, വയലറ്റ് അങ്ങനെ പല പല നിറത്തിലുള്ള പൂക്കൾ. എന്തൊരു ഭംഗിയുള്ള കാഴ്ചയാണ്."

മകൻ മമ്മി പറയുന്നതു സശ്രദ്ധം കേട്ടുകൊണ്ടിരിക്കയാണ്.

"ഇനി മമ്മി പറയുന്നതു മോൻ നല്ല വണ്ണം ശ്രദ്ധിച്ചു കേൾക്കണം. ഒരു നിറം മാത്രമുള്ള പൂക്കളുടെ തോട്ടമായാൽ കാണാൻ ഭംഗി കുറവല്ലേ മോനേ?"

"അതേ മമ്മി."

വിവിധ വർണങ്ങളിലുള്ള എല്ലാത്തരം പൂക്കളും നിറഞ്ഞു വിരിഞ്ഞു നിൽക്കുമ്പോഴല്ലേ പൂന്തോട്ടം കാണാൻ ഏറെ ഭംഗി?"

"അതേ മമ്മീ..."

അതുപോലെ, ഈ ലോകം ഒരു പൂന്തോട്ടമാണു മോനെ. വെളുത്ത മനുഷ്യർ, കറുത്ത മനുഷ്യർ, ഇരുനിറമുള്ളവർ, കോഫികളറുള്ളവർ, പുളിയുറുമ്പിന്റെ കളറുള്ളവർ, പൂവൻപഴത്തിന്റെ നിറമുള്ളവർ, നല്ല ആപ്പിളിന്റെ നിറമുള്ളവർ, പൊക്കം കുറഞ്ഞവർ, പൊക്കം കൂടിയയവർ, അങ്ങനെയങ്ങനെ എല്ലാത്തരം മനുഷ്യരും ജീവിക്കുന്ന മനോഹരമായ വലിയൊരു പൂന്തോട്ടമാണ് മോനേ ഈ ലോകം."

മമ്മിയുടെ ചിന്താമധുരമായ, ഭാവനാസമ്പന്നമായ ഈ വിവരണം കാതു കൂർപ്പിച്ചു കേൾക്കുകയാണു കുട്ടി.

ഈ സമയത്ത് ഓടിക്കൊണ്ടിരിക്കുന്ന കാർ പെട്ടെന്നു നിന്നു. താൻ തന്റെ ആവശ്യത്തിനു വിളിച്ച കാർ തന്നോടു ചോദിക്കാതെ എന്തിനാണു നിർത്തിയത് എന്നു ചോദിക്കാനായി ഡ്രൈവറെ നോക്കിയപ്പോൾ ആ മനുഷ്യൻ വിതുമ്പിക്കരയുന്നു.

ആ സ്ത്രീ അന്ധാളിച്ചുപോയി. കരയാൻ തക്കവിധം ഇവിടെ എന്തുസംഭവിച്ചു? അവർ ചോദിച്ചു:

"മൈ ഡിയർ ബ്രദർ! വൈ ആർ യൂ വീപ്പിങ്?"

"മാഡം! എന്റെ കൊച്ചുമോള് ഒരു ദിവസം എന്നോടു ചോദിച്ചു. പപ്പാ! നമ്മളെന്താ ഇങ്ങനെ നിറമില്ലാതെപോയത്? (കണ്ഠമിടറിക്കൊണ്ട് അയാൾ പറഞ്ഞു) ഇന്ന്... ഇന്ന്... എനിക്ക് അതിനുള്ള മറുപടി കിട്ടി. ഞാനെന്റെ മോളോടു പറയും. "മോളേ.... ലോകം ഒരു വലിയ പൂന്തോട്ടമാണെന്ന്. താങ്ക് യൂ മാഡം, താങ്ക് യൂ!"

കണ്ണുകൾ തുടച്ച് അയാൾ വണ്ടി സ്റ്റാർട്ടാക്കി. തന്റെ കൊച്ചുമോനെ ബോധവാനാക്കാൻ ആ നല്ല അമ്മ ഒരു ഉപമ പറഞ്ഞപ്പോൾ, അത് ആ നീഗ്രോ ഡ്രൈവറുടെ മനസ്സിൽ പുതിയൊരു വെളിച്ചം വീശി.

ഇന്ന് ആ മനുഷ്യൻ വീട്ടിൽച്ചെന്നിട്ടു കൊച്ചുമോളെ എടുത്തുയർത്തി ഒരു മുത്തം കൊടുത്തിട്ട് എന്തെന്നില്ലാത്ത ആഹ്ലാദത്തോടെ പറയും: "മോളേ, ഈ ലോകം വലിയൊരു പൂന്തോട്ടമാണ്. നമ്മളൊക്കെ അതിലെ പൂക്കളാണ്." ■

# കുടുംബം നിറയെ കുനിഞ്ഞ ശിരസ്സുകൾ






ജസ്റ്റിൻ തോമസ്

ആധുനിക കുടുംബത്തിൽ ഇന്നു മീഡിയയുടെ സ്വാധീനം അപാരമാണ്. ഓരോ അംഗവും ഇരിക്കുമ്പോഴും നിൽക്കുമ്പോഴും നടക്കുമ്പോഴുമെല്ലാം മൊബൈലിലേക്കു കുനിഞ്ഞുനോക്കുന്ന കാലം. അമ്പരപ്പിക്കുന്ന വാർത്തകളാണു ചുറ്റും: മൊബൈൽ ഉപയോഗിക്കാനറിയുന്ന 72 കാരി ഇന്റർനെറ്റ് കട്ടായതിനാൽ അസ്വസ്ഥയായി വീടുവിട്ടിറങ്ങി, മൊബൈൽ ലഭിക്കാത്ത 12 വയസ്സുകാരൻ തന്റെ അമ്മയുടെ വയറ്റിൽ ആഞ്ഞുചവിട്ടി, വീട്ടുകാർ പുറത്തുപോയപ്പോൾ മൂന്നു ദിവസം ഭക്ഷണം കഴിക്കാതെ മൊബൈൽഗെയിം കളിച്ച 22 കാരൻ ബോധരഹിതനായി. വീട്ടിലെ ടിവിയും ന്യൂസ്പേപ്പറും കമ്പ്യൂട്ടറും ടാബും എല്ലാം മൊബൈലായി മാറുന്നു. സാക്ഷരതയെയും നിരക്ഷരതയെയും നിർണയിക്കുന്ന ഘടകം മൊബൈൽ ഉപയോഗത്തിലെ പ്രാവീണ്യമാണിന്ന്. 'കീഴ്പോട്ടു നോക്കാത്തവർ' വിവരം കെട്ടവരായി പ്രഖ്യാപിക്കപ്പെടുന്നു. വിഷാദരോഗമുൾപ്പെടെ അനവധി മാനസികരോഗങ്ങളും പിടലിവേദനയും ഹൃദയാഘാതവുമുൾപ്പെടെ അനവധി ശാരീരികപ്രശ്നങ്ങളും 'കീഴ്പോട്ടു നോക്കുന്നവർ' നേടിയെടുക്കുന്നു.

മീഡിയ എന്നത് മൊബൈൽ ഫോണായി മാറുമ്പോൾ അതു ശക്തമായ അടിമത്തം സൃഷ്ടിക്കുന്നു. മയക്കുമരുന്നിനടിമയാകുന്നതും മൊബൈലിന് അടിമയാകുന്നതും ഒരുപോലെതന്നെ. രണ്ടിൽനിന്നും പുറത്തുകടക്കാൻ ഡി-അഡിക്ഷൻ ചികിത്സ തന്നെ ആശ്രയം. മൊബൈൽ എല്ലാ മീഡിയകളെയും ഏറ്റെടുക്കുമ്പോഴുണ്ടാകുന്ന ലാഭത്തെ ഇവിടെ കുറച്ചുകാണുന്നുമില്ല. 'എല്ലാം വിരൽത്തുമ്പിൽ' എന്ന ചൊല്ല് അന്വർത്ഥമാകുന്നത് ആധുനികതയുടെ നേട്ടംതന്നെ. ഈ നേട്ടം വിജ്ഞാനത്തിന്റെ സാധ്യതകളെ പൂർണതയിലേക്കെത്തിക്കുന്നു. അത് അവസരങ്ങൾ പ്രദാനം ചെയ്യുന്നു. സ്വാതന്ത്ര്യത്തിന്റെ വ്യത്യസ്ത മാനങ്ങൾക്ക് ഉറപ്പുള്ള ചിറകുകൾ നൽകുന്നു. മേൽസൂചിപ്പിച്ച വിജ്ഞാനവും അവസരങ്ങളും സ്വാതന്ത്ര്യവും നമ്മോടാവശ്യപ്പെടുന്ന ഉത്തരവാദിത്വം നാം നിറവേറ്റേണ്ടിയിരിക്കുന്നു. അടിമത്തം ചുമലിലേറ്റുന്ന ജനതയ്ക്ക് ഉത്തരവാദിത്വങ്ങളെ പൂർണാർത്ഥത്തിൽ നിറവേറ്റാൻ കഴിയില്ല. അതിനാൽത്തന്നെ നമ്മുടെ കുടുംബാംഗങ്ങൾ ഒരു മീഡിയയ്ക്കും അടിമകളല്ലായെന്നു നാം ഉറപ്പാക്കണം. മുതിർന്നവർ അടിമകളാകുമ്പോൾ അവർ പുതുതലമുറയ്ക്കു ദുർമാതൃകകളാകുന്നു. പുതുതലമുറ അടിമത്തം പേറുമ്പോൾ അതു നാടിന്റെ നാശവും.



വീടിന്റെ സാമ്പത്തികഭദ്രതയനുസരിച്ച് ന്യൂസ്പേപ്പർ, മാസികകൾ, ടി.വി., കമ്പ്യൂട്ടർ, മൊബൈൽ, ഇന്റർനെറ്റ് എല്ലാം ആവശ്യമാണ്. ഇവയെല്ലാം കുടുംബാംഗങ്ങൾ നിശ്ചിത സമയങ്ങളിൽ ഉപയോഗിക്കണം. ഇവയിൽ ഏതെങ്കിലുമൊന്നിലേക്ക് ഒരു കുടുംബാംഗം ഒതുങ്ങിയാൽ അതിനെ നിരുത്സാഹപ്പെടുത്തണം. നല്ലതും മോശവുമായ ഏതൊരു ശീലവും രൂപപ്പെടുന്നത് ഒരു പ്രവൃത്തി എത്രകാലം തുടർച്ചയായി ചെയ്യുന്നു എന്നതിനെ ആശ്രയിച്ചാണ്. അനുദിനപ്രവൃത്തികളെ, കടമകളെ ബാധിക്കുന്ന ഏതൊരു ശീലവും മാറ്റപ്പെടണം. ആധുനികമനഃശാസ്ത്രം അതിനു സഹായകമാണ്.

പ്രിന്റ് മീഡിയയ്ക്ക് സാധാരണ രീതിയിൽ വ്യക്തികൾ അടിമകളാകാറില്ല. എന്നാൽ, സ്കീൻ മീഡിയ അടിമകളെ സൃഷ്ടിക്കാം. സ്ക്രീൻ ടൈം എന്ന ആശയം ലോകത്താകമാനം ഉയർന്നുവരാൻ കാരണം സ്ക്രീൻ മീഡിയ അടിമത്തംതന്നെ. സ്ക്രീൻ ടൈം എന്നത് ഒരു നിശ്ചിത സമയം മൊബൈൽ, ടി.വി., കമ്പ്യൂട്ടർ എന്നിവയ്ക്കായി നീക്കിവയ്ക്കുന്നതും ആ സമയത്തുതന്നെ അവ ഉപയോഗിക്കുന്നതും പിന്നീടവ ഉപയോഗിക്കാതിരിക്കുന്നതുമാണ്. ജോലി, പഠനം എന്നീ നിലകളിൽ സ്ക്രീൻ മീഡിയ ഉപയോഗിക്കുന്നവർക്കും മേൽസൂചിപ്പിച്ച സ്ക്രീൻ ടൈം ബാധകമാണ്. സ്ക്രീൻ മീഡിയ 'പഠനം', 'ജോലി' എന്നിവയുടെ ഭാഗമായി ഉപയോഗിക്കുന്നവർ താഴെപ്പറയുന്ന കാര്യങ്ങളിൽ ശരിയായ അറിവു നേടണം:

സ്ക്രീൻ മീഡിയ ഉപയോഗിക്കുമ്പോൾ ഇരിക്കേണ്ട രീതി/നിൽക്കേണ്ട രീതി, തുടർച്ചയായി സ്ക്രീൻ മീഡിയ ഉപയോഗിക്കുമ്പോൾ പാലിക്കേണ്ട സമയക്രമം, ആഹാരക്രമം, ശാരീരിക, മാനസികവ്യായാമങ്ങൾ, കുടുംബബന്ധവും ആശയവിനിമയവും കാത്തുസൂക്ഷിക്കാൻ പാലിക്കേണ്ട കാര്യങ്ങൾ.

മേൽസൂചിപ്പിച്ച കാര്യങ്ങളെ മുൻനിറുത്തി പഠനം നടത്തുകയും അതു പ്രാവർത്തികമാക്കുകയും വേണം. വിദഗ്ധസഹായം ആവശ്യമായിത്തോന്നിയാൽ സ്വീകരിക്കണം.

ചുരുക്കത്തിൽ, ഒരു കുടുംബത്തിന്റെ സ്വകാര്യതയെയും കെട്ടുറപ്പിനെയും ബന്ധത്തെയും മൂല്യങ്ങളെയും സാരമായി ബാധിക്കാൻ ശേഷിയുള്ള രോഗമാണ് മീഡിയയുടെ അമിതസ്വാധീനവും ഉപയോഗവും. ആധുനികമീഡിയയെ ബുദ്ധിപൂർവം ശ്രദ്ധയോടെ, ആവശ്യാനുസരണം ഉപയോഗിച്ചാൽ അവ ക്രിയാത്മകമായ വളർച്ചയെ ത്വരിതപ്പെടുത്തും. ■





## താമരക്കോഴി

മാത്യൂസ് ആർപ്പൂക്കര

ഇണകളായും അഞ്ചും ആറും അടങ്ങിയ കൂട്ടങ്ങളായും നാടൻ താമരക്കോഴികളെ കണ്ടുവരുന്നു. ജക്കാനിഡെ കുലത്തിൽപ്പെടുന്ന താമരക്കോഴിക്ക് കുളക്കോഴിയെക്കാൾ കുറേക്കൂടി വലിപ്പമുണ്ട്. താമര, ആമ്പൽ, കുളവാഴ, പുല്ലുകൾ തുടങ്ങിയവ ധാരാളമുള്ള ജലാശയങ്ങളിൽ കണ്ടുവരുന്നു. ഇവ രണ്ടു തരമുണ്ട്: നാടൻ താമരക്കോഴിയും വാലൻ താമരക്കോഴിയും. വാലൻതാമരക്കോഴിയെ അപൂർവ്വമായേ കണ്ടുവരുന്നുള്ളു.

ജലസസ്യങ്ങൾക്കു മീതെയാണ് ഇവയുടെ സഞ്ചാരം. കാലും വിരലും നീണ്ടതാണ്. തല, കഴുത്ത്, മാറിടം, ഉദരം എന്നിവയ്ക്കു നീല കലർന്ന കറുപ്പുനിറം. തലയ്ക്കുചുറ്റും വെള്ള വരയുണ്ട്. കൂടു കൂട്ടുന്നത് താമരയിലോ മറ്റു ജലസസ്യങ്ങളുടെ മീതെയോ ആണ്. കൂടുകൂട്ടുന്ന സ്ഥലത്തിനായി പെൺപക്ഷികൾ തമ്മിൽ വഴക്കടിക്കാറുണ്ട്. ഒരു തവണ നാലു മുട്ടയിടും. മുട്ട വിരിഞ്ഞിറങ്ങുന്ന കുഞ്ഞുങ്ങൾക്കു കോഴിക്കുഞ്ഞുങ്ങളോടു സാമ്യമുണ്ട്.

വലിയ നീർപ്പക്ഷികൾതന്നെയാണ് താമരക്കോഴികൾ. കേരളത്തിലെ മിക്ക ജലാശയങ്ങളിലും കാണാനാവും. ഭൂമിയിലെ പക്ഷികളിൽ ശാരീരികാനുപാതത്തിൽ കാൽവിരലുകൾക്ക് ഏറ്റവും നീളമുള്ളത് താമരക്കോഴികൾക്കാണ്. 10 സെന്റീമീറ്റർവരെ നീളം കാണും. ജലാശയങ്ങളിലെ ജലസസ്യങ്ങൾക്കു മീതെ നടന്ന് ഇര പിടിക്കാൻ ഇതു സഹായകമാകുന്നു. ഈ പക്ഷികൾക്കു മുട്ട വിരിയിക്കാനും മറ്റും പ്രത്യേക രീതികളുണ്ട്. അടയിരിപ്പിനുപകരം മുട്ടകൾ ചിറകിനുള്ളിലാക്കി ചൂടു നൽകുന്ന രീതിയാണുള്ളത്. കുഞ്ഞുങ്ങളെ ശത്രുക്കളിൽനിന്നു രക്ഷിക്കാൻ ഈമാർഗംതന്നെ സ്വീകരിക്കുന്നു. ഇവയുടെ കൂട്ടങ്ങളിൽ പിടകൾ കുറവാണ്. കേരളത്തിലെ വേമ്പനാടു കായലിനോടു ചേർന്നുള്ള പാടങ്ങളിലും തോടുകളിലുമൊക്കെ താമരക്കോഴികളെ ധാരാളമായി കാണാറുണ്ട്. എന്നാൽ, ആവാസവ്യവസ്ഥയിലെ മാറ്റങ്ങൾമൂലം ഇവയുടെ എണ്ണത്തിൽ ഗണ്യമായ കുറവു വന്നിരിക്കുന്നു.



നാടൻ താമരക്കോഴിക്കു നാട്ടുകോഴിയുടെ പാതിയോളം വലിപ്പം വരും. നിലത്തു നടന്നാണ് ഇരതേടൽ. ഇരുണ്ട നിറമാണ്. ജലസസ്യങ്ങളുടെയിടയിൽ നിൽക്കുന്ന താമരക്കോഴിയെ പെട്ടെന്നു തിരിച്ചറിഞ്ഞെന്നു വരില്ല. ശത്രുസാന്നിധ്യമറിഞ്ഞാൽ ഈ പക്ഷി വേഗത്തിൽ സസ്യങ്ങളുടെ ഇടയിലേക്കു മറയും. പറക്കാനും നന്നായി നീന്താനും ആവശ്യംവന്നാൽ മുങ്ങാംകുഴിയിടാനും സാധിക്കും. ചൂളംവിളിപോലെയാണ് ശബ്ദം. താമരക്കോഴിയുടെ ഇംഗ്ലീഷ് പേര് Bronze wings Jacana എന്നാണ്. ശാസ്ത്രനാമം: Metopidius indicus. ■

# മൗയിയുടെ കുന്നുകൾ



ശ്രീദേവി എസ്. കെ.

**പ**ണ്ടു പണ്ട്... വളരെ പണ്ട് 'പാൻജിയ' എന്ന ഒറ്റ ഭൂഖണ്ഡവും 'പന്തലാസ' എന്നൊരു സമുദ്രവും മാത്രമേ ഉണ്ടായിരുന്നുള്ളൂ എന്ന് ഭൂമിശാസ്ത്രജ്ഞന്മാർ പറയുന്നു. പിന്നീട് ഈ സൂപ്പർ കൊണ്ടിനെന്റ് പിളരാൻ തുടങ്ങി.

ജർമൻ കാലാവസ്ഥാശാസ്ത്രജ്ഞനും, ഗവേഷകനുമായിരുന്ന ആൽഫ്രഡ് വെഗെനറിന്റെ continental drift തിയറിയാണ് ഇതിന് ഉപോൽബലകമായി ഉള്ളത്. പിന്നീട് പ്ലേറ്റ് ടെക്റ്റോണിക് സിദ്ധാന്തവും പാൻജിയയുടെ പിളർച്ചയിൽ അംഗീകരിക്കപ്പെട്ട സിദ്ധാന്തമായി മാറി. ദശലക്ഷക്കണക്കിനു വർഷങ്ങൾ കൊണ്ട് ഭൂഖണ്ഡങ്ങൾ വേർപിരിഞ്ഞു. എന്നാൽ, ഭൂമിയിൽ ഒരു ഭൂഖണ്ഡം ഒളിച്ചിരിക്കുന്നുണ്ട്. 'സീലാൻഡിയ' എന്ന ഈ ഭൂഖണ്ഡം ലോകത്തിലെ ഏറ്റവും 'വലിയ' ചെറിയ ഭൂഖണ്ഡമാണ്. ഗോണ്ട്വാനയുടെ ഭാഗമായിരുന്ന ഈ ഭൂഖണ്ഡത്തിന്റെ 94 ശതമാനവും ദക്ഷിണപസഫിക് സമുദ്രത്തിൽ മുങ്ങിക്കിടക്കുന്നു. നീളമേറിയതും ഇടുങ്ങിയതുമായ ഈ സൂക്ഷ്മ ഭൂഖണ്ഡത്തിന്റെ ഒരു ഭാഗം ഓസ്ട്രേലിയൻ ഫലകത്തിലും മറ്റേ ഭാഗം പസഫിക് ഫലകത്തിലുമാണ്.

1995 ൽ ബ്രൂസ് ലുയെൻഡിക് ആണ് സീലാൻഡിയയുടെ പേരും ആശയവും നിർദേശിച്ചത്. ഉപഗ്രഹചിത്രങ്ങൾ ഈ ഭൂഖണ്ഡത്തിന് ഓസ്ട്രേലിയയുടെ വലുപ്പം എന്നു കാണിക്കുന്നു. ബെറിംഗിയ, ഡോഗർ ലാൻഡ്, കെർഗുലെൻ പീഠഭൂമി, മൗറീഷ്യ, സാഹുൽ, സുന്ദ എന്നിവ ഉൾപ്പെടുന്നതാണ് വെള്ളത്തിനടിയിലായ പ്രദേശങ്ങൾ. ഈ ഭാഗങ്ങളിൽ വൻതോതിൽ ധാതുനിക്ഷേപങ്ങളും പ്രകൃതിവാതകപാടങ്ങളും ഉണ്ട്. ടാസ്മാൻ കടലിനോടു സാമീപ്യമുള്ളതിനാൽ ടാസ്മാന്റീസ് എന്നും ഈ ഭൂഖണ്ഡം അറിയപ്പെടുന്നു.



ശാസ്ത്രജ്ഞൻമാർ സീലാൻഡിയയെ നോർത്ത് സീലാൻഡിയ, സൗത്ത് സീലാൻഡിയ എന്നിങ്ങനെ രണ്ടു മേഖലകളായി തിരിച്ചിരിക്കുന്നു. അഗ്നിപർവതസാന്നിധ്യമുള്ള ധാരാളം പ്രവിശ്യകൾ ഈ സൂക്ഷ്മഭൂഖണ്ഡത്തിൽ ഉണ്ട്. ലോർഡ്ഹോവ് ദ്വീപിനു സമീപമുള്ള 'ബോൾസ് പിരമിഡ്' ആണ് സമുദ്രനിരപ്പിൽനിന്ന് ഉയർന്ന ഒരു സ്ഥലം. സീലാൻഡിയയിലെ ഏറ്റവും ഉയരം കൂടിയ സ്ഥലം 'മൗണ്ട് കുക്ക്' ആണ്.

എന്നാൽ, സീലാൻഡിയയെ ഒരു ഭൂഖണ്ഡമായി ഭൂമിശാസ്ത്രജ്ഞന്മാർ അംഗീകരിക്കുന്നില്ല. ഒരു ഭൂഖണ്ഡത്തിന് നിർവചിക്കപ്പെട്ട പരിധികളോ വിശേഷണങ്ങളോ ഈ നിഗൂഢഭൂഖണ്ഡത്തിനില്ല എന്നതാണു കാരണം.

2010 ഫെബ്രുവരി 28 നാണ് kingdom of zealandia സ്ഥാപിതമായത്. നോർഡിക് സംസ്കാരമുള്ള ഒരു രാജ്യമാണിത്. രാജവാഴ്ചയുള്ള പാർലമെന്ററി ജനാധിപത്യമാണ് സീലാൻഡിയ. ഇപ്പോഴത്തെ രാജ്ഞി ലിൻഡ് സ്ട്രോമാണ്.

ഭരണഘടനയനുസരിച്ച് മൂന്ന് ഒഫീഷ്യൽ ഭാഷകളുണ്ട് സീലാൻഡിയയ്ക്ക്: ഇംഗ്ലീഷ്, സ്വീഡിഷ്, സീലാൻഡിയൻ. ഇവയ്ക്കു പുറമേ, മറ്റു പ്രാദേശികഭാഷകളുമുണ്ട് ഈ മൈക്രോ ഭൂഖണ്ഡത്തിന്. മാവോറി ഭാഷയിൽ ഈ പ്രദേശത്തെ ടെറിയു - എ - മൗയി അഥവാ 'മൗയിയുടെ കുന്നുകൾ' എന്നു വിളിക്കുന്നു.

2021 വരെ സീലാൻഡിയയിലെ മൊത്തം ജനസംഖ്യ ഏകദേശം 5.4 ദശലക്ഷം ആണ്. ഭൂപടങ്ങളിൽ ദൃശ്യമല്ലെങ്കിലും ഈ ഭൂഖണ്ഡം നഷ്ടമായിട്ടില്ല. ■

# ന്യൂസിലന്റിൽ താരമായി പാലാക്കാരി അലീന

പാലാ: ന്യൂസിലാന്റിലെ ആദ്യ മലയാളി വനിതാ പോലീസ് ഓഫീസറായി പാലാക്കാരി അലീന അഭിലാഷ് നിയമിതയായി. റോയൽ ന്യൂസിലാന്റ് പോലീസ് കോളജിലെ പരിശീലനം പൂർത്തിയാക്കിയ അലീനയുടെ ഗ്രാജുവേഷൻ ചടങ്ങ് വെല്ലിംഗ്ടണിൽ നടന്നു. കോൺസ്റ്റബിൾ റാങ്കിലുള്ള ആദ്യനിയമനം ഓക്ക്ലാന്റിലാണ്. ന്യൂസിലാൻഡ് പോലീസിൽ ഓഫീസർ തസ്തിക ആരംഭിക്കുന്നത് കോൺസ്റ്റബിൾ റാങ്കിലാണ്.

പാമർസ്റ്റൺ നോർത്തിൽ സ്ഥിരതാമസമാക്കിയ ഉള്ളനാട് പുളിക്കൽ അഭിലാഷ് സെബാസ്റ്റ്യന്റെയും പിഴക് പുറവക്കാട്ട് ബോബിയുടെയും മകളാണ് ഇരുപത്തിരണ്ടുകാരിയായ അലീന. ഒട്ടാഗോ യൂണിവേഴ്സിറ്റിയിൽ സൈക്കോളജിയും ക്രിമിനോളജിയും പഠിച്ചശേഷമാണ് പോലീസിൽ ചേർന്നത്.



അലീന അഭിലാഷ്

ആറാം ക്ലാസുവരെ പാലാ ചാവറ പബ്ലിക് സ്കൂളിൽ പഠിച്ചശേഷം മാതാപിതാക്കൾക്കൊപ്പം ന്യൂസിലാന്റിലേക്ക് കുടിയേറുകയായിരുന്നു. സമൂഹത്തോടുള്ള പ്രതിബദ്ധതയാണ് പൊലീസിൽ ചേരാൻ തീരുമാനിച്ചതിനു പിന്നിലെന്ന് അലീന പറഞ്ഞു. വിക്ടോറിയ കോളജിൽ ഒന്നാം വർഷ നിയമവിദ്യാർത്ഥിയായ ആൽബി അഭിലാഷ് ഏകസഹോദരനാണ്.

- ജോസഫ് കുമ്പുക്കൻ

കവിത

പ്രഫ. എ.ടി. ഏബ്രഹാം വാളനാട്ട്

# അഴകിൽ കുളിച്ചോരാരാമം

അതിചാരു സുമങ്ങളാലല-
ങ്കൃതയായ്, സൗരഭസാന്ദ്രഗേഹമായ്
ദ്യുതി വീശി വിളങ്ങിടും മലർ-
വനികേ, വന്ദനമേകിടുന്നു ഞാൻ

വിവിധോജ്ജ്വല വർണദീപ്തയായ്
വിലസും നിൻ സവിശേഷഭംഗികൾ
ദ്രുതമേതൊരു മാനസത്തെയും
കവരും, നിന്നഴകദ്ഭുതാവഹം

ഹരിതാഭയെഴും തൃണങ്ങളും
പരിചേറും മലരും ദലങ്ങളും
ദുരിതം നിറയും മനസ്സിലും
ചൊരിയും സാന്ത്വന ചാരുരശ്മികൾ

സുമനോഹര ചെമ്പരത്തിയും
കമനീയം ചെറുപിച്ചി, ലില്ലിയും
സമമറ്റ സരോജവും പുന-
രമലേ,യിങ്ങനെയെത്ര ഭംഗികൾ

ഒരു കോണു മുതല്ക്കു നോക്കിയാൽ
നിരയായിവ്വിധ ദൃശ്യഭംഗികൾ
നിറയും തവരൂപകല്പന
നരനേകന്നുടെ മാത്രമ,ല്ലയേ

ഛവിയേറിടുമേതു വസ്തുവും
ഭുവിനാം കാണ്കെ മനസ്സിലാക്കണം
അവനീശകരങ്ങളാ മനോ-
ഹരരൂപത്തിനു പിന്നിലുള്ളതായ്

അരിയോരഴകിൽ കുളിച്ചു നീ
മരുവീടുന്നൊരു കാഴ്ചകാണവേ
ഒരു വശ്യമനോഹരാംഗിതൻ
നിരവദ്യാകൃതിയോർത്തു പോയിടും

ഒരു കാര്യമൊരിക്കലും മറ-
ക്കരുതേ നീ, തവ രൂപഭംഗിയിൽ
ഒരുനാളുമഹങ്കരിച്ചിടൊ,-
ല്ലഴകെല്ലാം ക്ഷണമാത്രമല്ലയോ?

ബലമറ്റു കൊഴിഞ്ഞുവീണിടും
ഫലപുഷ്പാദികൾ കാണ്കെയോർത്തുപോം:
നിലനില്പിവിടില്ലയൊന്നിനും,
നിഖിലം നശ്വരമാണു ഭൂമിയിൽ.

പലനാളുകളോമനിച്ചതാ-
മലരും മറ്റുമടർന്നു വീഴിലും
തളരാത്ത നിനക്കു മൃത്യുവിൻ
പൊരുൾ നന്നായി മനസ്സിലായതാം.

പതിവായിഹ വന്നു പോയിടും
ഋതുഭേദങ്ങളിൽ നീ തളർന്നിടാ
അതികൃത്യതയോടെയല്ലയോ
ക്ഷിതിചക്രം തിരിയുന്നതെപ്പൊഴും

ഒളിയേറിന നിന്നൊടിഷ്ടമാ-
യളിവൃന്ദം സ്ഥിരമുണ്ടു കൂട്ടിനായ്
കുളിർകാറ്റു തലോടലേകിയും
കളിയാടുന്നു നിനക്കു ചുറ്റിലും

പരിചേറിന താരസഞ്ചയ-
സ്ഫുരിതാകാശവിതാനമെന്നപോൽ
നിറകാന്തിയിൽ നീ ലസിപ്പൂ നിൻ
നിരവദ്യോജ്ജ്വലപുഷ്പശോഭയിൽ.






ഗിരീഷ് കെ. ശാന്തിപുരം

ഇക്കുറി മരുതുകുളങ്ങരത്തറവാട്ടിൽ എന്നത്തെയുംപോലെ ഊഷ്മളമായ ഒരു സ്വീകരണമല്ല ദേവസഹായത്തിനു ലഭിച്ചത്. തറവാട്ടുകാരിൽ പലരും ദേവസഹായത്തിനു നേരേ മുഖം തിരിച്ചു കളയുന്നു. എല്ലാ മുഖങ്ങളിലും ഒരു നീരസം പ്രകടമാകുന്നുണ്ട്. കുമരനിൽപ്പോലും ദേവസഹായം അതു പ്രകടമായിക്കണ്ടു.

തന്റെ മതംമാറ്റം തറവാട്ടിലുള്ളവർ അറിഞ്ഞിരിക്കുന്നുയെന്ന് ദേവസഹായത്തിനു മനസ്സിലായി. പക്ഷേ, ദേവസഹായം ആരോടും അതേക്കുറിച്ചു സംസാരിച്ചില്ല. ആരും ദേവസഹായത്തിനോട് ഒന്നും ചോദിച്ചുമില്ല.

മരുതുകുളങ്ങരയിൽനിന്ന് മൂന്നാംനാൾ വെളുപ്പിനേ ദേവസഹായം പത്മനാഭപുരത്തേക്കു തിരിച്ചു. പുറപ്പെടുമ്പോൾ പതിവില്ലാതെ ജ്ഞാനപ്പൂവിന്റെ കണ്ണുകൾ നിറയുന്നത് ദേവസഹായം കണ്ടു. തങ്ങളുടെ മതംമാറ്റം തറവാട്ടിൽ ചില പ്രത്യാഘാതങ്ങളുണ്ടാക്കിയേക്കാമെന്ന് ദേവസഹായത്തിനു തീർച്ചയുണ്ട്. അതിന്റെ പരിണതഫലം ഏറെക്കുറെ അനുഭവിക്കേണ്ടിവരിക തന്റെ ഭാര്യയാണ്. കാരണം, തറവാടു വിട്ട് ജ്ഞാനപ്പൂവിനു മറ്റൊരു സങ്കേതമില്ല.

ജ്ഞാനപ്പൂവിനെ പത്മനാഭപുരത്തേക്കു കൂട്ടിക്കൊണ്ടുവന്നു തന്നോടൊപ്പം താമസിപ്പിക്കുന്നതിൽ മറ്റു തടസ്സങ്ങളൊന്നുമുണ്ടായിരുന്നില്ല ദേവസഹായത്തിന്. അതിനുള്ള എല്ലാ സൗകര്യങ്ങളും പത്മനാഭപുരത്തുണ്ട്. പക്ഷേ, തറവാടിന് അവരുടെ സാന്നിധ്യം അനിവാര്യമാണ്. തറവാട്ടംഗങ്ങളിൽ പലരും രോഗാരിഷ്ടതകളിൽനിന്നു മോചിതരാകുന്നതേയുള്ളൂ. പുറപ്പെടുംമുമ്പ് ജ്ഞാനപ്പൂവിന്റെ വിഷമം കണ്ട് ദേവസഹായം പറഞ്ഞു:

"നീ ഒന്നും ചിന്തിച്ചു വിഷമിക്കേണ്ടതില്ല. ഭൂമിയിൽ നമുക്കുണ്ടാകുന്ന സങ്കടങ്ങൾ ആത്മശുദ്ധീകരണത്തിനായി ദൈവം തരുന്ന ഔഷധങ്ങളാണ്. യേശുദേവനിൽ മനസ്സർപ്പിക്കുക. വിശ്വാസപൂർവം പ്രാർത്ഥിക്കുകയും നല്ലതുമാത്രം പ്രവർത്തിക്കുകയുമേ വേണ്ടൂ. നിത്യനായവൻ നമ്മെ കാത്തുരക്ഷിച്ചുകൊള്ളും."

ദേവസഹായം കണ്ണിൽനിന്നു മറയുന്നതുവരെ ജ്ഞാനപ്പൂവ് നോക്കിനിന്നു. അവളുടെ നെഞ്ചിൽ കാരണമില്ലാതെ ഒരു സങ്കടം വിങ്ങി. ഒരു പിടച്ചിൽ അവൾ മനസ്സിൽ അനുഭവിച്ചു.

അതിവിദൂരമല്ലാതെ എന്തൊക്കെയോ അരുതാത്തത് സംഭവിക്കാൻ പോകുന്നു. അങ്ങനെ അവളുടെ അന്തരംഗം മന്ത്രിക്കുന്നു. അവൾ പരലോകമാതാവിനോട് മനസ്സുരുകി പ്രാർത്ഥിച്ചു:

"എന്റെ ഭർത്താവിന് ആപത്തൊന്നും വരുത്തരുതേ..."

പത്മനാഭപുരത്തെത്തുമ്പോൾ ക്യാപ്റ്റൻ ഡിലനായി തന്നെ പ്രതീക്ഷിച്ചു നില്ക്കുകയാണെന്ന് ദേവസഹായത്തിനു തോന്നി. ദേവസഹായം കുതിരപ്പുറത്തുനിന്ന് ഇറങ്ങിയപ്പോഴേക്കും ഒരു ഭൃത്യൻ ഓടി വന്ന് കുതിരയെ വാങ്ങി ഒരു മരത്തിൽ കൊണ്ടുചെന്നു കെട്ടി. അതിനു തീറ്റിയിട്ടു കൊടുത്തു.

ദേവസഹായം ഡിലനായിക്കടുത്തേക്കു ചെന്നു. അദ്ദേഹത്തോടൊപ്പം ചൊക്കലിംഗവും ധർമരാജനും മറ്റു മൂന്നാലുപേരുമുണ്ടായിരുന്നു. അവരും പടയാളിക്കൂട്ടത്തിലെ അംഗങ്ങളാകണം.

ദേവസഹായം അവരെ അഭിവാദ്യം ചെയ്തു. അവർ തിരിച്ചും.

"തറവാട്ടിലെല്ലാവർക്കും ക്ഷേമംതന്നെയോ മിത്രമേ..." ഡിലനായി ചോദിച്ചു.

"തീർച്ചയായും."

ക്യാപ്റ്റൻ ഡിലനായി ആഹ്ലാദവാനാണെന്ന് ദേവസഹായത്തിനു തോന്നി. അല്ലെങ്കിലും ഒരിക്കൽപ്പോലും മ്ലാനവദനനായി ദേവസഹായം അദ്ദേഹത്തെ കണ്ടിട്ടില്ല. പക്ഷേ, അതുപോലെയല്ല ഇപ്പോൾ. അദ്ദേഹം പതിവിലുമേറെ ആഹ്ലാദചിത്തനാണ്.

"താങ്കൾ ഏതോ കാരണത്താൽ പതിവിലുമേറെ ആനന്ദമനുഭവിക്കുന്നു എന്ന് ഞാൻ കരുതട്ടെ." ദേവസഹായം പറഞ്ഞു.

"സത്യം തന്നെ പ്രിയ മിത്രമേ... ക്യാപ്റ്റൻ പ്രതിവചിച്ചു. "ആ ആനന്ദത്തിനു കാരണം യഥാർത്ഥത്തിൽ നിങ്ങൾതന്നെയാണ്."

നേരിയൊരതിശയത്തിന്റെ മിതോഷ്ണതരംഗങ്ങൾ ദേവസഹായത്തിൽ നുര കുത്തി. ദേവസഹായത്തിന് ഒന്നും നിശ്ചയം കിട്ടിയില്ല. കപ്പിത്താനിലേക്കു നോട്ടം നീട്ടിക്കൊണ്ട് അദ്ദേഹം ചോദിച്ചു:

"ഞാൻ എന്തു ചെയ്തു കപ്പിത്താൻ..."

"നിങ്ങൾ എന്താണു ചെയ്തതെന്ന് നിങ്ങൾതന്നെ അറിയുന്നില്ല."

"ദയവായി തെളിച്ചുപറയൂ."

"നിങ്ങളോടൊപ്പമുള്ള ഏക രാത്രിവാസംകൊണ്ട് ഇവർ രണ്ടുപേരും സത്യവിശ്വാസത്തിലേക്കു വന്നിരിക്കുന്നു. ഇവർ ജ്ഞാനസ്നാനം സ്വീകരിക്കുവാൻ തീരുമാനിച്ചു. ഇവരോടൊപ്പം ഈ നില്ക്കുന്നവരും.

അദ്ഭുതപരതന്ത്രനായിപ്പോയി ദേവസഹായം. ദൂരെ പനങ്കാടുകളിലും വെപ്പുമരച്ചില്ലകളിലും പൂർവ്വാഹ്നത്തിലെ കാറ്റുലയുന്നു. അതൊരു സങ്കീർത്തനാലാപനം പോലെ തോന്നിപ്പിച്ചു.

ദേവസഹായം നെറ്റിയിൽ കുരിശു കോറി. ആകാശത്തേക്കു കണ്ണുകളുയർത്തി. വെൺമേഘശകലങ്ങൾ ഒഴുകിനടക്കുന്ന ആകാശം. അത് അരൂപിയുടെ വെൺപ്രാവുകളെപ്പോലെ തോന്നിപ്പിച്ചു.

"ദൈവമേ, നീ ആകാശത്തിനു മീതെ ഉയർന്നിരിക്കുന്നു.



നിന്റെ മഹത്വം ഭൂമി മുഴുവൻ പരക്കട്ടെ." ദേവസഹായം അങ്ങനെ ഉദീരണം ചെയ്തു.

ക്യാപ്റ്റൻ ഡിലനായി കുറിച്ചു കൊടുത്ത കത്തുമായി ദേവസഹായം ചൊക്കലിംഗത്തെയും കൂട്ടുകാരെയും വടക്കുംകുളത്ത് പരംജ്യോതിനാഥസ്വാമികളുടെ പക്കലേക്കയച്ചു. കാര്യങ്ങൾ ഒട്ടാകെ രഹസ്യമായി സൂക്ഷിക്കാൻ അവരെ ഉപദേശിക്കുകയും ചെയ്തു. അവർ പോയിക്കഴിഞ്ഞപ്പോൾ ക്യാപ്റ്റൻ ഡിലനായി പറഞ്ഞു:

"ദൈവം എത്രയോ അദ്ഭുതങ്ങൾ പ്രവർത്തിക്കുന്നു. അവൻ മാംസാവതാരത്തിലും പീഡാനുഭവങ്ങളിലും കുരിശുമരണത്തിലും എത്രയോ അദ്ഭുതകരമായ സ്നേഹമാണ് വെളിപ്പെടുത്തിയത്. എത്ര അതിശയകരമാണ് അവന്റെ തിരഞ്ഞെടുപ്പിന്റെ വഴികൾ. ഞാൻ മുൻകൂട്ടി പറയുന്നു. മിത്രമേ, നിങ്ങൾ ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടവൻതന്നെ."

"ഈയുള്ളവൻ അങ്ങനെയൊന്നും കരുതുന്നില്ല കപ്പിത്താൻ. ഞാൻ ശുഷ്പസമാനനായ ഒരു മനുഷ്യൻ മാത്രം. ദൈവത്തിന്റെ സ്നേഹം തുന്നലില്ലാത്ത ഒരു മുഴുക്കുപ്പായംപോലെയാണ്. ആ കുപ്പായത്തിലേക്കുള്ള സന്നിവേശമാണ് ഇനി എന്റെ ശേഷിച്ച ജീവിതം. മറ്റൊന്നും ഞാൻ മോഹിക്കുന്നില്ല. ഭൂമിയിൽ ലഭിക്കുന്ന സ്ഥാനമാനങ്ങളും പാരിതോഷികങ്ങളും ഒന്നും എന്നെ പ്രലോഭിപ്പിക്കുന്നില്ല..."

തെളിഞ്ഞ പകലായിരുന്നു. ദേവസഹായം തന്റെ ഔദ്യോഗികജോലികളിലേക്കും ക്യാപ്റ്റൻ ഡിലനായി പടയാളിത്താവളത്തിലേക്കും മടങ്ങി.

ദിവസങ്ങൾ ഇലപൊഴിയും കാലത്തെന്നപോലെ കൊഴിഞ്ഞുകൊണ്ടിരുന്നു. ദേവസഹായം തന്റെ ജോലികളിലും പ്രാർത്ഥനയിലും മാത്രം മുഴുകി. സമയം കിട്ടുമ്പോഴൊക്കെ ജാതികളുടെ ഇടയിൽ കർത്താവിന്റെ മഹത്വം പ്രഘോഷിച്ചു. മറ്റൊന്നിലും അദ്ദേഹം വ്യാപൃതനായില്ല. ഒന്നിനെക്കുറിച്ചും ആശങ്കപ്പെട്ടില്ല.

അങ്ങനെയിരിക്കെ, കരുവാൻ മാണിക്കൻ ദേവസഹായത്തെ കാണാനായി പത്മനാഭപുരത്തെത്തി. അങ്ങനെയൊരു വരവ് ദേവസഹായം തീരെ പ്രതീക്ഷിച്ചിരുന്നില്ല. എന്തെങ്കിലും സഹായമഭ്യർത്ഥിച്ചാണോ മാണിക്യന്റെ വരവ്? അതോ മറ്റെന്തെങ്കിലും പ്രശ്നങ്ങളോ?

വല്ലപ്പോഴുമൊക്കെ പടയാളിത്താവളത്തിലേക്കുള്ള ആയുധങ്ങളുമായി മാണിക്യൻ പത്മനാഭപുരം കോട്ടയിലെ ആയുധപ്പുരയിലെത്താറുണ്ട്. അതിനുള്ള പ്രതിഫലവും വാങ്ങി മടങ്ങുകയല്ലാതെ ദേവസഹായത്തിനെ കാണാൻ മിനക്കെടാറില്ല. തന്റെ പെരിയമിത്രത്തിന്റെ തിരക്കുള്ള ജോലിസമയം ഒരു നിമിഷനേരമെങ്കിലും കവർന്നെടുക്കാൻ മാണിക്യൻ ഇഷ്ടപ്പെടുന്നില്ല.

തന്നെ കാണാനായി പത്മനാഭപുരത്തെത്തിയ മാണിക്യനിൽ വലിയ മാറ്റങ്ങളൊന്നും കാണായില്ല. പഴയ മാണിക്യൻതന്നെ. ദേവസഹായത്തിനെ കണ്ടതേ മാണിക്യൻ പതിവുപോലെ ചിരിച്ചുകൊണ്ടു പറഞ്ഞു:

"വണക്കം പെരിയവരേ..."

സന്ധ്യയോടടുത്ത നേരമായിരുന്നത്. ഇന്നു നട്ടാലത്തേക്കു മടങ്ങേണ്ടതില്ലെന്നും തന്നോടൊപ്പം രാത്രി പോക്കാമെന്നും ദേവസഹായം മാണിക്യനോടു പറഞ്ഞു. അങ്ങനെയൊന്നു കേൾക്കാൻ കാത്തിരുന്നതുപോലെ മാണിക്യൻ ഒരു മടിയും കാട്ടാതെ സമ്മതം മൂളി.

രാത്രി കുളിയും അത്താഴവുമൊക്കെക്കഴിഞ്ഞ് ദേവസഹായം മാണിക്യനോടു ചോദിച്ചു:

"എന്താ ചങ്ങാതീ, ഈ വരവിന്റെ ഉദ്ദേശ്യം. ഇങ്ങനെയൊരു പതിവില്ലാത്തതുകൊണ്ടു ചോദിച്ചതാണ്."

കുറച്ചുനേരത്തേക്കു മൗനമായിരുന്നു മാണിക്കന്റെ ഉത്തരം. മാണിക്യന് എന്തോ ഗൗരവമായി തന്നോടു സംസാരിക്കാനുണ്ടെന്ന് ദേവസഹായത്തിനു മനസ്സിലായി. പക്ഷേ, അതെന്താണെന്ന് അദ്ദേഹത്തിനൊരെത്തും പിടിയും കിട്ടുന്നില്ല. അതെന്തുമാകട്ടെ. ഒരു മനുഷ്യന്റെ ജീവിതത്തിൽ പരിഹരിക്കാൻ പറ്റാത്ത കാര്യങ്ങളൊന്നുമില്ല.

"മാണിക്യൻ കിടന്നോളൂ. നമുക്കു നാളെ സംസാരിക്കാം."

"എനിക്കും വേദത്തിൽ ചേരണം പെരിയവരേ..."

വളരെ പൊടുന്നനേയായിരുന്നു മാണിക്യന്റെ വാക്കുകൾ. ദേവസഹായം തെല്ലൊന്നമ്പരക്കാതിരുന്നില്ല. അദ്ദേഹം വിടർന്ന കണ്ണുകളോടെ ഒരു നിമിഷം മാണിക്കനെ നോക്കിയിരുന്നു.

നട്ടാലത്തും പരിസരപ്രദേശങ്ങളിലുമായി കുടുംബക്കാരും ബന്ധുക്കളും അനവധിയുണ്ട്. അവരൊക്കെ മാണിക്യന്റെ തീരുമാനത്തോട് എങ്ങനെ പ്രതികരിക്കുമെന്ന് ദേവസഹായം സന്ദേഹിച്ചു. അത് എന്തായാലും മാണിക്യന് അനുകൂലമാകില്ല.

"ശരിയായി ആലോചിച്ചിട്ടാണോ മാണിക്യൻ, ഇങ്ങനെയൊരു തീരുമാനം."

"ആലോചിച്ചിട്ടുതന്നെയാണ് പെരിയവരേ... അങ്ങയുടെ തീരുമാനങ്ങൾ ഒരിക്കലും തെറ്റിപ്പോകയില്ലെന്ന് ഈയുള്ളവനറിയാം. ആ തീരുമാനങ്ങളെ പിൻപറ്റുന്ന എനിക്കും പിഴയ്ക്കുന്നതെങ്ങനെ?"

ശേഷം 14-ാം പേജിൽ

# ഏതറ്റത്തുനിന്നും മടക്കിയെടുക്കാവുന്ന കിടക്കവിരിയാണോ ജീവിതം ?



■ ജിബു കൊച്ചുചിറ



**ഒന്ന്**

ഇടയ്ക്കു ബസിന്റെ അരികുസീറ്റിലിരുന്ന് വെറുതെ പുറംകാഴ്ചകളിലേക്കു കണ്ണെറിഞ്ഞു യാത്ര ചെയ്യുന്നത് ഒരു പതിവാണ്. നിത്ഷേയെപ്പോലെ നടക്കുമ്പോഴല്ല യാത്ര ചെയ്യുമ്പോഴാണ് ചിലർക്ക് ഓർമകളുണരുന്നത് (നടത്തവും ഒരുതരത്തിൽ യാത്രയാണല്ലോ?). യാത്രകൾ നമുക്ക് ജീവിതത്തിലേക്കുള്ള പുതിയ വഴികൾ തുറന്നു തരുന്നു. മെക്സിക്കൻ കവി ഒക്ടേവിയോ പാസിന്റെ കവിതയിലേതുപോലെ യാത്രകളിൽ 'ചിന്തകൾക്കു മാംസമുണ്ടാവുകയും അടിമയുടെ മുതുകിൽ ചിറകു മുളയ്ക്കുകയും ചെയ്യുന്നു.' അന്നത്തെ യാത്രയിൽ മനസ്സുനിറയെ ഫ്രഞ്ച് ഫിലോസഫറായ ജീൻ പോൾ സാർത്രും അദ്ദേഹത്തിന്റെ വാക്കുകളുമായിരുന്നു: 'We are thrown into existence.' നമ്മൾ ജീവിതത്തിലേക്ക് എറിയപ്പെട്ടവരാണ്. ഒന്നോർത്താൽ ശരിയാണ്. നമ്മളോട് ഒട്ടും അനുവാദം ചോദിക്കാതെയുള്ള ആരുടെയോ തിരഞ്ഞെടുപ്പല്ലാതെ എന്താണീ ജീവിതം? ഗർഭപാത്രത്തിൽ തുടങ്ങി മരണംവരെ ഒന്നും നമ്മുടെ തിരഞ്ഞെടുപ്പല്ല. 'Free will' എന്നു പറയുമെങ്കിലും എത്രമാത്രം സ്വതന്ത്രരാണു നമ്മൾ? 'We are free to choose what we do, But the effect of our choices will always resonate between ourselves and the environment. Freedom of choice is real but, the consequences that are completely out of control and inseparable" (Jean Paul Sartre). ഇങ്ങനെയാണെന്നിരിക്കിലും ഇ. എ. റോബിൻസന്റെ 'മിനിവർ ചീവി' (Miniver Cheevy)യെപ്പോലെ തനിക്കു തിരഞ്ഞെടുക്കാനാകാത്ത ജീവിതത്തെ പഴിപറഞ്ഞ് ജീവിതം തുലയ്ക്കാനാവില്ലല്ലോ നമുക്ക്. ഒട്ടും പിടിതരാതെ ഓടുന്ന ഈ ജീവിതത്തിന്റെ ബ്ലാക്ക് ഹോൾ എന്തായിരിക്കും?

**രണ്ട്**

പരിണാമചരിത്രമെടുത്താൽ നാനാജാതി ജീവിവർഗത്തിൽ ഏറ്റവും നിസ്സഹായരും ദുർബലരുമായ ജീവികളായിരുന്നു മനുഷ്യർ (Homosapiens) എന്ന് ചരിത്രകാരനായ യുവാൽ നോവാ ഹരാരി പറയുന്നു. എന്നിട്ടും കാലചക്രം അവനെ മാത്രമാണു ഭൂമിയിൽ ബാക്കിവച്ചത്. പരിണാമവഴികളെക്കുറിച്ച് ഹരാരി ഏറ്റവും ലളിതമായി പറഞ്ഞുവയ്ക്കുന്നതിങ്ങനെയാണ്: "Fire gave us power. Gossip helped us co-operate. Agriculture made us hungry for more. Mythology maintained law and order. Money gave us something we can really trust. Contradictions created culture. Science made us deadly." അതിജീവനമാണ് ഭൂമിയുടെ പ്രഥമവും പ്രധാനവുമായ ചോദന. അതുകൊണ്ടുതന്നെ ജീവിച്ചിരിക്കുന്ന എല്ലാ മനുഷ്യരും വിജയിച്ചവരാണ്. ഹോമോസാപ്പിയൻസിന് അതിനു കഴിഞ്ഞു. മനുഷ്യനായി നിലനിൽക്കുന്നതുതന്നെ അതിനാൽ വിജയമാണ്. മനുഷ്യർ അതിജീവിച്ചുകൊണ്ടേയിരിക്കുകയാണ്. അടുത്തിടെ അമേരിക്കൻ ഭൗതിക ശാസ്ത്രജ്ഞനായ മിച്ചിയോ കാക്കുവിന്റെ 'GOD EQUATION' എന്ന പുസ്തകം വായിക്കാനിടയായി. അതിൽ അദ്ദേഹം പറയുന്നു, ഒരായിരം വർഷങ്ങൾക്കുമുമ്പ് ജീവിച്ചിരുന്ന മനുഷ്യരെ ഒന്നു ഭാവന ചെയ്തു നോക്കാൻ. ഈ 2022 ൽ എത്തിനിൽക്കുന്ന നമ്മളെ അവർ എങ്ങനെയായിരിക്കും നോക്കിക്കാണുക? ചിലപ്പോൾ അവർ കഥകളിൽ മാത്രം വായിച്ചിട്ടുള്ള മന്ത്രവാദികളായിരിക്കും നമ്മൾ. എന്തു ചോദിച്ചാലും ഉത്തരം തരുന്ന, എന്തിനെയും അടുത്തെത്തിക്കുന്ന നമ്മുടെ കൈയിലെ സ്മാർട്ട് ഫോണുകൾ അവർക്കു മാന്ത്രികക്കോലായിരിക്കാം. എതിടത്തേക്കും ഞൊടിനേരംകൊണ്ട് നമ്മളെ എത്തിക്കുന്ന വിമാനങ്ങൾ ഒരുപക്ഷേ, അവർക്ക് മന്ത്രവാദിനികളുടെ മാന്ത്രികച്ചൂലാവാം. ഇനി ഈ 2022 ൽ ഇരുന്നുകൊണ്ട് 2200 ൽ ഉണ്ടായേക്കാവുന്ന മനുഷ്യരെക്കുറിച്ചു ചിന്തിക്കൂ. ചിലപ്പോൾ ഗ്രീക്ക് പുരാണത്തിലെ ദൈവങ്ങളെപ്പോലെയായിരിക്കും അവരെന്നാണ് ഏറ്റവും രസകരമായ ഭാവനയിൽ കാക്കു പറഞ്ഞുവയ്ക്കുന്നത്. നമുക്ക് എത്തിപ്പിടിക്കാനാവാത്ത ഉയരത്തിലായിരിക്കും അവരെന്നാണ് ഈ പറഞ്ഞതിന്റെ പൊരുൾ. എത്ര വേഗമാണ് മനുഷ്യനും അവൻ ചേർന്നിരിക്കുന്ന ഇടങ്ങളും വളർന്നു പന്തലിക്കുന്നത്! ജീവിതത്തിന്റെ പൊരുൾ അതിന്റെ വൈവിധ്യങ്ങളിലാണ്. ഈ വൈവിധ്യങ്ങളെ തൊട്ടറിയാനുള്ള കഴിവാണ് മനുഷ്യനെ ഇവിടെവരെ എത്തിച്ചതും ഇനിയും എത്തിക്കുന്നതും.

**മൂന്ന്**

റിൽക്കേ പറയുന്നതുപോലെ 'പഴത്തിനുള്ളിലെ വിത്തെന്നവിധം മരണത്തെ കൊണ്ടുനടക്കുന്നവരാണ് മനുഷ്യർ.' കൊഴിയാറായ ഇലകൾ പോലെ ഉണർവിനും ഉറക്കത്തിനുമിടയിൽ എത്ര കാലം ഇങ്ങനെ തൂങ്ങിക്കിടക്കും? സരമാഗുവിന്റെ 'മരണം മാറുന്ന ഇടനേരത്ത്' എന്ന നോവലിലേതുപോലെ ജീവിതവും മരണവും തമ്മിൽ പ്രണയത്തിലാകണം. അങ്ങനെ വന്നാൽ രണ്ടുപേർക്കും പരസ്പരം നഷ്ടപ്പെടുത്താൻ കഴിയില്ല. വ്യക്തമായിപ്പറഞ്ഞാൽ ആത്മഹത്യ ചെയ്യാനാവില്ല.

പുറത്തെ വൈവിധ്യമാർന്ന കാഴ്ചകളിൽനിന്നു മടങ്ങി ജീവിതത്തെ കുറച്ചുകൂടി ആഴത്തിൽ ധ്യാനിച്ചുനോക്കൂ. അപ്പോൾ ദുർബലമായ ചിന്തകൾ പതിയെപ്പതിയെ വളർന്ന് സുലഭമാകും. ഇലമർമരങ്ങളുടെ ഒച്ചയിലാണ് ആത്മാവ്, പരമാത്മാവ് സംസാരിക്കുക. അപ്പോൾ ഉൾക്കാത് വട്ടംപിടിക്കുക. എന്നിട്ടു ചോദിക്കുക. മരണാനന്തരലോകത്തെ ദുരൂഹതയെക്കുറിച്ചല്ല; മറിച്ച്, ജെ. കൃഷ്ണമൂർത്തി ചോദിക്കുമ്പോലെ മരണത്തിനുമുമ്പ് ഒരു ജീവിതമുണ്ടോ? ജീവിതത്തിൽ ഒരല്പമെങ്കിലും ജീവിതം ശേഷിക്കുന്നുണ്ടോ? ലളിതമായതിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ ഇനിയും മനുഷ്യർക്കു കഴിയാത്തതാണ് ദുരന്തം. ജീവിതത്തിന്റെ ലാളിത്യത്തിൽ അതിന്റെ പൊരുളുമിരിപ്പുണ്ട്. ജീവിക്കാത്ത ജീവിതത്തെക്കുറിച്ചല്ല ജീവിച്ചേക്കാവുന്ന ജീവിതത്തിലേക്കാണ് നമ്മുടെ ശിരസ്സ് ഉഴറുന്നത്. സത്യത്തിൽ തേടുന്നവൻ എല്ലായ്പ്പോഴും തേടിക്കൊണ്ടേയിരിക്കും... ഒടുക്കമില്ലാത്ത ഒരു തേടൽ. ജീവിക്കുന്നവൻ ജീവിച്ചുകൊണ്ടേയിരിക്കും. ഓർക്കുക, ഏതറ്റത്തുനിന്നും മടക്കിയെടുക്കാവുന്ന കിടക്കവിരിയല്ല ജീവിതം.

■



കെ.സി.എസ്.എൽ. സംസ്ഥാനതല പ്രവർത്തനവർഷോദ്ഘാടനം കൊല്ലം പട്ടത്താനം ഭാരതരാജ്ഞി പാരീഷ് ഹാളിൽ രൂപതാധ്യക്ഷൻ ബിഷപ് ഡോ. പോൾ ആന്റണി മുല്ലശേരി നിർവഹിക്കുന്നു. കെ.സി.ബി.സി. വിദ്യാഭ്യാസക്കമ്മീഷൻ ചെയർമാൻ ജോഷ്വാ മാർ ഇഗ്നാത്തിയോസ്, സംസ്ഥാന ഡയറക്ടർ ഫാ. കുര്യൻ തടത്തിൽ, പ്രസിഡന്റ് ബേബി തദേവൂസ് ക്രൂസ്, ജനറൽ സെക്രട്ടറി അലിറ്റ മനോജ്, ജനറൽ ഓർഗനൈസർ മനോജ് ചാക്കോ, വൈസ് പ്രസിഡന്റ് അജു പി. ബെഞ്ചമിൻ, വികാരി ഫാ. ജോസഫ് സുഗുൺ, ജോസ് ബേബി എന്നിവർ സമീപം.

കാർഷികം

# എണ്ണപ്പന

ജോഷി മുഞ്ഞനാട്ട്

ഒറ്റനോട്ടത്തിൽ തെങ്ങാണെന്നു തോന്നുന്ന ഒരു ഉഷ്ണമേഖലാ വനവൃക്ഷമാണ് എണ്ണപ്പന. 'പാമോയിൽ' എന്ന ഭക്ഷ്യയെണ്ണയുടെ സ്രോതസാണിത്. ഇതിന്റെ സ്വദേശം പശ്ചിമാഫ്രിക്കയിലെ ലൈബീരിയ, സാംബിയ മുതൽ അംഗോളവരെയുള്ള പ്രദേശങ്ങളാണെന്ന് ശാസ്ത്രലോകം കരുതുന്നു. 'എലയിസ് ഗിനിയെൻസിസ്' എന്ന ശാസ്ത്രനാമത്തിൽ അറിയപ്പെടുന്ന ഇവ പഴയകാലത്ത് അടിമവ്യാപാരസമയത്താണ് പസഫിക് സമുദ്രത്തിലെ പല ദ്വീപുകളിലും എത്തിയത്. അവിടെനിന്ന് ലോകത്തിന്റെ പല ഭാഗങ്ങളിലേക്കും ഈ വിളസസ്യം വ്യാപിച്ചു. മലേഷ്യ, ശ്രീലങ്ക, മധ്യഅമേരിക്ക, വെസ്റ്റ്ഇൻഡീസ്, മഡഗാസ്കർ എന്നിവിടങ്ങളിലും ഇന്ത്യൻമഹാസമുദ്രത്തിലെയും പസഫിക് മഹാസമുദ്രത്തിലെയും അനേകം ദ്വീപുകളിലും ഇവ കാണപ്പെടുന്നു.

ഇന്ത്യയിൽ വിവിധ സംസ്ഥാനങ്ങളിൽ ഇവ കൃഷി ചെയ്യുന്നുണ്ട്. കേരളത്തിലും ഇതു മികച്ച രീതിയിൽ കൃഷി ചെയ്തുവരുന്നു.



അഞ്ചു മണിക്കൂറെങ്കിലും നേരിട്ടു സൂര്യപ്രകാശം ലഭിക്കുന്നതും ഉയർന്ന താപനിലയുള്ളതുമായ പ്രദേശങ്ങളിലാണ് എണ്ണപ്പന നല്ല വളർച്ച കാണിക്കുന്നത്. ഒരു പരിധിവരെ വരൾച്ചയും വെള്ളക്കെട്ടും പ്രതിരോധിക്കും.

എണ്ണപ്പനയുടെ പ്രധാന ഇനങ്ങളാണ് ഡ്യൂറാ, പിസിഫെറ, മാക്രോകാരിയ, ടെനെറ തുടങ്ങിയവ. ടെനെറയാണ് വ്യാവസായികാടിസ്ഥാനത്തിൽ കൃഷി ചെയ്യുന്നത്. ഇതിൽ എണ്ണയുടെ അംശം കൂടുതലുണ്ട്. ലോകത്തിൽ ഏറ്റവും കൂടുതൽ എണ്ണപ്പനക്കൃഷിയുള്ളത് മലേഷ്യയിലാണ്.

കായുടെ പുറത്തെ കവചത്തിൽ നിന്നും പനയെണ്ണയും ഉള്ളിലെ പരിപ്പിൽനിന്ന് പരിപ്പെണ്ണയും ലഭിക്കുന്നു. പരിപ്പെണ്ണ ഔഷധഗുണമുള്ളതാണെന്ന് അടുത്തകാലത്തു കണ്ടെത്തിയിട്ടുണ്ട്. ഇതിൽ വിറ്റാമിൻ 'എ, ഡി' എന്നിവ ധാരാളമടങ്ങിയിരിക്കുന്നു. പനയെണ്ണയിൽ അർബുദരോഗപ്രതിരോധശേഷിയുള്ള ചില അംശങ്ങൾ അടങ്ങിയിട്ടുള്ളതായി പറയപ്പെടുന്നു.

വെളിച്ചെണ്ണയോടു സാമ്യമുള്ള ഇത് ഭക്ഷ്യപദാർത്ഥമായ ഉപയോഗിക്കുന്നതിനുപുറമേ ചോക്കലേറ്റ്, മെഴുകുതിരി, സോപ്പ് എന്നിവയുടെ നിർമ്മാണത്തിനും മറ്റു പല വ്യാവസായികാവശ്യങ്ങൾക്കും ഉപയോഗിക്കുന്നു. ഇതിന്റെ പിണ്ണാക്ക് കാലിത്തീറ്റ കൂടിയാണ്. എണ്ണപ്പനയുടെ ഇളംപൂങ്കുലകൾ ചെത്തി സംഭരിക്കുന്ന 'പാംവൈൻ' രുചികരമായ പാനീയമാണ്. ഇതിന്റെ എല്ലാ ഭാഗങ്ങളും വിറകായി ഉപയോഗിക്കാം. ■

## വായന

### നിലാവിന്റെ നിറം

ഗ്രന്ഥകർത്രി : ഡോ. സി. തെരേസ് ആലഞ്ചേരി S.A.B.S.
പ്രസാധനം : ദീപനാളം പബ്ലിക്കേഷൻസ്, പാലാ
വിതരണം : സെന്റ് തോമസ് ബുക്സ്റ്റാൾ, പാലാ
വില : 150 ₹



മനസ്സിന്റെ വ്യാകരണങ്ങൾക്ക് ആയുസ്സില്ലാതെ പോകുമ്പോൾ കാലം കുലം തെറ്റിപ്പിരിയുകയാണോ എന്നു തോന്നിപ്പോകും. കണ്ണുകൾക്കു മുമ്പേ പായുന്ന ഹൃദയത്തിന്റെ നേർക്കാഴ്ചകൾ ഈ പുസ്തകത്തിനുള്ളിൽ ചിതറിക്കിടക്കുന്നു.

### എല്ലാം ശുഭമാകും

ഗ്രന്ഥകർത്രി : ആൻ മരിയ തോമസ്
പ്രസാധനം : ദീപനാളം പബ്ലിക്കേഷൻസ്, പാലാ
വിതരണം : സെന്റ് തോമസ് ബുക്സ്റ്റാൾ, പാലാ
വില : 100 ₹



പ്രതിഭാശാലിയായ ഒരു കൗമാരക്കാരിയുടെ തുറന്നുപിടിച്ച കണ്ണുകളിൽ ഇതൾവിരിയുന്ന വിസ്മയക്കാഴ്ചകൾ ഇവിടെ വാങ്മയചിത്രങ്ങളാകുന്നു. താൻ കണ്ടതും കേട്ടതും അനുഭവിച്ചതുമായ നേരറിവുകളാണ് ചിന്താബന്ധുരമായ ഈ കൊച്ചുകഥകൾക്കാധാരം. ഇതിൽ കണ്ണീരുണ്ട്; പുഞ്ചിരിയുണ്ട്; അലിവാർന്ന ഹൃദയമുണ്ട്.

### ഒന്ന് നാല് ആറ്

ഗ്രന്ഥകർത്താ : ജോർജ് ജെ. കുഴിവേലിൽ
പ്രസാധനം : ടേൺ ബുക്സ്, കോട്ടയം
വിതരണം : സെന്റ് തോമസ് ബുക്സ്റ്റാൾ, പാലാ
വില : 350 ₹



ഈ ഗ്രന്ഥത്തിലെ ഓരോ താളുകളിലും നമുക്കു തുറന്നു കിട്ടുന്ന പുരാതനമായ മുട്ടുചിറപ്പള്ളിയുടെ ചരിത്രവസ്തുതകളും ആത്മീയമുന്നേറ്റത്തിന്റെ സ്മരണകളും വിലമതിക്കാനാവാത്തതാണ്. മുട്ടുചിറയിലെ ക്രൈസ്തവസാന്നിധ്യം ആരംഭംമുതലേ കൃത്യമായി അവതരിപ്പിച്ചിരിക്കുന്നു.

## ഊഴോ FROM THE BIBLE 22



ഫാ. തോമസ് പാട്ടത്തിൽചിറ CMF

# ദാഹം

പാറയിൽനിന്നുപോലും പച്ചവെള്ളം പുറപ്പെടുവിക്കാൻ കഴിവുള്ളവന്റെ തൊണ്ട വരണ്ടു. ഉറുമ്പുപോലും ദാഹമകറ്റുന്ന ഊഴിപ്പരപ്പിൽ ഒരു കവിൾ ദാഹജലത്തിനായി അവൻ മോഹിച്ചു. ഭൂമിയിലെ ഒരു ജലസ്രോതസ്സിനും കെടുത്താനാവാത്ത, ആത്മാക്കൾക്കുവേണ്ടിയുള്ള ഒരു അടങ്ങാത്ത ദാഹമായിരുന്നു അവന്റേത്. അതുകൊണ്ടാണ് തലമുറകളുടെ ദാഹമകറ്റിയ യാക്കോബിന്റെ കിണറ്റിൽനിന്നുപോലും അവൻ കുടിക്കാതിരുന്നത്. കുളക്കരയിലൂടെ നടന്നിട്ടും, അരുവികളെപ്പറ്റി വാചാലനായിട്ടും ഒരു കുമ്പിൾ കുടിനീരുപോലും എങ്ങുനിന്നും കോരിയെടുത്തില്ല. 'എനിക്കു കുടിക്കാൻ തരൂ' എന്നു നട്ടുച്ചയ്ക്ക് ഒരു നാരിയോട് ആവശ്യപ്പെട്ടതുപോലും ജീവജലം കോരിയെടുക്കാനാവാതെ നിസ്സഹായയായ അവളുടെ ആത്മാവിന്റെ ദുരവസ്ഥയെ നേടാനായിരുന്നു. അവിടേക്ക് അവൻ ജീവജലം ഒഴുക്കിയപ്പോഴാണ് അവളുടെ ദാഹം ശമിച്ചതും, കുടിനീരിനായി വന്നവൾ കുടംപോലും കൈയിലെടുക്കാതെ മടങ്ങിപ്പോയതും. കുരിശോളം കൂടെയുണ്ടായിരുന്നു അവന്റെ ആ ദാഹം. പാണികൾ അടുപ്പിക്കാൻ കഴിയാത്ത അവസ്ഥയിൽ പ്രാണൻ പിരിയുന്നതിനു മുമ്പുപോലും ചാരെ ചാകാൻ കിടന്ന ചോരന്റെ ആത്മാവിനെയും അവൻ തന്നോടു ചേർത്തുപിടിച്ചത് അതുകൊണ്ടാണ്.



നമ്മുടെ ജീവിതത്തിലെ ലൗകികമോഹങ്ങളാകുന്ന ദാഹങ്ങളെയും അവയെ കെടുത്താൻ നാം സമീപിക്കുന്ന കിണറുകളെയുമൊക്കെ വിചിന്തനവിഷയമാക്കാം. ഓർക്കണം, കേവലം നരരും നാല്ക്കാലികളും കുടിക്കുന്ന കിണറ്റിൽനിന്നു കുടിക്കേണ്ടവരല്ല ക്രൈസ്തവരായ നാം. പിന്നെയോ, ക്രിസ്തുവാകുന്ന ഉണങ്ങാത്ത ഉറവയിൽനിന്ന് ഊറിയിറങ്ങുന്ന നിത്യജീവന്റെ തെളിനീരു നുകരേണ്ടവരാണ്. ഭൂമിയിലുള്ള കുളങ്ങൾ നമ്മുടെ ദാഹങ്ങളെ തീവ്രമാക്കുകയേ ഉള്ളൂ. അതുകൊണ്ടാണ് നമുക്കു വീണ്ടും അവയുടെ കരയിൽ എത്തേണ്ടതായി വരുന്നത്. എന്നാൽ, മേലിൽ ദാഹിക്കാതിരിക്കാൻ പിളർക്കപ്പെട്ട നമ്മുടെ രക്ഷകന്റെ പാർശ്വത്തിൽനിന്നു പൊട്ടിയൊഴുകിയ അനശ്വരജീവന്റെ അമൃത് നാം അനുനിമിഷം മോന്തിക്കുടിക്കണം. ചില കുടങ്ങളും കുളങ്ങളുമൊക്കെ ഉപേക്ഷിക്കാനും ചില മാർഗങ്ങൾ മറക്കാനും നമുക്കു കഴിയണം. ജീവിതത്തിലെ പൊട്ടക്കിണറുകളെ മൂടിക്കളയാം. അവ കെണിക്കുഴികളാണ്. നമ്മുടെ നടവഴിയോരങ്ങളിൽ ഇനിമുതൽ ജീവന്റെ തണ്ണീർത്തടങ്ങൾ നിറഞ്ഞുകവിഞ്ഞുകിടക്കട്ടെ. ദാഹമല്ല, അന്തർദാഹമാണു നമുക്കുണ്ടായിരിക്കേണ്ടത്. ദാഹം ദേഹത്തിന്റേതും അന്തർദാഹം ആത്മാവിന്റേതുമത്രേ. നിത്യജീവന്റെ ജലപാനത്തിനു നാം ചില ശ്രമങ്ങൾ നടത്തേണ്ടതായുണ്ട്. ആത്മീയജീവിതത്തിനു പ്രഥമസ്ഥാനം കൊടുക്കാം. കൂദാശകളുടെ രൂപത്തിൽ സഭ സമ്മാനിക്കുന്ന കയറും പാളയുമൊക്കെ വേണ്ടത്ര മുന്നൊരുക്കത്തോടെ സ്വീകരിക്കാം. ക്രിസ്തുവാകുന്ന കിണറ്റിൽനിന്നു കുടിക്കാം. നിലനില്ക്കുന്ന ജീവനുവേണ്ടി മൃതിശയ്യയിൽവരെ ദാഹിക്കാം. ഒപ്പം, ആരുടെയും അന്തർദാഹങ്ങൾക്കു നാം തടസ്സമാകാതിരിക്കുക. നിത്യജീവന്റെ നിർമല തീർത്ഥം എല്ലാവരുടെയും ഹൃദയകുംഭങ്ങളിൽ നിറഞ്ഞുതുളുമ്പട്ടെ. ■

# കെ. സി. ബി. സി മാധ്യമ അവാർഡുകൾ



ദിലീഷ് പോത്തൻ



അബിൻ ജോസഫ്



അന്ന ബെൻ



ഡോ. എസ്. കെവിൻ



ജോയ് തോട്ടാൻ



ഡോ എം വി തോമസ്



എം വി വർഗീസ്

കൊച്ചി: കലാസാംസ്കാരിക മേഖലകളിലെ സംഭാവനകൾ വഴി പ്രതിഭയും മികവും തെളിയിച്ച വ്യക്തികളെ ആദരിക്കുന്നതിനു കെസിബിസി മീഡിയ കമ്മീഷൻ ഏർപ്പെടുത്തിയ പുരസ്കാരങ്ങളാണ് കെസിബിസി മീഡിയ അവാർഡുകൾ. 2022 ലെ അവാർഡ് ജേതാക്കളുടെ പേരുകൾ കെസിബിസി മീഡിയ കമ്മീഷൻ ചെയർമാൻ മാർ ജോസഫ് പാംപ്ലാനി പ്രഖ്യാപിച്ചു.

**മാധ്യമ അവാർഡ്:** ചലച്ചിത്ര അഭിനേതാവും സംവിധായകനുമായ ദിലീഷ് പോത്തൻ മാധ്യമ അവാർഡിന് അർഹനായി.

പത്രം, റേഡിയോ, ടിവി, ഇന്റർനെറ്റ്, സിനിമ, സാഹിത്യേതരകലകൾ തുടങ്ങിയ ദൃശ്യ-ശ്രാവ്യ മേഖലകളിൽ നടത്തിയ മൂല്യാധിഷ്ഠിത സംഭാവനകൾക്കു നല്കുന്ന ഈ അവാർഡ് പ്രശസ്തിപത്രവും ശില്പവും സമ്മാനത്തുകയും അടങ്ങുന്നതാണ്.

**സാഹിത്യ അവാർഡ്:** കഥാകൃത്ത് അബിൻ ജോസഫിനാണ് സാഹിത്യപുരസ്കാരം. നോവൽ, ചെറുകഥ, കവിത, നാടകം, ആത്മകഥ, ജീവചരിത്രം, യാത്രാവിവരണം, ബാലസാഹിത്യം എന്നീ ശാഖകളിൽപ്പെട്ട കൃതികളുടെ രചയിതാക്കളിൽനിന്നാണ് സാഹിത്യ അവാർഡിന് തിരഞ്ഞെടുക്കുന്നത്.

**യുവപ്രതിഭ അവാർഡ്:** ചലച്ചിത്രതാരം അന്ന ബെൻ യുവപ്രതിഭ പുരസ്കാരത്തിനു അർഹയായി.

സാഹിത്യം, സംഗീതം, സംവിധാനം, അഭിനയം, പത്രപ്രവർത്തനം, ചിത്ര-ശില്പകല, ഇലക്ട്രോണിക് മാധ്യമപ്രവർത്തനം, മാനേജ്മെന്റ് ലീഡർഷിപ് എന്നീ മേഖലകളിലെ മികച്ച പ്രതിഭയെ ഓരോ വർഷവും കണ്ടെത്തുന്നതാണ് യുവപ്രതിഭ പുരസ്കാരം.

**ദാർശനിക - വൈജ്ഞാനിക അവാർഡ്:** കേരള സർവകലാശാല മുൻ പ്രൊ. വി സി ഡോ എസ്. കെവിൻ ദർശനിക വൈജ്ഞാനികപുരസ്കാരം നേടി.

മാനവികത ഉയർത്തിപ്പിടിക്കുന്ന ദൈവശാസ്ത്രം, തത്ത്വശാസ്ത്രം, വ്യാകരണം, നിരൂപണം എന്നീ ശാഖകളിലെ രചനകൾക്കും സംഭാവനയ്ക്കുമാണ് ഈ പുരസ്കാരം നല്കുന്നത്.

**ഗുരുപൂജ പുരസ്കാരം:**

ഡോ എം വി തോമസ്, എം വി വർഗീസ്, ജോയ് തോട്ടാൻ എന്നിവർക്ക് ഗുരുപൂജ പുരസ്കാരം നൽകി ആദരിക്കുന്നു.

ആദർശസുരഭിയായ മാതൃകാജീവിതംകൊണ്ട്, പിന്നിട്ട പാതകൾ ധന്യമാക്കിത്തീർത്തവരും പ്രവർത്തനമേഖലകളിൽ തനതായ വ്യക്തിത്വം അടയാളപ്പെടുത്തിയവരുമായ ഗുരുസ്ഥാനീയരെ ആദരിക്കുന്നതിനാണ് ഗുരുപൂജാ പുരസ്ക്കാരം.

അവാർഡ്ദാനത്തീയതി പിന്നീട് പ്രഖ്യാപിക്കും.



യൗസേപ്പിതാവിന്റെ ജീവചരിത്രത്തെ ആസ്പദമാക്കി നാടകരചന നിർവഹിച്ച നോവലിസ്റ്റ് അന്തീനാട് ജോസിനെ പാലാ രൂപത സഹായമെത്രാൻ മാർ ജേക്കബ് മുരിക്കൻ പൊന്നാടയണിയിക്കുന്നു. എഴുത്തുകാരി സിജിത അനിൽ സമീപം




11-ാം പേജ് തുടർച്ച

"നിന്റെ തീരുമാനം വിശ്വാസത്താൽ അടിയുറച്ചതാണെങ്കിൽ ദൈവത്തിന്റെ കരുണ നിന്റെ മേൽ ഉണ്ടാകും." ദേവസഹായം പറഞ്ഞു.

ദേവസഹായത്തിന്റെ അദ്ഭുതത്തിന് അതിരുകളില്ലാതാവുകയായിരുന്നു. ആരാണു മാണിക്യനോടു വേദം പ്രസംഗിച്ചത്? ആരാണ് മാണിക്യനോടു ക്രിസ്തുവിനെ പ്രഘോഷിച്ചത്? ഒന്നും നിശ്ചയമില്ല. പക്ഷേ, ഒന്നു നിശ്ചയം. യേശുദേവന്റെ ആണിപ്പഴുതുകളുള്ള കരങ്ങൾ മാണിക്യന്റെ ശിരസ്സിന് മുകളിൽ വരിഞ്ഞു നില്ക്കുന്നു. എല്ലാം കാലത്തിന്റെ നിശ്ചയങ്ങൾ. ദൈവത്തിന്റെ അദ്ഭുതപ്രവർത്തികൾക്ക് അന്തമില്ല.

തുടർന്നുള്ള നാലഞ്ചുദിനങ്ങൾ. ആ ദിവസങ്ങളിലൊന്നും മാണിക്കന്റെ ആലയിലെ ഉലകത്തിയില്ല. ആലയിലെ അടകല്ലിൽ ഇരുമ്പിൽ ചുറ്റിക വീഴുന്ന ശബ്ദമുണർന്നില്ല. ആയുധങ്ങൾ പണിയാനേല്പിച്ചിരുന്ന നട്ടാലത്തെ കർഷകൻ അടഞ്ഞു കിടക്കുന്ന മാണിക്യന്റെ ആലയ്ക്കു മുമ്പിൽ നിസ്സഹായരായി നിന്നു. പിന്നെ മാണിക്യന്റെ കൂരയിലന്വേഷിച്ചപ്പോൾ അവന്റെ അമ്മയും പെങ്ങന്മാരും പറഞ്ഞു:

"മാണിക്യൻ പത്മനാഭപുരത്തിനു പോയേക്കണൂ. നീലകണ്ഠൻ തമ്പ്രാനെ കാണാനായിട്ട്..."

നേരും നെറിയുംകെട്ട് പ്രവർത്തിക്കുന്നവനല്ല മാണിക്കൻ. പറഞ്ഞ സമയത്തുതന്നെ പണിയായുധങ്ങൾ പണിതീർത്ത് കൊടുക്കുന്നവനാണ്. അക്കാര്യത്തിൽ അച്ഛൻ മാതേവനേക്കാൾ കണിശക്കാരൻ.

മരുതുകുളങ്ങരയിലെ നീലകണ്ഠനെ കാണാനാണ് മാണിക്കൻ പത്മനാഭപുരത്തിന് പോയിരിക്കുന്നത്. അതൊരു വെറും യാത്രയായിരിക്കില്ല. തക്കതായ കാരണമുണ്ടാകും. ആയുധങ്ങൾ പണിതീർത്ത് കിട്ടാത്തതിൽ ആർക്കും അധികരിച്ച വിഷമമുണ്ടായില്ല. പോയ കാര്യം നിവർത്തിച്ചാൽ മാണിക്യൻ കാലവിളംബം കൂടാതെ മടങ്ങിയെത്തും.

മാണിക്യൻ നാലഞ്ചുദിനങ്ങൾ ദേവസഹായത്തിനൊപ്പം താമസിച്ചു. ഒഴിവുവേളകളിൽ യേശുവിനെക്കുറിച്ച് മാണിക്യനോടു പറഞ്ഞു. അവന്റെ മഹത്വത്തെക്കുറിച്ചും...

അതിശക്തമായ ഭരണാധിപന്മാരും സാമ്രാജ്യധിപന്മാരും ഒരു സ്വപ്നംപോലെ കാലത്തിന്ന് പിന്നിലേക്കു മറഞ്ഞുപോയി. എന്നാൽ ഇരുപത് നൂറ്റാണ്ടുകൾക്കപ്പുറം സ്വർഗാരോഹിതനായവന്റെ മഹത്വത്തെ തകിടം മറിക്കുവാൻ ആർക്കും കഴിഞ്ഞില്ല. അവൻ എന്നേക്കും വാഴുന്നു. അത് ലോകത്തിന്റെയും കാലത്തിന്റെയും മഹാനീതിയാണ്.

ദേവസഹായം പറഞ്ഞ കൊടുത്തതൊക്കെയും മാണിക്യൻ ഹൃദയത്തിലേക്കാവഹിച്ചെടുത്തു. പ്രാർത്ഥനകളും ജപങ്ങളും തെറ്റാതെ ഹൃദിസ്ഥമാക്കി. ജ്ഞാനസ്നാനത്തിന് മാണിക്യൻ പൂർണമായും ഒരുക്കമുള്ളവനായി.

ദേവസഹായത്തിന്റെ നാട്ടിലെ കൊല്ലപ്പണിക്കാരൻ ജ്ഞാനസ്നാനം സ്വീകരിക്കാൻവേണ്ടി പത്മനാഭപുരത്തെത്തിയിരിക്കുന്നു എന്ന അറിവ് ക്യാപ്റ്റൻ ഡിലനായിയെ ആഹ്ളാദചിത്തനാക്കി. അദ്ദേഹം ദേവസഹായത്തിന്റെ താമസസ്ഥലത്തുവന്ന് മാണിക്യനെ കണ്ടു. എല്ലാവിധ സഹായങ്ങളും വാഗ്ദാനം ചെയ്തു.

പിറ്റേന്ന് രാവിലെ ദേവസഹായത്തിന്റെ കുതിര ദേവസഹായത്തിനൊപ്പം മാണിക്യനെയും വഹിച്ചുകൊണ്ട് വടക്കുംകുളത്തേക്ക് തിരിച്ചു. കാര്യമറിഞ്ഞ പരംജ്യോതിനാഥ സ്വാമികൾക്കും സന്തോഷമായി.

മാണിക്യൻ ജ്ഞാനസ്നാനം സ്വീകരിച്ച് ശെൽവരാജ് എന്ന നാമധാരിയായി. ദേവസഹായം പിള്ളയായിരുന്നു തലതൊട്ടപ്പൻ.

അന്നുതന്നെ ശെൽവരാജ് നട്ടാലത്തേക്കു തിരിച്ചു. ഡിലനായിയും ദേവസഹായവും കൂടി ചില പാരിതോഷികങ്ങളും അത്യാവശ്യം പണവുംകൊടുത്താണ് ശെൽവരാജിനെ മടക്കിയയച്ചത്.

ശേഷം ഒരു മാസത്തിനകം ശെൽവന്റെ വൃദ്ധമാതാവും രണ്ട് സഹോദരിമാരും ക്രിസ്തു മതാനുയായികളായി മാറി.

*(തുടരും)*

**ശ്രേഷ്ഠമലയാളം**

**ഡോ. ഡേവിസ് സേവ്യർ**

# തന്റേടത്തോടെ



വേഷത്തിലെന്നപോലെ ഭാഷയിലും പൊരുത്തവും പൊരുത്തക്കേടും ഉണ്ട്. രണ്ടുഭാഷയിലെ പദങ്ങൾ സമാസിച്ചാൽ എപ്പോഴും സുന്ദരമാകണമെന്നില്ല. സങ്കരപദങ്ങളെ ഭാഷയിൽനിന്നു പൂർണമായി ഒഴിവാക്കാനാവില്ലല്ലോ! എന്നാൽ, അവയെ വിവേകപൂർവം ഉപയോഗിക്കേണ്ടതുണ്ട്. കള്ളുഷാപ്പ്, ബ്രാണ്ടിക്കട എന്നിവ സങ്കരപദങ്ങളാണെങ്കിലും കണ്ടും കേട്ടും പഴകി സ്വീകരിക്കപ്പെട്ടവയാണ്. സങ്കരനിർമിതികൾ ചിലയിടങ്ങളിൽ അഭംഗിക്കും അനൗചിത്യത്തിനും കാരണമാകാം.

സ്നേഹപൂർവം, വിവേകപൂർവം എന്നീ സമസ്തപദങ്ങൾ സംസ്കൃതമാകയാൽ ചേർച്ചയിൽ പൊരുത്തക്കേടില്ല. ഇതു മനസ്സിൽ വച്ചുകൊണ്ട് തന്റേടപൂർവം എന്നു പ്രയോഗിക്കുമ്പോൾ ചേർച്ചക്കുറവും അഭംഗിയും ഉണ്ടാകുന്നു. തന്റേടം തനിമലയാളപദമാണ്. അതിനോട് പൂർവ്വം എന്ന സംസ്കൃതപദപ്രത്യയം(suffix) ചേർത്തതാണ് അഭംഗിക്കു നിദാനം. തന്റേടത്തോടെ എന്നായാൽ നല്ല മലയാളമായി. താൻപോരിമയോ സാമർത്ഥ്യമോ കഴിവോ ഒക്കെയാണല്ലോ തന്റേടം. തന്റേടമുള്ള ആളിനെ സ്ത്രീപുരുഷഭേദമെന്യേ തന്റേടി എന്നു പറയാം. "തന്റേടം എന്ന തനി മലയാളപദത്തോടൊപ്പം പൂർവം വേണോ? തന്റേടത്തോടെ എന്നാകുമല്ലോ"* എന്നുതന്നെയാണ് സി. വി. വാസുദേവഭട്ടതിരിയും വ്യക്തമാക്കിയിട്ടുള്ളത്.

സസ്നേഹം, സധൈര്യം, സവിനയം മുതലായവ സ എന്ന പൂർവപ്രത്യയം (prefix) ചേർന്ന രൂപങ്ങളാണ്. ഇതു കണ്ടിട്ട് 'സതന്റേടം' എന്നെഴുതിയാൽ എങ്ങനെയായിരിക്കും? ഇനി ചിലർ ഇങ്ങനെയും വച്ചുകാച്ചില്ലെന്ന് ആരു കണ്ടു? പുരപ്രത്യയവും പരപ്രത്യയവും ഒരുമിച്ചു ചേർക്കുന്നതും ചിലർക്ക് ഹരമാണ്. 'സസ്നേഹപൂർവം' (സ - സ്നേഹ - പൂർവം) എന്നെഴുതിയില്ലെങ്കിൽ സ്നേഹം കുറഞ്ഞുപോകുമെന്ന് അവർ കരുതുന്നുണ്ടാവാം! ഒന്നുകിൽ സ്നേഹപൂർവം, അല്ലെങ്കിൽ സസ്നേഹം - അതാണു ശരി. 'സസ്നേഹപൂർവം' പ്രയോഗിച്ചുതുടങ്ങിയിട്ടുണ്ടെങ്കിലും ശരിയുടെ ഗണത്തിൽ ഉൾപ്പെട്ടിട്ടില്ലല്ലോ എന്നോർത്ത് സമാധാനിക്കുന്നു.

* വാസുദേവഭട്ടതിരി, സി.വി., നല്ല മലയാളം, ഇംപ്രിന്റ്, കൊല്ലം. 1992, പുറം - 172.

# മെരുക്കിയൊതുക്കണം പാപവൃക്ഷങ്ങൾ



**ഫാ. ജോസഫ് നെച്ചിക്കാട്ട്**

**സാ**ധാരണക്കാർക്കുവരെ സുപരിചിതമായൊരു പദമാണ് ബോൺസായ്. വലിയ മരങ്ങളെ ചട്ടികളിലാക്കി ചിട്ടയോടെ വളർത്തിയെടുക്കുന്ന വിദ്യയാണത്.

ആയിരത്തോളം വർഷങ്ങൾക്കുമുമ്പ് തങ്ങളാണ് ഈ സൂത്രം കണ്ടുപിടിച്ചതെന്നു ചൈനക്കാർ അവകാശപ്പെടുന്നുണ്ടെങ്കിലും ഇന്നു കാണുന്ന രീതിയിൽ ഈ കല വികസിപ്പിച്ചെടുത്തതു ജപ്പാൻകാരാണ്. ബോൺ (Bon = ആഴമില്ലാത്ത പാത്രം), സയ് (Sai = സസ്യം) എന്നീ ജാപ്പനീസ് പദങ്ങളിൽനിന്നാണ് ഈ വാക്കിന്റെ ഉദ്ഭവം. കഴിഞ്ഞ 150 വർഷങ്ങളായി അവരതു പഠിച്ചു പരീക്ഷിച്ചുകൊണ്ടിരിക്കുന്നു. പാശ്ചാത്യരാജ്യങ്ങളിലേക്കും വ്യാപിച്ചു കഴിഞ്ഞ ഈ കല കേരളക്കരയിലും എത്തിച്ചേർന്നിട്ടുണ്ട്.

തെങ്ങ്, പന, അത്തി, പൈൻ, ആൽമരങ്ങൾ തുടങ്ങിയവയെ പ്രത്യേകപരിചരണം കൊടുത്തു പൂച്ചട്ടിയിലാക്കാം. ആ തെങ്ങും പനയും ഇനിയൊരിക്കലും കുലയ്ക്കുകയില്ല, കായ്ക്കുകയുമില്ല. എങ്കിലും, ആകാശം മുട്ടെ വളരേണ്ട അവ അങ്ങനെ, മനുഷ്യന്റെ മനസ്സിനിണങ്ങിയവിധം കുള്ളൻമരങ്ങളായി നില്ക്കുന്നതു കാണാൻ കൗതുകമുണ്ട്.

കാലിഫോർണിയായിലെ തന്റെ നേഴ്സറി ഗാർഡനിൻ 800 ൽപ്പരം പഴവർഗങ്ങളിൽ പരീക്ഷണം നടത്തിയ വ്യക്തിയാണ് ബേർ ബാങ്ക് (Luther Burbank 1849 - 1926). ഏതു ചെടിയെയും ഭാവഭേദം വരുത്തിയെടുക്കാമെന്നാണ് അദ്ദേഹം അവകാശപ്പെടുന്നത്. കള്ളിമുൾച്ചെടികളുടെ മുള്ളുകൾ പ്രസിദ്ധങ്ങളാണല്ലോ. നാമാരും അവയുടെ അടുത്തു പോകാറില്ല, അപകടകാരികളാണവ. അവയെപ്പോലും മുള്ളുകളില്ലാത്ത വെറും കള്ളിച്ചെടിയാക്കുന്നതിൽ അദ്ദേഹം വിജയിച്ചിട്ടുണ്ട്.

കരിവീരന്മാരെയും യക്ഷികളെയുമൊക്കെ വരുതിയിലാക്കുന്നതുപോലൊരു ജാലവിദ്യയാണിത്:

കാടടക്കി വാഴുന്ന ഗജഗംഭീരന്മാരെ മെരുക്കിയൊതുക്കി നാട്ടിലെത്തിച്ച് അവയുടെ പുറത്തു കയറി നടക്കാൻ ഒരു രസമുണ്ട്. ഇന്നത്തെക്കാലത്തു വെറും തടിപിടിത്തത്തിനുവേണ്ടി അധികമാരും ആനകളെ വളർത്താറില്ല. ലോറിയും ക്രെയിനുമൊക്കെ യഥേഷ്ടമുള്ളപ്പോൾ തടിപിടിത്തം വലിയ വിഷയമാകാറുമില്ല. പിന്നെ എന്തിനാണ് ആനകളെ ഇണക്കി വളർത്തുന്നത്? അതൊരു കമ്പമാണ് - ആനക്കമ്പം. അതുപോലൊരു കമ്പമാണ് ബോൺസായ് കമ്പവും.

അമ്മൂമ്മക്കഥകളിൽ നിറഞ്ഞുനില്ക്കുന്ന ഒരു പേടിസ്വപ്നമാണ് യക്ഷികൾ. ഒരു യക്ഷിക്ക് എന്തുമാത്രം ശക്തിയുണ്ട്? അതു നമ്മുടെ ഭാവനപോലിരിക്കും! ഈ യക്ഷികളെ മന്ത്രവാദികൾ മെരുക്കിയൊതുക്കിയെടുക്കുമത്രേ. തിരുവനന്തപുരത്തു നിന്നു പത്മനാഭപുരത്തേക്കുള്ള കാട്ടുവഴിയിൽ പണ്ടു സകല യാത്രക്കാരെയും ഉപദ്രവിച്ചിരുന്ന അതിഭയങ്കരിയായ ഒരു യക്ഷിയെ കടമറ്റത്തു കത്തനാർ മന്ത്രം ജപിച്ചു മനുഷ്യരൂപത്തിലാക്കി തലയിൽ ആണി അടിച്ച് അമ്മയ്ക്കു പണിക്കാരിയായി കൊടുത്തുവെന്നാണ് ഐതിഹ്യം.

ഇതുപോലെ നമ്മിലും ചില യക്ഷികൾ കുടികൊള്ളുന്നുണ്ട് - കൂറ്റൻമരങ്ങളെപ്പോലുള്ള ചില ദുശ്ശീലങ്ങൾ. അവയെയെല്ലാം ബോൺസായ് ചെയ്തു നമ്മുടെ ചൊല്പടിയിലാക്കാം! അതു സാധിച്ചവരാണ് ആചാര്യന്മാരും മഹർഷിമാരും. നാം ചിലരെപ്പറ്റി 'ജിതേന്ദ്രിയർ' എന്നു പറയാറില്ലേ? ആരാണവർ? തങ്ങളെത്തന്നെ ജയിച്ചവർ - തങ്ങളുടെ ഇന്ദ്രിയങ്ങളെയും അവയുടെ ദുർവാസനകളെയും കീഴടക്കി നിയന്ത്രിക്കാൻ പഠിച്ചവർ. കാടു തകർത്തു സർവതിനെയും വിറപ്പിച്ചു നീങ്ങിയിരുന്ന കാട്ടാന പോലും നമ്മുടെ വരുതിയിൽ, കാൽക്കീഴിൽ വിധേയമായി നില്ക്കുന്നില്ലേ?



മനുഷ്യന്റെ ആജ്ഞാനുവർത്തിയായി മുൾച്ചെടികൾ പോലും മുള്ളുകൾ കൊഴിച്ചിടുന്നു! കള്ളിമുൾച്ചെടിയെ അതാക്കിമാറ്റുന്നത് അതിന്റെ കൂർത്തുമൂർത്ത മുള്ളുകളാണ്. ആ മുള്ളുകളെപ്പോലും മാറ്റിയെടുക്കാമെങ്കിൽ മനുഷ്യന്റെ കാര്യം പറയാനില്ല - പൊഴിച്ചിടാവുന്ന മുള്ളുകളേ നമ്മിലുള്ളൂ. അതുമായി എനിക്കു പൊരുത്തപ്പെടാനാവില്ല ഞാനിങ്ങനെയാ എന്നൊക്കെ പറയുന്നത് വെറുതെയാണ്. 'മാറ്റം സ്വീകരിക്കാൻ എനിക്കു മനസ്സില്ല' എന്നേ അതിനർത്ഥമുള്ളൂ.

പുരാതന റോമിലെ അതുല്യ പ്രതിഭകളിലൊരാളാണ് സിസറോ (Marcus Tullius Cicero - 106-43 B.C.) അത്യുന്നതനായ റോമൻ സെനറ്റർ! ചരിത്രം കണ്ടിട്ടുള്ളതിലേക്കും വലിയ പ്രസംഗകൻകൂടിയാണദ്ദേഹം. അനേകം ഭരണസമ്പ്രദായങ്ങളെയും ഭരണാധികാരികളെയും വിലയിരുത്തിക്കൊണ്ട് അദ്ദേഹം പറയുകയാണ്: 'Imperare se est maximum imperium' - തന്നെത്തന്നെ വിജയിക്കുന്നതാണ് (ഭരിക്കുന്നതാണ്) ഏറ്റവും വലിയ വിജയം (ഭരണം). നാം എവിടെയൊക്കെപ്പോയി എന്തെല്ലാം പരാക്രമങ്ങൾ നടത്തിയാലും നമ്മെത്തന്നെ നിയന്ത്രിക്കാൻ കഴിയുന്നില്ലെങ്കിൽ ഒന്നുമായില്ല എന്നു ചുരുക്കം.

നമ്മെത്തന്നെ മെരുക്കിയെടുക്കാൻ നമുക്കു കഴിയുമെന്നത് നിസ്തർക്കമാണ്. കൊളംബിയ യൂണിവേഴ്സിറ്റിയിൽ മനഃശാസ്ത്രമണ്ഡലത്തിൽ പ്രശസ്തിയാർജിച്ച മനഃശാസ്ത്രജ്ഞന്മാരായിരുന്നു ഹാർട്ട് ഷോണും മേയും (Heart Shorne and May). അവരുടെ മികവുറ്റ ഒരു കൃതിയാണ് 'A Summary of the work of the Character Education' - Religious Education(1930). അതിൽ മനുഷ്യരുടെ സ്വഭാവം എങ്ങനെ മെരുക്കി മയപ്പെടുത്തിയെടുക്കാമെന്ന് അവർ സവിസ്തരം പ്രതിപാദിക്കുന്നുണ്ട്.

അപകടകാരികളായ നദികളെ തടഞ്ഞുനിറുത്തി പ്രയോജനപ്രദങ്ങളായ ജലസേചനപദ്ധതികൾക്കു രൂപം കൊടുക്കുന്നതുപോലെ നമ്മിലുള്ള ദുഷ്പ്രവണതകളെയും മഹത്ത്വീകരിച്ചുകൊണ്ടുവരുവാൻ കഴിയും. നമ്മിൽ കെട്ടിക്കിടക്കുന്ന ഊർജം സൃഷ്ടിപരമായ മണ്ഡലങ്ങളിലേക്കു തിരിച്ചുവിടുമ്പോഴാണ് നാം നല്ല മനുഷ്യരാവുക.

ഏതു പ്രകൃതവും ശീലവും മാറ്റങ്ങൾക്കു വിധേയമാണ്. ദുഷ്പ്രവണതകളെ മാറ്റിയെടുക്കുന്നിടത്താണല്ലോ സ്വഭാവസംസ്കരണം സാധിക്കുക - അതാണു വിദ്യാഭ്യാസംകൊണ്ട് അർത്ഥമാക്കുന്നതും.

ഊർജസ്വലതയുടെ ആൾരൂപങ്ങളായ ഇളംതലമുറയുടെ ദുർവാസനകളും നശീകരണപ്രവണതകളും ഭീകരപ്രസ്ഥാനങ്ങളിലേക്കും പാർട്ടി പ്രവർത്തനങ്ങളിലേക്കും ഒഴുക്കിവിടുന്നവർ ഈ നാല്ക്കവലയിൽനിന്ന് ഒരു നിമിഷം ചിന്തിച്ചിരുന്നെങ്കിൽ!

■

## മൂല്യാധിഷ്ഠിതവിദ്യാഭ്യാസത്തിന് ഊന്നൽ നൽകണം: മാർ ജോസഫ് കല്ലറങ്ങാട്ട്



*പാലാ സെന്റ് തോമസ് ഹയർ സെക്കൻഡറി സ്കൂളിന്റെ പുതിയ മന്ദിരം രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് ഉദ്ഘാടനം ചെയ്യുന്നു. മാണി സി. കാപ്പൻ എം.എൽ.എ., തോമസ് ചാഴികാടൻ എം.പി, മോൺ. ജോസഫ് മലേപ്പറമ്പിൽ, കോർപറേറ്റ് സെക്രട്ടറി ഫാ. ബെർക്കുമാൻസ് കുന്നുംപുറം, മാനേജർ ഫാ. സെബാസ്റ്റ്യൻ വെട്ടുകല്ലേൽ, മുനിസിപ്പൽ ചെയർമാൻ ആന്റോ ജോസ് പടിഞ്ഞാറേക്കര തുടങ്ങിയവർ സമീപം.*

**പാലാ സെന്റ് തോമസ് ഹയർസെക്കൻഡറി സ്കൂൾ ശതോത്തര രജതജൂബിലി സ്മാരകമന്ദിരം ഉദ്ഘാടനം ചെയ്തു**

പാലാ: മൂല്യാധിഷ്ഠിതവിദ്യാഭ്യാസത്തിൽ ഉറച്ചുനിൽക്കാൻ സ്കൂളുകൾക്ക് കഴിയണമെന്നും ഒരിക്കലും നശിക്കാത്ത മൂല്യങ്ങൾ പകർന്നു നൽകണമെന്നും പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട്. പാലാ സെന്റ് തോമസ് ഹയർ സെക്കൻഡറി സ്കൂൾ ശതോത്തര രജതജൂബിലി സ്മാരകമന്ദിരത്തിന്റെ വെഞ്ചരിപ്പും ഉദ്ഘാടനവും നിർവഹിച്ചു പ്രസംഗിക്കുകയായിരുന്നു മാർ ജോസഫ് കല്ലറങ്ങാട്ട്. മാർ ജോസഫ് പള്ളിക്കാപറമ്പിൽ സഹകാർമികനായിരുന്നു.

പൊതുസമ്മേളനത്തിൽ വികാരി ജനറാൾ മോൺ. ജോസഫ് മലേപ്പറമ്പിൽ അധ്യക്ഷത വഹിച്ചു. സ്കൂൾ മാനേജർ ഫാ. സെബാസ്റ്റ്യൻ വെട്ടുകല്ലേൽ, രൂപത കോർപറേറ്റ് സെക്രട്ടറി ഫാ. ബെർക്കുമാൻസ് കുന്നുംപുറം, തോമസ് ചാഴികാടൻ എം.പി., മാണി സി. കാപ്പൻ എം.എൽ.എ, പാലാ നഗരസഭാധ്യക്ഷൻ ആന്റോ ജോസ് പടിഞ്ഞാറേക്കര, വക്കച്ചൻ മറ്റത്തിൽ, കോട്ടയം ഡിഡി കെ. സന്തോഷ് കുമാർ, പിടിഎ പ്രസിഡന്റ് ഡോ. ടി.സി. തങ്കച്ചൻ, പ്രിൻസിപ്പൽ മാത്യു എം. കുര്യാക്കോസ്, ഹെഡ്മാസ്റ്റർ ജോർജുകുട്ടി ജേക്കബ് എന്നിവർ പ്രസംഗിച്ചു.

## ഇടിവെട്ടേറ്റ ചില്ലകൾ

**കഥ**
**ഉല്ലല ബാബു**

**ക**ട്ടൻകാപ്പി ഊതിയൂതി കുടിക്കുന്നതിനിടയിൽ അയാളുടെ മുഖത്തുവിരിഞ്ഞ സന്തോഷം കണ്ട് അവൾ ചോദിച്ചു:

"എന്താ ഇത്ര സന്തോഷം? നാളെ വീട്ടിൽ പോയി അച്ഛനെയും അമ്മയെയും കാണാമെന്നോർത്താണോ, എങ്കിൽ ആ ആഗ്രഹം പൂവണിയാൻ പോകുന്നില്ല. എനിക്കു കടൽക്കരയിൽ പോകണം. എന്നെ വീടിന്റെ നാലു ചുവരുകൾക്കുള്ളിൽ തളച്ചിടാനാണോ ഭാവം?"

അവൾ മുഖം വീർപ്പിച്ചിരുന്നു. അവളുടെ മുഖത്ത് ഉരുണ്ടുകൂടിയ സങ്കടത്തിന്റെ കാർമേഘപടലങ്ങൾ അയാളെ അസ്വസ്ഥനാക്കി.

അവളുടെ ശബ്ദം ഇടിമുഴക്കംപോലെ ഉയർന്നു:

"അച്ഛനും അമ്മയ്ക്കും വയ്യെങ്കിൽ ഏതെങ്കിലും അനാഥാലയത്തിൽ കൊണ്ടുപോയി ആക്ക്. മാസംതോറും അവരുടെ ഫീസ് കൊടുത്താൽ മതിയല്ലോ. ഇടയ്ക്കിടയ്ക്ക് അവരെ ഇവിടെ ക്കൊണ്ടുവന്നു നിർത്താൻ പദ്ധതിയുണ്ടെങ്കിൽ അതങ്ങു മാറ്റിവച്ചേക്ക്. അല്ലെങ്കിൽത്തന്നെ നിങ്ങൾക്ക് അച്ഛനെയും അമ്മയെയും മതിയല്ലോ. അവരോടാണ് കൂടുതൽ സ്നേഹം. പിന്നെ എന്നെ കെട്ടിയത് എന്തിനാണ്?"

മൗനം അവർക്കിടയിൽ മതിലുകൾ തീർത്തു.

ഒടുവിൽ നേർത്തസ്വരത്തിൽ അയാൾ പറഞ്ഞു:

"എന്റെ ശാലൂ, നീ എന്നെ മനസ്സിലാക്കൂ. എനിക്ക് ഒരു ജീവിതം തന്നത് അവരാണ്. എനിക്കുവേണ്ടി മാത്രം ജീവിച്ചവർ. അവർ അല്പം സന്മനസ്സു കാണിച്ചില്ലായിരുന്നെങ്കിൽ ഞാനീ നിലയിൽ എത്തില്ലായിരുന്നു. അവർ വിരിച്ച നനുനനുത്ത ശീതളിമയ്ക്കു താഴെയാണ് നീ ഇരിക്കുന്നതെന്ന് ഓർക്കണം. എനിക്ക് അവരെ അനാഥാലയത്തിലാക്കാൻ ആവില്ല. അവർ എന്നെ കണ്ടെത്തിയത് അവിടെനിന്നാണ്."

അയാളുടെ വാക്കുകൾ കേട്ടപ്പോൾ അവളുടെ മുഖം ഇടിവെട്ടേറ്റ ചില്ലകൾപോലെയായി.

■

Deepanalam Weekly

RNI No : 16998/68
Vol. 55 No. 20 Date of Publication 14 July 2022
Annual Subscription Rate ₹ 300 (For Abroad ₹ 3000)

Registered No. KL/KTM/12/2021-2023
License No.KL/CR/KTM/WPP-11/2021-2023
Licensed to post without pre-payment

# ലിസി കോളേജ് ഓഫ് ഫാർമസി

വെണ്ണല, എറണാകുളം

Estd. 1977

(A unit of Lisie Medical and Educational Institutions trust owned and managed by Archdiocese of Ernakulam-Angamaly)

**Approved by AICTE, PCI, KUHS & DME**

Ph: 0484-2808797, +91 9846168636, Website : www.lcop.edu.in, Email: contact@lcop.edu.in



**Courses : B. Pharm, 4 years (60 seats)**
**D. Pharm, 2 years (60 seats)**

**പ്രവേശനം മെറിറ്റ് അടിസ്ഥാനത്തിൽ**

**50% സീറ്റുകൾ ക്രിസ്ത്യൻ വിഭാഗങ്ങൾക്കായി സംവരണം ചെയ്തിരിക്കുന്നു.**

- Full fledged new campus with state of art facilities.
- A mix of well experienced and youthful faculty.
- Provide hands on training in Lisie Hospital Pharmacy and Lisie Pharmaceutical Manufacturing unit.
- Provide assistance in placement.
- Provide GPAT training.
- Moral and spiritual guidance.

**For detailed information scan**

Our Sister Institutions

**Lisie College of Allied Health Sciences**
**BCVT, BSc (MLT), DDT, DMLT**
Ph: 0484 275 5049, +91 9495112500, Website: www.lcoahs.edu.in

**Lisie College and School of Nursing**
**B.Sc. Nursing, General Nursing**
Ph: 0484 275 5413, +91 9895756158, Website: www.lcon.edu.in

Our Parent concern
LISIE HOSPITAL ERNAKULAM

Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 • Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
• Ph: 04822-212842 • 7306874714 • Fax: 04822-212842 • Email: editordeepanalam@gmail.com • deepanalam@rediffmail.com • website: www.deepanalam.org